
www.malankaralibrary.com


# അല്മായ പ്രേഷിതർ













ലീജിയൻ ഓഫ് മേരിയുടെ സ്ഥാപകനായ മി. ഫ്രാങ്ക്ഡഫ്. ഇന്നു ജീവിച്ചിരിക്കുന്ന അല്മായപ്രേഷിതപ്രമുഖരിൽ ഒരാളാണിദ്ദേഹം. സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം, ഡബ്ളിൻ കൗൺസിലിൻെറ പ്രസിഡൻറു് ആയിരിക്കുമ്പോഴാണ് മി. ഡഫ് ലീജിയൻ ഓഫ് മേരി എന്ന സംഘടന ആരംഭിച്ചതു്.

അടുത്ത ലക്കത്തിൽ

* സഭയിൽ അല്മായക്കുള്ള സ്ഥാനം (ജി. തളിയൻ)
* ഒസ്സാനാം—ബുദ്ധിജീവികൾക്കു മാതൃക (തങ്കപ്പൻ മണി
* അല്മായ സെമിനാരി ആവശ്യം (പ്രൊ. പീററർ)
* ലീജിയനും മരിയഭക്തിയും (ഫാ. മാളിയേക്കൽ)
* നല്ല ക്രിസ്ത്യാനി (ഡോ. മററം)
* ചെറുകഥ

Vol. I ഫെബ്രുവരി 1966 No. 2

www.malankaralibrary.com

## ഏജൻസിവ്യവസ്ഥ

| | |
|---|---|
| വരിസംഖ്യ ആണ്ടിൽ | 3 രൂപാ |
| ഇൻഡ്യക്കു പുറമേ | 5 രൂപാ |

അഞ്ചു വരിക്കാരെ ചേർത്തു് വരിസംഖ്യ അയച്ചുതരുന്നവർക്കു് ഒരു കോപ്പി സൗജന്യം.

| | | |
|---|---|---|
| 5—20 കോപ്പികൾക്കു് | 20% | കമ്മീഷൻ |
| 20—50 കോപ്പികൾക്കു് | 25% | കമ്മീഷൻ |
| 50 മുതൽ മേലോട്ടു് | 30% | കമ്മീഷൻ |

## പരസ്യനിരക്കു്

| | |
|---|---|
| കവർ പുറംപേജു് | 150 രൂപാ |
| കവർ ഉൾപേജു് | 100 രൂ. |
| ഉൾപേജു് | 60 രൂ. |
| ഉപകാരസ്മരണ ബ്ലോക്കു് | 10 രൂ. |
| ഏററം കുറഞ്ഞതു് | 5 രൂ. |

മാനേജർ,
അല്മായപ്രേഷിതർ, എറണാകുളം—2.

# Almaya Preshithar

(Lay Apostles)

*(A monthly in Malayalam for lay-men in general and an organ for St. Vincent de Paul Society and Legion of Mary.*

*This magazine aims at:*

- *making known to the laity their inevitable role in the Church to-day,*
- *promoting the apostolic activities of St. Vincent de Paul Society and Legion of Mary,*
- *bringing about the "Aggiornamento" visualised by Pope John, through clergy-laity team work.*

Subscription outside India Rs. 5/- or $. 1

Published by:
Vincentian Bureau,
Ernakulam-2, S. India.

☛ വരിക്കാരും ഏജൻറന്മാരും വരിസംഖ്യ, അയയ്ക്കുമ്പോഴും മേൽവിലാസം മാറുന്നതു അറിയിക്കുമ്പോഴും മററും അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിക്കണമെന്നപേക്ഷ.

## ലേഖനങ്ങളും വാർത്തകളും അയയ്ക്കുന്നവർ ശ്രദ്ധിപ്പാൻ

സെ. വിൻസെൻറു് ഡി പോൾ സംഘം, ലീജിയൻ ഓഫ് മേരി എന്നീ സംഘടനകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളും മററും "അല്മായപ്രേഷിതരി"ൽ പ്രസിദ്ധീകരിക്കണമെന്നുണ്ടെങ്കിൽ, ഓരോ മാസത്തിൻേറയും 15-ാം തീയതിക്കകം ഓഫീസിൽ കിട്ടത്തക്കവിധം അയച്ചുതരേണ്ടതാണു്.

ഈ ഇരുസംഘടനാംഗങ്ങൾക്കും, അല്മായക്കു പൊതുവേയും ഉത്തേജനം നല്കത്തക്ക **ലേഖനങ്ങളും ചെറുകഥകളും സംഭവകഥകളും തൂലികാചിത്രങ്ങളുമെല്ലാം** തയ്യാറാക്കി അയച്ചുതരാവുന്നതാണു്. മാസിക പുലർത്തുന്ന ഉന്നതനിലവാരത്തിനും ആദർശങ്ങൾക്കും, മാസികയുടെ നയത്തിനും യോജിച്ചവയെങ്കിൽ അവ പ്രസിദ്ധീകരിക്കുന്നതാണു്.

മാനേജിംഗ് എഡിറ്റർ,
അല്മായപ്രേഷിതർ,
വിൻസെൻഷ്യൻ ബ്യൂറോ,
എറണാകുളം—2.

**കവർ ഡിസൈൻ:** അല്മായപ്രേഷിതൻെറ പ്രവർത്തനരംഗങ്ങൾ: കുടുംബം, സ്കൂൾ, ജോലിസ്ഥലം, രാഷ്ട്രീയസാമുദായികപ്രസംഗവേദി.

www.malankaralibrary.com

*Almaya Preshithar, Ernakulam-2, S. India.*

# അല്മായപ്രേഷിതർ

Phone No. 3654

വരിസംഖ്യ 3 രൂപ

ഒററപ്രതി 25 പൈ

| വാല്യം 1 | ഫെബ്രുവരി 1966 | ലക്കം 2 |
|---|---|---|

അല്മായരെ തങ്ങളുടെ സ്ഥാനമാഹാത്മ്യത്തെക്കുറിച്ചും കടമകളെക്കുറിച്ചും പ്രബുദ്ധരാക്കുവാൻ, വൈദിക-അല്മായ സഹകരണം മെച്ചപ്പെടുത്തുവാൻ, ജോൺ പാപ്പാ വിഭാവനംചെയ്ത അധുനാതനീകരണം (aggiornamento) സാധിക്കുവാൻ:

അല്മായരെ പൊതുവേയും, സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം, ലീജിയൻ ഓഫ് മേരി എന്നീ അല്മായപ്രേഷിതസംഘടനാംഗങ്ങളെ പ്രത്യേകവും ഉദ്ദേശിച്ചുള്ള മാസിക.

***

## പത്രാധിപസമിതി

പ്രൊഫ. പി. ററി. തോമസ്, എം. ഏ. (എറണാകുളം)

പ്രൊഫ. ടി. ഒ. മാത്യു, എം. ഏ. (തൃശ്ശൂർ)

ശ്രീ പി. ജെ. സെബാസ്റ്റ്യൻ, ബി. ഏ., ബി. എൽ. (ചങ്ങനാശ്ശേരി)

ശ്രീ ദേവസ്യാ പറമുണ്ടയിൽ, ബി. ഏ., ബി. എൽ. (ലീജിയൻ സെനാത്തുസ് പ്രസിഡണ്ട്, പാലാ)

ശ്രീ പി. ററി. ജോൺ, ബി. ഏ., ബി. എൽ. (കൊച്ചി)

ശ്രീമതി ഏലിക്കുട്ടി ചൂളയ്ക്കൽ, ബി. ഏ., എൽ. ടി. (എറണാകുളം)

ശ്രീ ഡേവിഡ് മഹാപിള്ള (എറണാകുളം)

ഡോ. ഏ. ഡി. മററം, പിഎച്ച്. ഡി.

ഡോ. തോമസ് പുതിയകുന്നേൽ. (മാനേജിംഗ് എഡിററർ)

## ഈ ലക്കത്തിൽ

| | |
|---|---|
| ആശീർവ്വാദസന്ദേശങ്ങൾ | 44 |
| പത്രാധിപക്കുറിപ്പുകൾ | 45 |
| ഭാരതത്തിൻെറ രണ്ടു് ഉജ്ജ്വല താരങ്ങൾ | 46 |
| വായനക്കാർ എഴുതുന്നു | 48 |
| അല്മായപ്രേഷിതത്വം (തുടർച്ച) —വിവ. ജെ. ഇടവഴിത്തറ & ജി. മണലേൽ | 49 |
| 20–ാം നൂററാണ്ടും അല്മായരും —എം. എം. മുണ്ടാടൻ, സി. എം. ഐ. | 51 |
| എന്തിനു സ്നേഹിക്കണം —എസ്. പൈനാടത്തു് | 53 |
| അല്മായരുടെ ദൗത്യം ഇന്നു് II —ജോൺ ലൂക്ക് തുരുത്തിപ്പള്ളി | 54 |
| സെ. വിൻസെൻറ് ഡി പോൾ സഖ്യം ഇടവകയ്ക്കൊരനുഗ്രഹം —ഡേവിഡ് മഹാപിള്ള | 56 |
| ലീജിയൻെറ മദ്ധ്യസ്ഥരിൽ ഒരാളായ വി. പൗലോസ്—സി. ഏലിക്കുട്ടി ചൂളയ്ക്കൽ | 58 |
| അല്മായസെമ്മിനാരിയോടനുബന്ധിച്ചു് ഒരു ബീഡാ കോളേജ് —ജെ. സി. ചിറമേൽ | 60 |
| ആരാധനക്രമത്തിൽ അല്മായൻെറ ഭാഗഭാഗിത്വം —ഡോ. വെള്ളിയാൻ | 62 |
| ബസ്സിൽ സീററില്ല (ചെറുകഥ) —ശ്രീ തോമസ് മാത്യു | 64 |
| വത്തിക്കാൻ ഡിക്രികൾ—അല്മായർ | 67 |
| ഗ്രന്ഥനിരൂപണം | 69 |
| അല്മായലോകം | 70 |
| സെ. വിൻസെൻറ് ഡി പോൾ സഖ്യം വാർത്തകൾ | 72 |
| ലീജിയൻ വാർത്തകൾ | 74 |

www.malankaralibrary.com

THE DIOCESE OF TRICHUR

BISHOP'S HOUSE
TRICHUR - 5.
14-1-1966.

# ആശീർവ്വാദസന്ദേശങ്ങൾ

പ്രിയ ബ. അച്ചാ,

വിൻസെൻറ് ഡി പോൾ സൊസൈററി, ലിജിയൻ ഓഫ് മേരി, എന്നീ അല്മായപ്രേഷിത സംഘടനകളുടെ ജിഹ്വയായി സമാരംഭിച്ചിരിക്കുന്ന "അല്മായപ്രേഷിതർ" എന്ന മാസികയ്ക്കു സ്വാഗതം.



അല്മായ വൈദികബന്ധം, അല്മായ കത്തവ്യങ്ങൾ മുതലായവ സമ്യക്കായി വിവരിച്ചു പ്രസിദ്ധംചെയ്യുന്ന മാസിക സമുന്നതമായ ആദർശങ്ങൾ ഉയത്തിപ്പിടിക്കുകയാണെങ്കിൽ മഹത്തായ സേവനമായിരിക്കും അതു ചെയ്യുക; മറിച്ചാണെങ്കിൽ നാശവും നിസ്സീമമായിരിക്കും. പ്രബുദ്ധമായ പത്രാധിപസമിതിയും, പ്രഥമലക്കത്തിലെ ലേഖനങ്ങളും "അല്മായപ്രേഷിതർ" എന്ന മാസികയുടെ ഭാവിവിജയത്തിനു ലക്ഷ്യമായി കരുതാവുന്നതാണ്. അതങ്ങനെ തുടന്നു വിൻസെൻറ് ഡി പോൾ സൊസൈററിക്കും, ലിജിയനും, അല്മായപ്രവത്തനങ്ങൾക്കും നവജീവൻ നല്കുവാൻ ഇടയാകട്ടെ എന്നു ആശംസിക്കയും പ്രാത്ഥിക്കയും ചെയ്യുന്നു.

പത്രാധിപസമിതിയ്ക്കും, മാസികാപ്രവത്തകർക്കും, അനുവാചകക്കും, ഉപകാരികൾക്കും ആശീർവ്വാദം.

† **G. C. Alappatt**
**Bishop of Trichur.**

**Rt. Rev. Dr. Mathew Pothanamuzhi, Ph. D., D. D.**
**BISHOP OF KOTHAMANGALAM.**

BISHOP'S HOUSE, KOTHAMAMGALAM
KERALA STATE, INDIA.
21-1-1966.



ബ. അച്ചാ,

അല്മായപ്രേഷിതർ എന്ന പുതിയ മാസികയുടെ ആദ്യലക്കം കൈപ്പററി. ഹൃദയപൂവ്വം നന്ദിപറയുന്നു. സഭയിൽ അല്മായരുടെ സ്ഥാനവും ദൗത്യവും സുസ്പഷ്ടമാക്കിക്കൊണ്ടു്, രണ്ടാം വത്തിക്കാൻ സൂനഹദോസ് വിഭാവനം ചെയ്തിട്ടുള്ള അധുനാതനീകരണം ത്വരിതപ്പെടുത്തുക എന്നുള്ളതാണല്ലോ ഈ പ്രസിദ്ധീകരണത്തിൻെറ പ്രമുഖ ലക്ഷ്യം. അതിപ്രധാനമായ ഒരു കത്തവ്യമാണ് "അല്മായപ്രേഷിതർ" ഏറെറടുത്തിരിക്കുന്നതു്. കൗദാശികജീവിതം വഴി ആദ്ധ്യാത്മികജീവൻ ഉൾക്കൊള്ളുന്നവരും, പണ്ഡിതരും, പക്വമതികളുമായ അല്മായരുടെ ഒരു പ്രബുദ്ധതലമുറയെ കേരളസഭ രൂപപ്പെടുത്തേണ്ടതുണ്ടു്. അതിനുള്ള പ്രചോദനം ഈ മാസികയുടെ പ്രചുരപ്രചാരംവഴി ഉണ്ടാകട്ടെ എന്നു് ആശംസിക്കുന്നു.

† **Mathew Pothanamuzhi,**
കോതമംഗലം മെത്രാൻ.

* മററു അഭിവന്ദ്യ തിരുമേനിമാരുടെ ആശീർവ്വാദസന്ദേശങ്ങളും അല്മായപ്രമുഖരുടെ അഭിനന്ദനങ്ങളും ക്രമേണ ഇവിടെ ലഭിക്കുന്ന ക്രമമനുസരിച്ചു് പ്രസിദ്ധപ്പെടുത്തുന്നതാണ്.

www.malankaralibrary.com

# പത്രാധിപക്കുറിപ്പുകൾ

## സൂനഹദോസ് ജൂബിലി

വത്തിക്കാൻ കൗൺസിലിന്റെ സമാപനഘട്ടത്തിൽ പരിശുദ്ധ പിതാവ് പോൾ ആറാമൻ തിരുമനസ്സുകൊണ്ട് ആറുമാസത്തോളം നീണ്ടുനില്ക്കുന്ന ഒരസാധാരണ ജൂബിലിയാഘോഷം പ്രഖ്യാപിക്കുകയുണ്ടായി. Mirificus Eventus എന്നാരംഭിക്കുന്ന തിരുവെഴുത്തുവഴി ഈ ജൂബിലി പരിപാടികൾ വിളംബരം ചെയ്തുകൊണ്ട് തിരുമേനി പറയുന്നു: "സൂനഹദോസിന്റെ തീരുമാനങ്ങൾ സ്വീകരിച്ച് നടപ്പിലാക്കുവാൻ മാനവഹൃദയങ്ങളെ ഒരുക്കുന്നതിനും, സൂനഹദോസുവഴി സഭയുടെമേൽ സമൃദ്ധമായി വർഷിക്കപ്പെട്ട അനുഗ്രഹങ്ങളെ പ്രതി സർവ്വശക്തനായ ദൈവത്തിന് പരസ്യമായി നന്ദിപ്രദർശിപ്പിക്കുന്നതിനുംവേണ്ടി"യാണ് ഈ ജൂബിലി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

കഴിഞ്ഞ നാലുവർഷമായി കൗൺസിൽ പിതാക്കന്മാർ വളരെയേറെ ചർച്ചകൾ നടത്തുകയും, ചിന്തിക്കയും പ്രാർത്ഥിക്കയും ചെയ്തശേഷം, പരിശുദ്ധാരൂപിയുടെ പ്രത്യേക പ്രേരണയാൽ ആധുനികലോകത്തിൽ സാർവ്വത്രികസഭയുടെ ഉപരിനന്മയെ ലാക്കാക്കി 16 ഡിക്രികൾ പാസ്സാക്കിയിട്ടുണ്ട്. സഭയുടെ നന്മയെന്നു പറയുമ്പോൾ വിശ്വാസികളുടെ നന്മയെന്നർത്ഥം. കാരണം വിശ്വാസികളാണ് സഭ. അങ്ങനെ ഈ 16 ഡിക്രികളും ക്രിസ്തീയസഭയിലെ വിവിധ വിഭാഗങ്ങളിലുള്ള ദൈവമക്കളുടെ ഉപരിനന്മയെ ഉന്നംവച്ചുള്ളതാണ്. സഭ നിർദ്ദേശിച്ചിട്ടുള്ള പ്രസ്തുതോപാധികളേവയെന്ന് വിശ്വാസികളേവരും അറിഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഓരോ ഡിക്രിയും ബൃഹത്തായ ഓരോ വാല്യങ്ങൾതന്നെ വലിപ്പംവരുന്നവയാണ്. അവ അപ്പാടെ അറിയുകയും പഠിക്കുകയും ചെയ്യുവാൻ പ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാർക്കുപോലും കഴിഞ്ഞെന്നുവരില്ല. എന്നാൽ വിവിധ ജീവിതാവസ്ഥകളിൽപ്പെട്ടവർ അവരവർക്കുവേണ്ടി കൗൺസിൽ ചെയ്തിട്ടുള്ള തീരുമാനങ്ങൾ മനസ്സിലാക്കുവാൻ കടപ്പെട്ടിരിക്കുന്നു. മെത്രാന്മാർ, വൈദികർ, സന്യാസികൾ എന്നിങ്ങനെ ഹൈരാർക്കിയിൽപ്പെട്ടവരെ പ്രത്യേകം പ്രത്യേകം സംബന്ധിക്കുന്ന ഡിക്രികളുണ്ട്, അതുപോലെതന്നെ ഹൈരാർക്കിയിൽപ്പെടാത്തവരെങ്കിലും ദൈവജനത്തിന്റെ ബഹുഭൂരിപക്ഷംവരുന്ന അല്മായരേയും അവരുടെ പ്രശ്നങ്ങളേയും സഭയുടെ ദൗത്യനിർവ്വഹണത്തിൽ അവർക്കുള്ള ഭാഗഭാഗിത്വത്തേയും പ്രത്യേകം കുറിക്കുന്ന ഡിക്രികളുമുണ്ട്. രണ്ടാമതു പറഞ്ഞവരുടെ ഒരു ജിഹ്വയായിട്ടാണല്ലോ "അല്മായപ്രേഷിതർ" നിലകൊള്ളുന്നത്. ആകയാൽ ഈ അർദ്ധവർഷജൂബിലിയവസരത്തിൽ പ്രത്യേകിച്ചും, അല്മായർ തങ്ങളെ സംബന്ധിക്കുന്ന കൗൺസിൽ തീരുമാനങ്ങൾ മനസ്സിലാക്കുവാൻവേണ്ട എല്ലാ ഉപാധികളും ഇതിന്റെ പത്രങ്ങളിലൂടെ വിളമ്പുന്നതാണ്.

## ജൂബിലി കേരളത്തിൽ

പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ച് കേരളത്തിലെ അഭിവന്ദ്യ തിരുമേനിമാർ തങ്ങളുടെ കത്തീഡ്രൽ ദൈവാലയങ്ങൾ കേന്ദ്രമാക്കി ഈ ജൂബിലി ആഘോഷിക്കാൻ വേണ്ട പരിപാടികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കയാണ്. സൂനഹദോസിന്റെ ഡിക്രികൾ വിശദീകരിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും ചർച്ചാസമ്മേളനങ്ങളും സ്റ്റഡിക്ലാസ്സുകളും നടത്തപ്പെട്ടും. ഭക്തസംഘടനാംഗങ്ങളേയും സാമൂഹ്യപ്രവർത്തകരേയും മതാദ്ധ്യാപകരേയും യുവാക്കന്മാരേയും കുട്ടികളേയും പ്രത്യേകം പ്രത്യേകം ഉദ്ദേശിച്ചുള്ള പ്രസംഗങ്ങളും ഇതര പരിപാടികളും ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ നമ്മുടെ അഭിവന്ദ്യ തിരുമേനിമാർ ആവിഷ്കരിച്ചിട്ടുള്ള എല്ലാ പരിപാടികളും അങ്ങേയററം വിജയത്തിലെത്തുന്നതിന് ഓരോ അല്മായനും കലവറയററ പിന്തുണയും സഹകരണവും നല്കേണ്ടതാണ്.


## പത്രമാസികകളുടെ ധർമ്മം

കേരളത്തിലെ കത്തോലിക്കാ പത്രമാസികകൾക്കും ഈ ജൂബിലിയവസരത്തിൽ ഒരു വലിയ ദൗത്യം നിർവ്വഹിക്കുവാനുണ്ട്. കൗൺസിൽ ഡിക്രികളെ ക്രോഡീകരിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ ശ്രവിക്കുവാൻ എല്ലാവർക്കും കഴിഞ്ഞെന്നുവരില്ല. കേട്ടാലും അവ മനസ്സിൽ രൂഢമൂലമായെന്നുവരില്ല. "എഴുതപ്പെട്ടവ നിലനില്ക്കുന്നു" (Scripta manet) എന്നൊരു ചൊല്ലുണ്ടല്ലോ. ആകയാൽ നമ്മുടെ വിശ്വാസികളെ കൗൺസിൽ ദൗത്യത്തെക്കുറിച്ച് പ്രബോധിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഒരു പ്രധാനോപാധി പുസ്തകങ്ങളും പത്രമാസികകളുമാണ്. കേരളത്തിലെ എല്ലാ സഹജീവികളോടും "അല്മായപ്രേഷിതർ" അഭ്യർത്ഥിക്കയാണ്, കൗൺസിൽ തീരുമാനങ്ങളെക്കുറിച്ചും അവയുടെ വ്യാഖ്യാനങ്ങളെക്കുറിച്ചും ലേഖനപരമ്പരകൾതന്നെ പ്രസിദ്ധപ്പെടുത്തുവാൻ ഈ ജൂബിയവസരത്തിൽ അവയുടെ താളുകളെ വിനിയോഗിക്കണമെന്നു്.

www.malankaralibrary.com

# ഭാരതത്തിന്റെ രണ്ടു ഉജ്ജ്വലതാരങ്ങൾ

## ശാസ്ത്രി



അപ്രതീക്ഷിതമായൊരു സന്ദർഭത്തിലാണ് ഇൻഡ്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി ഭാരതത്തെ മുഴുവൻ സന്താപസാഗരത്തിലാഴ്ത്തിക്കൊണ്ട് ലോകത്തോടു യാത്രപറഞ്ഞതു്. ഇന്ത്യ—പാക്കിസ്ഥാൻ—ചൈന അതിർത്തിപ്രശ്നങ്ങൾ ലോകസമാധാനത്തെ തകിടംമറിച്ചേക്കാമെന്ന ഒരു ഘട്ടത്തിലെത്തിയപ്പോൾ അനുരഞ്ജനവിദഗ്ദ്ധനായ ശ്രീ ശാസ്ത്രി മുൻകൈയെടുത്തു സമാധാനം പുനഃസ്ഥാപിക്കുവാൻ തീവ്രയത്നം നടത്തിവരുമ്പോഴാണ് താഷ്കെന്റിൽവച്ച് ആ ദാരുണസംഭവം നടന്നതു്. സമാധാനത്തിന്റെ ബലിവേദിയിലർപ്പിക്കപ്പെട്ട ഒരു കുസുമതല്ലജമായി ലോകചരിത്രം അദ്ദേഹത്തെ എന്നെന്നും എണ്ണുന്നതാണ്.

ചുരുങ്ങിയകാലത്തേക്കു മാത്രമേ ഇന്ത്യക്ക് ശ്രീ ശാസ്ത്രിയുടെ നേതൃത്വം ലഭിച്ചുള്ളുവെങ്കിലും, ആ ഘട്ടം സംഭവബഹുലമായിരുന്നു. ചൈന ആക്രമണം, ഹിന്ദിപ്രക്ഷോഭണം, ഭക്ഷ്യപ്രശ്നം എന്നിങ്ങനെ നൂറുനൂറു നീറുന്ന പ്രശ്നങ്ങളുടെ നടുവിൽ അടിപതറാതെ, മനംതളരാതെ രാഷ്ട്രത്തിന്റെ ചുക്കാൻ പിടിക്കാൻ സാധിച്ച ആ കൊച്ചു മനുഷ്യന്റെ മനക്കരുത്തും കർമ്മധീരതയും വിസ്മയാവഹംതന്നെ.

രാഷ്ട്രീയവൃത്തങ്ങളിൽ ചരിക്കുന്നവർ കരിഞ്ചന്ത, കൈക്കൂലി, കോഴ, കാലുവാരൽ മുതലായവയിൽനിന്നെല്ലാം തികച്ചും സംശുദ്ധരാക്കപ്പെട്ടവരായി വർത്തിക്കണം. എന്നാൽ ഇന്നു് രാജ്യസേ

## അല്മായന്റെ ജൂബിലി

ആഗോളവ്യാപകമായ ക്രിസ്തുസഭക്കു നവചൈതന്യം പകരുവാനാണ് ഈ ജൂബിലി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. വത്തിക്കാൻ കൗൺസിലിന്റെ ഒരു ലക്ഷ്യവും നേട്ടവുമായ ഇക്കുമേനിസവും ആദ്ധ്യാത്മികനവോത്ഥാനവും പ്രായോഗികമാക്കുന്നതിന് പരമാവധി ഔദാര്യത്തോടും വിട്ടുവീഴ്ചയോടുംകൂടി വർത്തിക്കുവാൻ സഭ സന്നദ്ധമാണ്. ഇതിനുദാഹരണമാണ് ഈ ജൂബിലി സംബന്ധിച്ചു് മാർപ്പാപ്പാ കല്പിച്ചനുവദിച്ചിട്ടുള്ള പ്രത്യേകാനുകൂല്യങ്ങൾ. ചില പ്രത്യേകസാഹചര്യങ്ങളിൽ കുമ്പസാരക്കാരനായ വൈദികന്, ശീശ്മയിലോ പാഷണ്ഡതയിലോ നിരീശ്വരനിർമ്മതപ്രസ്ഥാനങ്ങളിലോ ഉൾപ്പെട്ടവരെ മഹറോൻ ശിക്ഷയിൽനിന്നു് മോചിപ്പിക്കുന്നതിനുവരെ മാർപ്പാപ്പാ അനുവാദം നല്കിയിരിക്കയാണ്. മാത്രമല്ല വിശ്വാസികൾക്കു പൊതുവേ, ചില വ്യവസ്ഥകളിൻകീഴ് പൂർണ്ണദണ്ഡവിമോചനങ്ങളും അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ സന്മനസ്സുള്ള എല്ലാവർക്കും ആദ്ധ്യാത്മികനവോത്ഥാനത്തിനാവശ്യമായ എല്ലാ മാർഗ്ഗങ്ങളും ഈ ജൂബിലിയവസരത്തിൽ നല്കപ്പെട്ടിരിക്കയാണ്. 1966 മേയ് 29-ാം തീയതി പന്തക്കുസ്താദിനമാണ് ജൂബിലി സമാപിക്കുക. അപ്പോഴേക്കും ഈ നവോത്ഥാനത്തിന്റെ അലയടികൾ സമുദായത്തിലും കുടുംബത്തിലും വ്യക്തികളിലും അതിന്റെ പ്രത്യാഘാതങ്ങൾ ഉളവാക്കണം. സകല രംഗങ്ങളിലും നവീകരണത്തിനും പുനഃസംവിധാനത്തിനുമുള്ള ആത്മാർത്ഥമായ പരിശ്രമം നടക്കുന്നതായി അനുഭവപ്പെടണം.


ഇതു് അധുനാതനീകരണത്തിന്റെ മുന്നോടിയായ ജൂബിലിയാണ്. ഇതു് അല്മായന്റെ ജൂബിലിയാണ്. അല്മായന്റെ അവകാശങ്ങൾക്കുവേണ്ടിവാദിച്ചു് അവ പിടിച്ചുപററിയ കൗൺസിലിന്റെ ജൂബിലിയാണ്. ആകയാൽ ഓരോ അല്മായനും കൗൺസിൽ തനിക്കു നേടിത്തന്നിട്ടുള്ള അവകാശങ്ങളേവയെന്നു് ഗ്രഹിക്കുവാൻ, തന്റെ ജീവിതാവസ്ഥയുടെ മാഹാത്മ്യത്തെക്കുറിച്ചും അതിനോടനുബന്ധിച്ചുള്ള കടമകളെക്കുറിച്ചും മനസ്സിലാക്കുവാൻ ഈ ജൂബിലിയവസരം പ്രയോജനപ്പെടുത്തണം.

സഭയിൽ അല്മായന്റെ പുതിയ സേവനരംഗങ്ങളേവയെന്നു ചിന്തിക്കുക, ആശയക്കൈമാറ്റം ചെയ്യുക, ഗവേഷണം നടത്തുക, അല്മായന്റേതായ പുതിയ കാഴ്ചപ്പാടുകൾ സഭക്കു തിരുമുൽക്കാഴ്ചയർപ്പിക്കുക. ഇപ്രകാരം, കേരളസഭയിൽ അല്മായനവോത്ഥാനത്തിന്റെ ആരംഭംകുറിക്കുന്ന ഒരു കാലഘട്ടമായിരിക്കട്ടെ വത്തിക്കാൻ കൗൺസിൽ ജൂബിലി.

പത്രാധിപർ.

വനത്തിനിറങ്ങുന്നവർ ബഹുഭൂരിപക്ഷവും സ്വന്തം കീശ വീർപ്പിക്കുന്നതിനും സ്വന്തക്കാരെ ഉയർത്തുന്നതിനുമുള്ള വ്യഗ്രതയിൽ വർത്തിക്കുന്നവരായിട്ടാണ് കാണുന്നത്. ഇത്തരക്കാരുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമാണ് ശ്രീ ശാസ്ത്രി. മരിക്കുമ്പോൾ അദ്ദേഹത്തിന് സ്വന്തമായ ഒരു വീട്ടുപോലും ഉണ്ടായിരുന്നില്ലത്രേ. നിസ്വാർത്ഥമായ സേവനസന്നദ്ധതയും, പരമാർത്ഥതയും വിനയവും ആത്മധൈര്യവുമെല്ലാം അദ്ദേഹത്തിന്റെ നൈസർഗ്ഗികഗുണങ്ങളായിരുന്നു. ശാസ്ത്രിയെപ്പോലുള്ള കറതീർന്ന രാഷ്ട്രനേതാക്കൾ പ്രശ്നഭാരതത്തിന്റെ ഭാഗധേയങ്ങളെ നിർണ്ണയിക്കുന്നതിന് അരംഗത്തിറങ്ങുവാൻ ദൈവം ഇടയാക്കട്ടെ. തികഞ്ഞ ഈശ്വരഭക്തനും സമാധാനപ്രേമിയുമായ ശാസ്ത്രിയുടെ ആത്മാവിന് പരംപൊരുൾ നിത്യശാന്തിയരുളട്ടെ.

## ഇന്ദിരാഗാന്ധി



സുപ്രസിദ്ധ ആംഗ്ലേയകവിയായ ഷേക്സ്പിയർ പാടിയിട്ടുണ്ട്: "ലോകം ഒരു നാടകവേദിയാണ്. നാമെല്ലാവരും അതിലെ നടീനടന്മാരും" എന്ന്. ലാൽ ബഹദൂർ ശാസ്ത്രി തന്റെ ഭാഗം അഭിനയിച്ച് തിരശ്ശീലക്കുള്ളിൽ മറഞ്ഞു. ദുർഘടംപിടിച്ച ഒരു കാലയളവിൽ ആഞ്ഞുപൊന്തിവന്ന തിരമാലകൾക്കിടയിൽപ്പെട്ട് ഭാരതവഞ്ചി മുങ്ങിപ്പോകാതെ, ആത്മധൈര്യത്തോടും നയചാതുരിയോടുംകൂടി അതിന്റെ ചുക്കാൻ പിടിച്ചുകൊണ്ടിരുന്ന ശാസ്ത്രിയുടെ വിയോഗം നികത്താനാവാത്ത ഒരു വിടവാണ് വരുത്തിവച്ചിരിക്കുന്നത്. ശരിതന്നെ. എന്നാൽ, ആ വിടവ് നികത്തുവാൻ തികച്ചും പ്രഗത്ഭയായ ശ്രീമതി ഇന്ദിരാഗാന്ധി രംഗപ്രവേശം ചെയ്തിരിക്കയാണ്. നെഹ്റുവിന്റെ മകൾ. ഇതിൽക്കൂടുതലൊന്നും ഇന്ദിരയെക്കുറിച്ച് പറയാനില്ല. പഠിപ്പും പാണ്ഡിത്യവും അന്താരാഷ്ട്രീയപ്രശ്നങ്ങളിൽ പരിചയവും ലോകപ്രശസ്തിയും നിസ്വാർത്ഥമായ സേവനസന്നദ്ധതയും ആത്മാർത്ഥതയും ആർജ്ജവതയുമെല്ലാമുണ്ടായിരുന്ന തന്റെ അച്ഛന്റെകൂടെ നടന്ന മകളും ഇപ്പറഞ്ഞ സൽഗുണങ്ങളെല്ലാം കരസ്ഥമാക്കിയിട്ടുണ്ട്.

പ്രശ്നങ്ങളുടെ മദ്ധ്യത്തിലേക്കാണ് ഇന്ദിര കാൽവച്ചിറങ്ങുന്നത്. അതിർത്തിപ്രശ്നങ്ങൾ, കാഷ്മീരിനെച്ചൊല്ലിയുള്ള സംവാദങ്ങൾ, ഭക്ഷ്യപ്രശ്നം, തൊഴിൽപ്രശ്നം ഇവയെല്ലാം കാര്യക്ഷമമായി കൈകാര്യംചെയ്യപ്പെടണം. ആർഷഭാരതത്തിന്റെ അന്തസ്സിനും പാരമ്പര്യത്തിനും യോജിച്ചവിധം സഹിഷ്ണുതയും പൗരസ്വാതന്ത്ര്യവും നാനാജാതിമതസ്ഥർ തമ്മിലുള്ള സൗഹാർദ്ദതയുമെല്ലാം തുടർന്നും നിലനില്ക്കണം. ജാതിയുടേയോ മതത്തിന്റേയോ പേരിൽ യാതൊരവകാശനിഷേധവും അനുവദിക്കാത്ത ഒരു മതേതരരാഷ്ട്രമാണ് ഭാരതം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നെഹ്റുവിന്റെ വിദഗ്ദ്ധകരങ്ങളാണ് ഇന്നത്തെ ഇന്ത്യക്കു രൂപം കൊടുത്തിട്ടുള്ളത്. അദ്ദേഹം ഭരിച്ച പതിനാറു വർഷത്തിനിടയിൽ പട്ടിണിയെന്തെന്ന് ഇൻഡ്യയിലെ പാവപ്പെട്ടവർപോലും അധികം അറിയേണ്ടിവന്നിട്ടില്ല. എന്നാൽ ഇന്നോ? ധനികനും ദരിദ്രനും ഒരുപോലെ അരിയില്ലാപ്രശ്നത്തോടു മല്ലടിക്കയാണ്. ഇങ്ങനെ പല പ്രശ്നങ്ങളുമുണ്ടെങ്കിലും അച്ഛന്റെ കാലടികളെ അനുധാവനംചെയ്ത് മകളും ഈ ഉപഭൂഖണ്ഡത്തിന്റെ ഭാഗധേയങ്ങളെ കരുപ്പിടിപ്പിച്ച് നയിക്കുവാൻ ജഗദീശ്വരൻ അനുഗ്രഹം നല്കട്ടെ.

### വത്തിക്കാൻ കൗൺസിൽ ഡിക്രി പ്രചാരണസംഘം

വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളെക്കുറിച്ച് നമ്മുടെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നതിന് അഖിലകേരളാടിസ്ഥാനത്തിൽ വൈദികരും അല്മായരും ഉൾപ്പെട്ട ഒരു ഗ്രൂപ്പ് രൂപീകരിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. ഓരോ രൂപതയിൽനിന്നും അഭിവന്ദ്യ തിരുമേനിമാർ രണ്ടു വൈദികരേയും രണ്ട് അല്മായരേയും വീതം ഈ ഗ്രൂപ്പിലേക്ക് നോമിനേറ്റുചെയ്യുക. ഈ ഗ്രൂപ്പംഗങ്ങൾ വലിയ ആഴ്ച കഴിഞ്ഞുവരുന്ന രണ്ടുമൂന്നാഴ്ച എവിടെയെങ്കിലും സമ്മേളിച്ച് സൂനഹദോസ് ഡിക്രികളെക്കുറിച്ച്, പ്രത്യേകിച്ച് സാധാരണ വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട ഡിക്രികളെക്കുറിച്ച് സമ്യക്കായി പഠിക്കുക. അതിനുശേഷം ഒരു വൈദികനും ഒരു അല്മായനും എന്ന കണക്കിൽ ഗ്രൂപ്പുതിരിഞ്ഞ് കേരളത്തിന്റെ നാനാഭാഗങ്ങളിലും പ്രസംഗങ്ങളും സ്റ്റഡിക്ലാസ്സുകളും നടത്തുക. ജൂബിലിയവസാനിക്കുന്ന മേയ്മാസത്തിൽ അഖിലകേരളാടിസ്ഥാനത്തിൽ എവിടെയെങ്കിലും വച്ച് ഒരു പൊതുസമ്മേളനവും നടത്തുക. ഒരു എളിയ അഭിപ്രായംമാത്രം. കേരളത്തിലെ അഭിവന്ദ്യ തിരുമേനിമാരും, പ്രഗത്ഭരായ വൈദികരും അല്മായരുമാണ് ഇതു പ്രായോഗികമാണോ എന്നും മറ്റും തീരുമാനിക്കേണ്ടത്.

റവ. പുതിയകുന്നേൽ.

www.malankaralibrary.com

# വായനക്കാർ എഴുതുന്നു

## കവർ ഡിസൈൻ

വൈക്കം
14-1-1966.

പ്രിയ പത്രാധിപരേ,

"അല്മായപ്രേഷിതരു"ടെ കവർ ഡിസൈൻ ഭംഗിയായിരിക്കുന്നു. സെ. വിൻസെൻറ് ഡി പോൾ സംഘക്കാരെ പ്രതിനിധീകരിക്കുവാൻ വി. വിൻസെൻറും, ലീജിയൻകാക്ക് അവരുടെ പതാകയും, മററു അല്മായക്കു അവരുടെ പ്രവർത്തനരംഗങ്ങൾ കുറിക്കുന്ന കുടുംബം, സ്കൂൾ, ഫാക്ടറി, രാഷ്ട്രീയ സാമുദായിക പ്രസംഗവേദി മുതലായവയും.

ഒരു ചെറിയ അഭിപ്രായം. തമാശല്ല. ഫ്രാൻസിസ്കൻ മൂന്നാംസഭക്കാരുടെ ഒരു ചരട്ടം കമ്മലീത്താ മൂന്നാംസഭക്കാരുടെ ഒരു വെന്തിങ്ങയുംകൂടി കവർ പേജിൽ എവിടെയെങ്കിലും വരച്ചുവക്കാൻ സാധിച്ചിരുന്നെങ്കിൽ പിന്നെ കേരളത്തിലെ അല്മായക്കോ സംഘടനകൾക്കോ വേറെ മാസികയൊന്നും വേണ്ടിവരികയില്ലായിരുന്നു എന്നു് തോന്നിപ്പോകയാണു്. അർത്ഥസമ്പുഷ്ടമായ ഈ ചിത്രീകരണത്തിന്നു് അനുമോദനങ്ങൾ.

എൻ. സി. വക്കി, വൈക്കം.

P. P. Peter, M. A., B. Ed.
Lecturer, Farook College,
Feroke, Calicut.

Feroke,
13-1-1966.

പ്രിയ പത്രാധിപർ,

"കേരളത്തിൽ അല്മായസെമിനാരി" എന്ന ശ്രീ തോമസ് മാത്യു അവർകളുടെ ഒരു ലേഖനം വായിച്ചു. കാലത്തിനനുസരിച്ചു് സഭ ചെയ്യേണ്ടുന്ന ഒരു മഹത്തായ പ്രസ്ഥാനമായിട്ടാണു് ഞാനിതിനെ കണക്കാക്കുന്നതു്. ദൈവശാസ്ത്രം, സഭാചരിത്രം, കാനൻനിയമം മുതലായ വിഷയങ്ങളിൽ ബി. ഡി. ഡിഗ്രി കൊടുക്കുകമാത്രമാകരുതു് ഇതിൻെറ ലക്ഷ്യം. സങ്കീർണ്ണങ്ങളായ ഇന്നത്തെ പ്രശ്നങ്ങൾക്കു് പരിഹാരം കാണുവാൻ അല്മായരുടെ ഇടയിൽനിന്നു് തിരഞ്ഞെടുത്ത കുറേപേർക്കു് കാര്യക്ഷമമായ രീതിയിൽ അറിവും, പരിശീലനവും, ഭക്തജീവിതവും, നേതൃത്വവും കൊടുക്കുകയെന്നതാവണം ഈ പ്രസ്ഥാനത്തിൻെറ പ്രധാന ലക്ഷ്യം. എല്ലാ വിജയാശംസകളും ഈ പ്രസ്ഥാനത്തിനു് നേരുന്നുകൊള്ളുന്നു

പി. പി. പീറ്റർ.

## അല്മായസെമിനാരി

പ്രിയ പത്രാധിപരേ,

ഈ വിഷയത്തെപ്പററി ശ്രീ തോമസ് മാത്യു എഴുതിയിരുന്ന ലേഖനം തികച്ചും ശ്രദ്ധേയമായ ഒന്നാണു്. അല്മായൻെറ യുഗം കേരളത്തിൽ ആവിർഭവിക്കണമെങ്കിൽ അതിനുള്ള അത്യന്താപേക്ഷിതമായ നടപടികളിൽ ഒന്നാണു് ഇതുപോലുള്ള ഒരു സെമ്മിനാരി. ദൈവശാസ്ത്രം, തത്വചിന്ത തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം സമ്പാദിക്കുവാനാഗ്രഹിക്കുന്നവരും എന്നാൽ അതിനുള്ള സൗകര്യങ്ങളൊ ഉപാധികളൊ ഇല്ലാതെ വിഷമിക്കുന്നവരുമായ ധാരാളം അല്മേനികൾ ഇന്നു കേരളത്തിലുണ്ടു്. ഇത്തരമൊരു പദ്ധതി ഉടനെ പ്രായോഗികമാക്കുക സാദ്ധ്യമല്ലായിരിക്കാം. എന്നാൽ ഇപ്പോൾ നിലവിലുള്ള നമ്മുടെ സെമ്മിനാരികളിൽ കുറേ അല്മേനികൾക്കുകൂടി പ്രവേശനം നല്കുവാൻ ഇവിടത്തെ ഹയരാക്കി വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കും. അല്മായസെൻറർ, അല്മായക്കു വല്ലപ്പോഴുമൊക്കെ ഒന്നു വിശ്രമിക്കുന്നതിനും ധ്യാനങ്ങൾ തുടങ്ങിയവയിൽ സംബന്ധിക്കുന്നതിനുമുള്ള Retreat House തുടങ്ങിയവയുടെ കാര്യവും പരിഗണിക്കേണ്ടതുണ്ടു്. ഇതുപോലുള്ള സംരംഭങ്ങൾക്കു് നേതൃത്വം നല്കുവാൻ 'അല്മായപ്രേഷിത'നു സാധിക്കണം.....

മൂവാററുപുഴ,
17-1-1966.

പി. ററി. ചാക്കൊ എം. എ.

Thankapan Thomas, Manimala
Principal "Viswabharati Tutorials"

മണിമല
20-1-1966.

പ്രിയ പത്രാധിപരേ,

"അല്മായപ്രേഷിതരു"ടെ ആവിർഭാവം കേരളത്തിലെ അൽമായർക്കൊരു അനുഗ്രഹമാണു്. മാസികയുടെ നയപ്രഖ്യാപനം ധീരമായൊരു കാൽവെയ്പിനെ കാണിക്കുന്നു. പക്വമതികളും പണ്ഡിതരുമായ ആളുകളടങ്ങിയപത്രാധിപസമിതി വളരെ പ്രതീക്ഷകൾക്കു വകനല്കുന്നുണ്ടു്. ലേഖനങ്ങൾ ഈടുററവതന്നെ. അല്മായസെമിനാരിയെ സംബന്ധിച്ച തോമസ് മാത്യുവിൻെറ ലേഖനം പ്രത്യേക ശ്രദ്ധയെ അർഹിക്കുന്നു. സഭയുടെ ജീവനാഡികളായിത്തീരേണ്ട ഇവിടത്തെ അല്മായക്കു വെളിച്ചംനല്കുന്നതിനു ഈ പ്രസിദ്ധീകരണം സഹായകമാകുമെന്നു് ഞാൻ വിശ്വസിക്കുന്നു.

"അല്മായപ്രേഷിതർ"ക്കു എൻെറ വിജയാശംസകൾ.

തങ്കപ്പൻ തോമസ്സ്, മണിമല.

www.malankaralibrary.com

# അല്മായപ്രേഷിതത്വം

**—Decree on the Apostolate of the Laity *—**

(തുടർച്ച)

**വത്തിക്കാൻ കൗൺസിലിന്റെ നാലാം സമ്മേളനത്തിൽവച്ച് 1965 നവംബർ 18-ാം തീയതി 2-നു് എതിരെ 2305 വോട്ടുകളോടുകൂടെ ഈ ഡിക്രി പാസ്സാക്കപ്പെട്ടു.**

**വിവർത്തകർ: ജെ. ഇടവഴിത്തറ & ജി. മണലേൽ**

4. സഭയിലെ പ്രേഷിതത്വം മുഴുവന്റേയും ഉറവിടവും ഉല്പത്തിയും പിതാവിനാൽ അയയ്ക്കപ്പെട്ട ക്രിസ്തുവാകുന്നു. ആകയാൽ ക്രിസ്തുവുമായുള്ള അല്മായരുടെ സജീവൈക്യത്തിലാണ് ഈ പ്രേഷിതത്വത്തിന്റെ വിജയം സ്ഥിതിചെയ്യുന്നത്. "ആർ എന്നിലും, ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും, എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കയില്ല" (യോഹ. 15, 5) എന്നാണല്ലോ നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. ക്രിസ്തുവുമായുള്ള ആന്തരൈക്യത്തിന്റെ ഈ ജീവിതം വിശ്വാസികൾക്കെല്ലാം പൊതുവായ ആത്മീയ സഹായങ്ങളാലും വിശിഷ്യാ ആരാധനക്രമത്തിലുള്ള സജീവ ഭാഗഭാഗിത്വം മൂലവും സഭ പരിപോഷിപ്പിക്കുന്നു. അനുദിനജീവിതത്തിലെ വിവിധ ലൌകികകൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ തങ്ങളുടെ ജീവനായ ക്രിസ്തുവുമായുള്ള ഐക്യത്തിൽനിന്നും വേർപെടാതെ സൂക്ഷിക്കുക മാത്രമല്ല അല്മായർ ചെയ്യേണ്ടത്, പ്രത്യുത ദൈവഹിതത്തിനനുസൃതമായി ഈ ഐക്യത്തിൽ വളരുന്നതിനുവേണ്ടിക്കൂടിയായിരിക്കണം ഈദൃശ്യകൃത്യങ്ങൾ അവർ അനുഷ്ഠിക്കേണ്ടത്. ഈ വിധം അല്മായർ സന്തുഷ്ടിയോടും സ്ഥിരചിത്തതയോടുംകൂടി വിശുദ്ധിയിൽ അഭിവൃദ്ധിപ്രാപിക്കുകയും വിവേകത്തോടും ക്ഷമയോടുംകൂടി എല്ലാ പ്രതിസന്ധിഘട്ടങ്ങളും തരണംചെയ്യുന്നതിന് ശ്രമിക്കുകയും വേണം. കുടുംബകാര്യങ്ങളും ഇതര ലൗകിക വ്യവഹാരങ്ങളും അവരുടെ ആദ്ധ്യാത്മിക ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്തവ ആയിരിക്കരുത്. പ്രത്യുത, അപ്പസ്തോലന്റെ വാക്കുകളനുസരിച്ച് "നിങ്ങൾചെയ്യുന്നതൊക്കെ വാക്കിലും പ്രവൃത്തിയിലും എല്ലാം കർത്താവായ മിശിഹായുടെ നാമധേയത്തിൽ അങ്ങയിലൂടെ പിതാവായ ദൈവത്തിനു കൃതജ്ഞത സമർപ്പിച്ചുകൊണ്ട് ചെയ്യുക" (കൊല. 3, 17).

വിശ്വാസം, ശരണം, ഉപവി എന്നീ പുണ്യങ്ങളുടെ നിരന്തരമായ അഭ്യസനം കൂടാതെ ഇത്തരത്തിലുള്ള ഒരു ജീവിതം സാദ്ധ്യമല്ല. വിശ്വാസത്തിന്റെ വെളിച്ചത്താലും ദൈവവചനത്തിന്മേലുള്ള ധ്യാനത്താലും മാത്രമേ ഒരുവന് സ്ഥലകാലവ്യത്യാസങ്ങൾ പരിഗണിക്കാതെ "നാം ആരിൽ ജീവിക്കുകയും വ്യാപരിക്കുകയും ചെയ്യുന്നുവോ" (നടപടി, 17, 28) ആ ദൈവത്തെ അറിയുകയും എല്ലാററിലും അവിടുത്തെ അഭീഷ്ടം അന്വേഷിക്കുകയും ബന്ധുവെന്നോ അപരിചിതനെന്നോ ഉള്ള വ്യത്യാസംകൂടാതെ എല്ലാവരിലും ക്രിസ്തുവിനെ ദർശിക്കുകയും, ഭൗതികവസ്തുക്കളുടെ യഥാർത്ഥഅർത്ഥത്തെപ്പറ്റി വിധിക്കുകയും അവയുടെ സ്വഭാവമനുസരിച്ചും മനുഷ്യന്റെ പരമലക്ഷ്യത്തിനനുസരണമായും ഈ വസ്തുക്കളെ വിലയിരുത്തുകയും ചെയ്യുന്നതിനു സാധിക്കൂ.

ഈ വിശ്വാസമുള്ളവർ ദൈവപുത്രന്മാരുടെ വെളിപാടിനെക്കുറിച്ചുള്ള പ്രതീക്ഷയിൽ ജീവിക്കുകയും ദിവ്യനാഥന്റെ കുരിശിനേയും ഉത്ഥാനത്തേയുംപററി എപ്പോഴും ചിന്തിക്കുകയും ചെയ്യും. ഈ ജീവിതയാത്രയിൽ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ സ്വയം മറച്ചുകൊണ്ടും ധനത്തിന്റെ അടിമത്വത്തിൽനിന്ന് വിമുക്തിനേടിക്കൊണ്ടും ഇവർ അനശ്വരമായ സമ്പത്തിനുവേണ്ടി യത്നിക്കുന്നു. മാത്രമല്ല, ദൈവരാജ്യത്തിന്റെ വിസ്തൃതിക്കും ഭൗതികമണ്ഡലത്തിന്റെ ക്രിസ്തീയാരൂപിയിലുള്ള നവീകരണത്തിനും പരിഷ്കരണത്തിനുമായി അവർ സ്വയം സമർപ്പിക്കുകയും ചെയ്യുന്നു. ഇഹലോകജീവിതത്തിലെ പരീക്ഷണഘട്ടത്തിൽ ദൈവശരണത്തിലാണ് തങ്ങളുടെ ശക്തി അവർ കണ്ടെത്തുക. കാരണം, അവർക്കറിയാം "ഈ ലോകത്തിലെ ദുഃഖദുരിതങ്ങൾ ഭാവിയിൽ നമ്മിൽ പ്രത്യക്ഷപ്പെടുവാനിരിക്കുന്ന മഹത്വവുമായി തുലനം ചെയ്യുമ്പോൾ നിസ്സാരങ്ങളാണെന്ന്" (റോമ. 8, 18).

ദൈവസ്നേഹത്താൽ പ്രചോദിതരായി സകലവിധ വൈരാഗ്യവും വഞ്ചനയും കാപട്യവും പരദൂഷണവും ഉപേക്ഷിച്ചു (1 പത്രോ. II. 1) അവർ എല്ലാവർക്കും പ്രത്യേകിച്ച് സഹവിശ്വാസികൾക്കും (ഗാല. VI, 10) നന്മ പ്രവർത്തിക്കുകയും ക്രിസ്തുവിങ്കലേക്ക് മനുഷ്യരെ ആനയിക്കുകയും ചെയ്യുന്നു. നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാരൂപിവഴി നമ്മുടെ ഹൃദയങ്ങളിലേക്കു ചിന്തി

* A. N. C. W. C. English translation endorsed by the Bishops of U. S. A.

www.malankaralibrary.com

കൊണ്ടിരിക്കുന്ന ഈ സ്നേഹം (റോമ. V, 5) അല്മായരെ തങ്ങളുടെ ജീവിതത്തിൽ സുവിശേഷ സൗഭാഗ്യങ്ങളുടെ ചൈതന്യം പ്രകാശിക്കുന്നതിന് പ്രാപ്തരാക്കും. ദരിദ്രനായ ക്രിസ്തുവിനെ അനുഗമിക്കുന്ന അവർ ലൗകികവസ്തുക്കളുടെ കുറവുകൊണ്ട് ദുഃഖാർത്തരാകയോ അവയുടെ ധാരാളിത്വത്തിൽ അമിതമായി ആഹ്ലാദിക്കയോ ചെയ്യുയില്ല. വിനീതനായ ക്രിസ്തുവിനെ അനുകരിക്കുന്ന അവർക്ക് വെറും ശൂന്യമായ ലൗകികപ്രതാപങ്ങളോട് യാതൊരു മമതയുമില്ല (ഗാല. V, 26). കൂടാതെ എല്ലാററിലും മനുഷ്യനേക്കാൾ ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനും എല്ലാം ദൈവത്തിനുവേണ്ടി പരിത്യജിക്കുന്നതിനും (വി. ലൂക്കാ. 14, 26) നീതിക്കുവേണ്ടി ഏതു പീഡകളും സഹിക്കുന്നതിനും അവർ തയ്യാറായിരിക്കും. "ആരെങ്കിലും എന്നെ അനുഗമിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ, അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്തുകൊണ്ട് എന്റെ പിന്നാലെ വരട്ടെ" (മത്താ. 16, 24) എന്ന ദിവ്യഗുരുവിന്റെ വാക്കുകളായിരിക്കും അവർക്ക് സദാ ഉത്തേജനമരുളുന്നത്. യഥാർത്ഥമായ ക്രിസ്തീയസ്നേഹം തങ്ങളിൽ പരിപോഷിപ്പിച്ചുകൊണ്ട് അവർ എല്ലാ ആവശ്യങ്ങളിലും പരസ്പരം സഹായിക്കുകയും ചെയ്യുന്നു.

അല്മായരുടെ ഈ വിധത്തിലുള്ള ആദ്ധ്യാത്മികജീവിതം അതിന്റേതായ പ്രത്യേക രൂപം പ്രാപിക്കേണ്ടത്, അവരോരോരുത്തരുടേയും ജീവിതാന്തസ്സനുസരിച്ച് വൈവാഹികജീവിതം, കുടുംബജീവിതം അല്ലെങ്കിൽ അവിവാഹിതജീവിതം, വൈധവ്യം, ആരോഗ്യസ്ഥിതി, ജോലി, സമുദായത്തിലുള്ള സ്ഥാനം എന്നിവയിൽ നിന്നാണ്. തങ്ങൾ ജീവിക്കുന്ന പരിതസ്ഥിതികൾക്കനുയോജ്യമായി ഓരോരുത്തർക്കും നല്കപ്പെട്ടിരിക്കുന്ന പ്രത്യേകകഴിവുകളും ഗുണഗണങ്ങളും വേണ്ടവിധം വിനിയോഗിക്കുന്നതിനു മാത്രമല്ല പരിശുദ്ധാരൂപി നല്കിയിരിക്കുന്ന ദാനങ്ങൾ ശരിയായി ഉപയോഗപ്പെടുത്തുന്നതിനും അവർ ശ്രമിക്കണം.

കൂടാതെ, തങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവികാഹ്വാനത്തെ പിന്തുടരുകയും അങ്ങനെ തിരുസ്സഭയാൽ അംഗീകൃതമായ ഏതെങ്കിലും സംഘടനയിലോ, സ്ഥാപനത്തിലോ അംഗമായി ചേരുകയും ചെയ്തിട്ടുള്ള അല്മായർ തങ്ങളുടെ ആദ്ധ്യാത്മികജീവിതത്തിന്റെ സ്വഭാവവിശേഷങ്ങൾക്കനുസരണം ജീവിക്കുന്നതിനു ശ്രമിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥ ക്രിസ്തീയജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായ സത്യസന്ധത, നീതി, പരമാർത്ഥത, ദയ, ധൈര്യം മുതലായ സുകൃതങ്ങളും തൊഴിൽപരമായ സാമർത്ഥ്യം, കുടുംബാരൂപി, പൗരബോധം, സാമൂഹ്യാചാരപരമായ സൽഗുണങ്ങൾ മുതലായവയും അവർ വളരെ വിലമതിക്കേണ്ടിയിരിക്കുന്നു.

ഈ വിധത്തിലുള്ള ആദ്ധ്യാത്മികജീവിതത്തിന്റേയും അപ്പസ്തോലികപ്രവർത്തനങ്ങളുടേയും ഉത്തമമാതൃകയാണ് അപ്പസ്തോലന്മാരുടെ രാജ്ഞിയായ പരിശുദ്ധകന്യകാമറിയം. കുടുംബകാര്യങ്ങളിലും ജോലികളിലും മുഴുകി തികച്ചും സർവ്വസാധാരണമായ ഒരു ജീവിതമാണ് അവൾ നയിച്ചിരുന്നതെങ്കിലും തന്റെ പുത്രനുമായി എപ്പോഴും അവഗാഢം ഐക്യപ്പെട്ടിരുന്നു. അങ്ങനെ അവിടുത്തെ രക്ഷണീയകൃത്യത്തിൽ മഹനീയമാംവിധം അവൾ സഹകരിക്കുകയും ചെയ്തു. സ്വർഗ്ഗത്തിലേക്ക് ആരോപിതയായിരിക്കുന്ന അവൾ ഈ ലോകയാത്രയിലേ അപകടങ്ങളിലും വൈഷമ്യങ്ങളിലും പെട്ട് നട്ടംതിരിയുന്ന സ്വപുത്രന്റെ സഹോദരരായ നമ്മളെ മാതൃസഹജമായ സ്നേഹത്തോടെ പരിപാലിക്കുകയും, സ്വർഗ്ഗരാജ്യത്തിലെത്തിച്ചേരുന്നതുവരെ നമ്മെ കാത്തുരക്ഷിക്കുകയും ചെയ്യുന്നു. എല്ലാവരും ഈ നാഥയെ വണങ്ങുകയും അവളുടെ മാതൃസഹജമായ പരിപാലനത്തിനു തങ്ങളുടെ ജീവിതവും പ്രേഷിതപ്രവർത്തനങ്ങളും സമർപ്പിക്കുകയും ചെയ്യണം.

## അദ്ധ്യായം 2—ലക്ഷ്യങ്ങൾ

5. സത്താപരമായി ക്രിസ്തുവിന്റെ രക്ഷണീയവേല മനുഷ്യകുലത്തിന്റെ പരിത്രാണത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നെങ്കിലും ഭൗതികമണ്ഡലത്തിന്റെ നവീകരണവും ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, സഭയുടെ ദൗത്യം ക്രിസ്തുവിന്റെ സന്ദേശവും പ്രസാദവരങ്ങളും മനുഷ്യക്കു നല്കുക മാത്രമല്ല, പ്രത്യുത ഭൗതികമണ്ഡലത്തെ സുവിശേഷചൈതന്യത്താൽ പൂരിതവും പ്രശോഭിതവുമാക്കുകയെന്നതും കൂടിയാണ്. സഭയുടെ ഈ ദൗത്യനിർവ്വഹണത്തിന് അല്മായർ സഭയിലും ലോകത്തിലും, അങ്ങനെ ആദ്ധ്യാത്മികവും ലൗകികവുമായ രംഗങ്ങളിൽ തങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. വ്യത്യസ്തങ്ങളെങ്കിലും ദൈവത്തിന്റെ ഉദ്ദേശ്യമനുസരിച്ച് ഈ ഇരുമണ്ഡലങ്ങളും പരസ്പരം ബന്ധപ്പെട്ടവയാണ്. ലോകം മുഴുവൻ ക്രിസ്തുവിൽ നവീകരിക്കപ്പെടുന്നതിന് അവിടുന്നാഗ്രഹിക്കുന്നു. ഇഹലോകത്തിലാരംഭിച്ച് അന്ത്യവിധിനാളിൽ അവസാനിക്കുന്ന ഒരു നവീകരണപരിപാടിയാണ് ലോകത്തെ സംബന്ധിച്ചിടത്തോളം അവിടുത്തേക്കുള്ളത്. അല്മായൻ ഒരേ സമയം ഒരു വിശ്വാസിയും ഒരു പൗരനുമാകയാൽ ഈ ഇരുമണ്ഡലങ്ങളിലും യഥാർത്ഥക്രിസ്തീയ ചൈതന്യം പ്രസരിപ്പിച്ചുകൊണ്ട് ജീവിക്കുവാൻ കടപ്പെട്ടിരിക്കുന്നു. (തുടരും)

www.malankaralibrary.com

# 20-ാം നൂററാണ്ടും അല്മായരും

എ. എം. മുണ്ടാടൻ സി. എം. ഐ.

കാർഡിനൽ എയ്ഡാംങ് ഗസ്ക്വേ (Aidan Gasquet) "നവീകരണത്തിനുമുമ്പ് അല്മായർ" എന്ന ലേഖനത്തിൽ രസാവഹമായ ഒരു സംഭവം വിവരിക്കുന്നുണ്ടു്. കത്തോലിക്കാസഭയിൽ അല്മായന്റെ നിലയെന്താണെന്നു ഒരു വൈദികനോടു ഒരാൾ ആരാഞ്ഞു. അല്മായനു രണ്ടു നിലയാണുള്ളതെന്നായിരുന്നു വൈദികന്റെ മറുപടി. ബലിപീഠത്തിനുമുമ്പിൽ മുട്ടുകുത്തിനില്ക്കുന്ന നില ഒന്നു്; പ്രസംഗവേദിക്കരികിൽ കുത്തിയിരുന്നു ശ്രവിക്കുന്നനില രണ്ടാമത്തേതും. കാർഡിനൽ ഒന്നുകൂടി കൂട്ടിച്ചേർക്കുന്നു. പള്ളിയുടെ ആവശ്യങ്ങൾക്കു് പണസഞ്ചിയിൽ കൈയിടുക എന്നതു്.

യീവ് കൊംങ്ഗാർ 'അല്മായർ സഭയിൽ' എന്ന ഗ്രന്ഥത്തിൽ ഈ സംഭവം അനുസ്മരിച്ചുകൊണ്ടു് പറയുന്നു: ഈ നിലകൾക്കു് ഇന്നും വലിയ മാററമൊന്നും സംഭവിക്കുന്നില്ല. അല്മായ സ്ത്രീപുരുഷന്മാർ ബലിവേദിക്കുമുമ്പിൽ മുട്ടുകുത്താതെയും പ്രസംഗപീഠത്തിനരുകിൽ ഇരിപ്പുറപ്പിക്കാതെയുംവരുന്ന കാലഘട്ടം ഒരിക്കലും ഉണ്ടാവില്ല. കുറെ ഏറെകാലത്തേക്കുകൂടി പള്ളിക്കുവേണ്ടി പണസഞ്ചിയിൽ കൈയിടുകയും ചെയ്യും. പക്ഷേ ഇനിമുതൽ അവരങ്ങനെയൊക്കെചെയ്യുന്നതു് ഒരു വ്യത്യസ്തമായ ചൈതന്യത്തിലായിരിക്കും. കുറഞ്ഞപക്ഷം അവർക്കു് മുമ്പിലത്തേക്കാൾ വ്യത്യസ്തമായ ഒരു അനുഭവമെങ്കിലും ഉണ്ടാകാതിരിക്കയില്ല. തങ്ങൾതന്നെയാണു് സഭയെന്ന ബോധം അവരിൽ ഇനിമേൽ മുന്നിട്ടുനില്ക്കും. ഇങ്ങനെ ഒന്നു സഭയിൽ സംഭവിച്ചിട്ടുണ്ടെന്നു് 1951-ൽ റോമിൽസമ്മേളിച്ച അല്മായപ്രേഷിത കോൺഗ്രസിൽവച്ചു കോംങ്ഗാറിനു് അനുഭവവേദ്യമായി.

വാസ്തവം ഇതാണെങ്കിലും അല്മായർക്കു സഭയിലെ ദൗത്യത്തെപ്പററി ശാസ്ത്രീയമായി പ്രതിപാദിക്കുന്നതു്—അല്മായ ബന്ധിയായ ദൈവവിജ്ഞാനീയം ആവിഷ്കരിക്കുന്നതു് —അപകടഭീതിയോടെ വീക്ഷിക്കുന്നവർ വളരെപ്പേർ ഉണ്ടായിരുന്നു. അവർക്കു മറുപടി ഒരരശതാബ്ദത്തിനു മുമ്പുതന്നെ നല്കുകയുണ്ടായി ഡിഴ്ഷോണിലെ (Dijon) മെത്രാനായിരുന്ന മോൺ. ഡഡോള് (Dadolle). അദ്ദേഹം അല്മായരെ അഭിസംബോധനചെയ്തുകൊണ്ടുപറഞ്ഞു: "മെത്രാന്മാരായ ഞങ്ങൾ കഴിഞ്ഞകാലങ്ങളിൽ സഭയിൽ നിങ്ങൾക്കുള്ള സ്ഥാനം എന്താണെന്നു പൂർണ്ണമായി മനസ്സിലാക്കിയിരുന്നോ എന്നു സംശയമുണ്ടു്. ഞങ്ങളുടെ ഭൗതികാവശ്യങ്ങൾക്കായി നിങ്ങളുടെ പണസഞ്ചികളുടെ നേരേ ഞങ്ങൾ കൈ മലർത്തിയിട്ടുണ്ടു്. ഞങ്ങളുടെ വസ്തുവകകളുടെ കാര്യനിർവ്വഹണത്തിനായി നിങ്ങളുടെ കാര്യപരിജ്ഞാനവും സേവനസന്നദ്ധതയും തേടിയിട്ടുണ്ടു്. ദിവ്യകാരുണ്യ പ്രദക്ഷിണത്തിനു കൈത്തിരിപിടിക്കുന്നതിനു നിങ്ങളുടെ ഭക്തിയെ ഞങ്ങൾ ആശ്രയിച്ചിട്ടുണ്ടു്. ആകെക്കൂടി ഇത്രയുമേ ഞങ്ങൾ ചെയ്തിട്ടുള്ളുകിൽ ഞങ്ങൾ ചെയ്യേണ്ടതെല്ലാം ചെയ്തിട്ടില്ല. ഇനി തീർച്ചയായും ഇതു മതിയാവില്ല.

"നൂററാണ്ടുകളായി പ്രേഷകവൃത്തി സംവരണോദ്യോഗം പോലെയാണു് കരുതിപ്പോന്നതു്. പഠിക്കാത്തവരും പഠിക്കുന്നവരും, വൈദികരും അല്ലാത്തവരും തമ്മിലുള്ള തരംതിരിവു് പ്രായോഗിക രംഗത്തു് പരിധിവിട്ട വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. ഇന്നു ലോകത്തിൽ ഉടനീളം ചർച്ച ചെയ്യുന്ന നേർമ്മയേറിയ ഒരു പ്രശ്നമാണു് വൈദികർക്കു സ്വായത്തമായ പ്രേഷിതവൃത്തിയും അല്മായർ നിർവ്വഹിക്കേണ്ട പ്രേഷിതവൃത്തിയും തമ്മിൽ എങ്ങനെ കൂട്ടിയിണക്കിക്കൊണ്ടുപോകും എന്നതു്. ഈ പ്രശ്നചർച്ചയിൽ അപകടങ്ങൾ ദർശിക്കുന്നവർ ഉണ്ടു്. അപകടങ്ങളെപ്പററി ഞാനും ബോധവാനാണു്. അപകടമുണ്ടാകാതിരിക്കുവാൻ ഒരു മാർഗ്ഗമേയുള്ളു. ഒന്നും ചെയ്യാതിരിക്കുക; ഒന്നും ചെയ്യിപ്പിക്കാതിരിക്കുക. ഭവിഷ്യത്തോ? എല്ലാററിൽ നിന്നും അകന്നും ഒററപ്പെട്ടും നില്ക്കുക. ഉപയോഗശൂന്യരായ വ്യക്തികൾക്കേ അങ്ങനെ നില്ക്കാൻ സാധിക്കുകയുള്ളു. ഡാന്റെ തന്റെ 'നരകത്തിൽ' ഇക്കൂട്ടരെ കരുണയുടെ കണികപോലും കാണിക്കാതെ കടന്നുപോകുകയാണു് ചെയ്യുന്നതു്.

അല്മായനും വൈദികനും ചേരിതിരിയുന്നതു് അപകടം വരുത്തിവയ്ക്കും. ചരിത്രപഠിതാവായ അർനോൾഡ് ടോയിൻബിയുടെ അഭിമതമനുസരിച്ചു തൊഴിലാളിയിൽ വർഗ്ഗമനസ്ഥിതി ഉണ്ടാകുന്നതിനുകാരണം താഴ്ന്നനിലവാരത്തിൽ ജീവിക്കുന്നുവെന്നതല്ല. സമുദായസംഘടനയിൽ അവകാശങ്ങളോടുകൂടി സജീവമായി പ്രവർത്തിക്കുന്ന അംഗമാണു് താനെന്നബോധ്യമോ, അനുഭവമോ ഇല്ലാത്തതുകൊണ്ടാണു്. സഭയിൽ അല്മായൻ പ്രൊലെറ്റേറിയൻ മനോഭാവത്തിലേക്കു് നീങ്ങുന്നതിനുള്ള സാഹചര്യം തീർത്തും ഇല്ലാതാകണം. സഭയിൽ വൈദികർക്കുള്ളതുപോലെതന്നെ

www.malankaralibrary.com

അവർ ഏതു സ്ഥാനത്തു നിലകൊള്ളുന്നവരായാലും സജീവാംഗത്വം അല്മായനുമുണ്ടെന്നബോധം എവിടേയും ദൃശ്യമാകണം. ഈ ബോധ്യം കുറെ കാലത്തേക്ക് എങ്ങിനെയോ മങ്ങിമറഞ്ഞു പോയിരുന്നെങ്കിൽ ഇന്നതു് ശക്തിയോടെ പ്രകാശിക്കാൻ തുടങ്ങിയിരിക്കയാണു്.


ഈ പുനഃപ്രകാശനത്തിന്റെ വിവിധദശകൾ അടയാളപ്പെടുത്തുവാൻ ശ്രമിച്ചാൽ തിരുസഭയുടെ കഴിഞ്ഞ ഒരു നൂറുകൊല്ലത്തെ ആന്തരികചരിത്രം എഴുതേണ്ടിവരും. ഫ്രഞ്ചുവിപ്ലവത്തിനുശേഷം പൊതുവേ വിലയിടിഞ്ഞുപോയ സഭാദർശങ്ങൾക്ക് പൊതുജനമദ്ധ്യത്തിൽ വീണ്ടും വിലവരുത്തുവാൻ പത്തൊൻപതാം നൂററാണ്ടിൽ കിണഞ്ഞു പരിശ്രമിച്ചവരിൽ ഒരു നല്ലഭാഗം അല്മായമഹാന്മാരായിരുന്നു. ഷറേറാബ്രിയാങ്, മെയിസ്ററു്, ഡെ ബൊനാൾഡു്, ഓസാനാം തുടങ്ങിയ പ്രശസ്തരായ നേതാക്കൾ. അവരാണു് കത്തോലിക്കാപ്രവർത്തനം എന്നറിയപ്പെടുന്ന ഒരു വലിയ അല്മായപ്രേഷക പ്രസ്ഥാനത്തിനു് ഊടും പാവും പാകിയവർ.

നമ്മുടെ കാലഘട്ടത്തോടടുക്കുമ്പോൾ ആരാധനാക്രമത്തിലും പ്രേഷിതമണ്ഡലത്തിലും കൈവന്ന മുന്നേററങ്ങൾ അല്മായപ്രബുദ്ധതയ്ക്കു് നവമായി മുതൽക്കൂട്ടി. ജനങ്ങൾ കൂടുതൽ കൂടുതൽ മനസ്സിലാക്കുവാൻ തുടങ്ങി. അല്മായർതന്നെയാണ് ദിവ്യബലിയിൽ വിവക്ഷിക്കുന്ന ജനമെന്നും ഈ ജനത്തിനു തിരുസഭാജീവിതത്തിന്റെ കേന്ദ്രമർമ്മമായ പരസ്യാർച്ചനയിൽ സജീവ ഭാഗഭാഗിത്വം ഉണ്ടെന്നും. സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കുവഹിക്കുന്നതിനു അല്മായരോടുള്ള ആഹ്വാനം മെത്രാന്മാരിൽനിന്നും മാർപ്പാപ്പാമാരിൽനിന്നും പുറപ്പെട്ടു. അതിന്റെ ഫലമായി സഭയുടേയും ക്രിസ്തുവിന്റേയും വേലയിൽ തങ്ങൾ അടുത്തു പ്രവർത്തിക്കേണ്ടവരാണെന്ന ബോധം അല്മായർ വീണ്ടെടുത്തുതുടങ്ങി. മിസ്റ്റിസിസത്തിൽ നവമായി കാണാറായ താല്പര്യം, ആദ്ധ്യാത്മികഗ്രന്ഥങ്ങൾക്കുള്ള ആർത്തി, വിശുദ്ധ ഗ്രന്ഥത്തിന്റെ പാരായണത്തിലും പഠനത്തിലും ഉണ്ടായ നവോത്ഥാനം, വൈദികവ്യവസ്ഥിതിയിലും മനോഭാവത്തിലും വന്നുവീണുതുടങ്ങിയ മാററങ്ങൾ ഇവയും അല്മായരുടെ പുതിയ അനുഭവങ്ങൾക്കു് ധാരാളം സഹായമരുളി. സഭയ്ക്കു പുറത്തുതന്നെ നടന്ന പലതും ഇത്തരുണത്തിൽ കണക്കിലെടുക്കാതെ തരമില്ല.

ഇങ്ങനെ പല ദശവത്സരങ്ങളിലൂടെ പ്രകാശിതമായ അല്മായപ്രബുദ്ധതയെ ദൈവവിജ്ഞാനീയതലത്തിൽ പഠിക്കുവാനും ശാസ്ത്രീയമായി പ്രകാശിപ്പിക്കുവാനും നമ്മുടെ കാലഘട്ടത്തു പല പണ്ഡിതന്മാരും മുമ്പോട്ടു വന്നിട്ടുണ്ടു്. എല്ലാംകൊണ്ടും മുൻസ്ഥാനത്തു നിൽക്കുന്ന ആളാണു് യീവ് കൊംങ്ഗാർ എന്നു തോന്നുന്നു. കാൾ റാണർ, ഷില്ലെബെക്കു്, ക്യുങ് തുടങ്ങി നാം ധാരാളം കേൾക്കുന്നവരും അത്രയ്ക്കുതന്നെ നാം കേൾക്കാത്തവരും ഈ രംഗത്തു് വളരെയൊക്കെ പ്രവർത്തിക്കുന്നുണ്ടു്. ധാരാളം ഗ്രന്ഥങ്ങളും ലേഖനങ്ങളും പുറത്തുവന്നിട്ടുണ്ടു്, വന്നുകൊണ്ടിരിക്കുന്നുമുണ്ടു്.

സഭ ഈ പുതിയ വികാസത്തെ കാര്യമായെടുക്കുകയും അതിനെ അംഗീകരിച്ചു പ്രോത്സാഹിപ്പിക്കയുമാണു് ചെയ്തിട്ടുള്ളതു്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പാസ്സാക്കിയ രണ്ടുമൂന്നു പ്രമാണപ്രബന്ധങ്ങൾ ഇവിടെ പ്രത്യേകിച്ചും സ്മരിക്കേണ്ടതാണു്. സഭയെ സംബന്ധിക്കുന്ന പ്രമാണത്തിൽ രണ്ടും നാലും അദ്ധ്യായങ്ങൾ, അല്മായപ്രേഷിതത്വത്തെ സംബന്ധിച്ച പ്രമാണം മുഴുവനും, 'സഭ ആധുനികലോകത്തിൽ' എന്ന പല ഭാഗങ്ങളും ഈ വിഷയത്തെ ബാധിക്കുന്നതാണു്. ആരാധനക്രമം, ഇക്കുമേനിസം ഇവ സംബന്ധിച്ചുള്ള കൗൺസിൽ പ്രമാണങ്ങളും അല്മായർക്കു സഭയിലെ ദൗത്യത്തെ കുറെയൊക്കെ സ്പർശിക്കുന്നുണ്ടു്. ഇവയെല്ലാം പഠിക്കുകയും കൗൺസിലിന്റെ പൊതുചൈതന്യംതന്നെ മനസ്സിലാക്കുകയും ചെയ്യുന്നതു് അല്മായരും സഭയും എന്ന പ്രശ്നത്തിലേക്കു് ധാരാളം വെളിച്ചം വീശുവാൻ സഹായകമായിരിക്കുമെന്നുള്ളതിനു് രണ്ടു പക്ഷമില്ല. അതിനു് "അല്മായപ്രേഷിതന്റെ" ആവിർഭാവം വഴിതെളിക്കുമെന്നു പ്രതീക്ഷിക്കട്ടെ. വിജയം ആശംസിക്കുന്നു.

## FOR FAVOURS RECEIVED



പി. ജെ. ററി.

# എന്തിനു സ്നേഹിക്കണം......?

'സ്നേഹം എൻെറ ജന്മാവകാശമാണ്" എന്നുദ്ഘോഷിച്ചുകൊണ്ടാണ് മനുഷ്യൻ ജീവിതരംഗത്തേയ്ക്കു കടന്നുവരുന്നതു്. മനുഷ്യഘടനയുടെ ഉള്ളറകൾ പരിശോധിക്കുന്ന തത്വചിന്തയ്ക്കുമാത്രമേ സ്നേഹത്തിൻെറ യഥാർത്ഥമായ മഹത്വം കണ്ടെത്താൻ കഴിയൂ.

എസ്. പൈനാടത്തു്

കവികളും കലാകാരന്മാരും തത്വചിന്തകരും മതസ്ഥാപകരുമെല്ലാം എക്കാലത്തും അവതരിപ്പിക്കുന്ന ഒരു പ്രമേയമുണ്ട്: സ്നേഹം. സിനിമാശാലയിലെ പ്രേമഗാനങ്ങളിലും ദേവാലയത്തിലെ സ്തുതികീർത്തനങ്ങളിലും ഇന്ന് അലയടിക്കുന്നുണ്ട് 'സ്നേഹത്തിൻെറ' ഈരടികൾ. അധമമായ ലൈംഗികാസക്തിയേയും നിസ്വാർത്ഥമായ ജീവകാരുണ്യപ്രവർത്തനസന്നദ്ധതയേയും പലരും ഒരൊററ കുററിയിൽ തളച്ചുകെട്ടും, 'സ്നേഹത്തിൽ'. സ്നേഹത്തിൻെറ ഈ സാർവ്വജനീനതയ്ക്കുള്ള കാരണം മറെറാന്നുമല്ല, അതു ജീവിതത്തെ ചലനാത്മകമായി മുന്നോട്ടു നയിക്കുന്ന ശക്തിവിശേഷമാണെന്നതുതന്നെ. ചലനാത്മകമായ ഈ ജീവിതത്തിൻെറ അന്ത്യം നിത്യസൗഭാഗ്യമായിരിക്കേ, സ്നേഹം മനുഷ്യനെ സ്വർഗ്ഗത്തിലേയ്ക്കു നയിക്കുന്നതായിരിക്കണം. എന്നാൽ പ്രാപഞ്ചികാനന്ദങ്ങളിൽ മനുഷ്യനെ സമ്പൂർണ്ണമായി മുക്കിത്താഴ്ത്താനുള്ള ആപല്ക്കരമായ ഒരു പ്രവണത ഇന്നുണ്ട്. ജീവിതാഭ്യുന്നതിയ്ക്കായി ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിട്ടുള്ള സ്നേഹദാഹത്തെ ജീവിതനാശത്തിനുനേരെ തിരിച്ചുവിടാനുള്ള ഈ പ്രവണതയെയാണു ബിഷപ്പ് ഷീൻ "സ്നേഹത്തിൻെറ അധഃപതനം" എന്നു വിളിച്ചതു്.

സ്നേഹം എന്താണ്? മനുഷ്യജീവിതത്തിൽ സ്നേഹത്തിനെന്തുസ്ഥാനമുണ്ട്? സ്നേഹം ത്യാഗമാവശ്യപ്പെടുന്നതെന്തുകൊണ്ടാണ്? ജീവിതാഭ്യുന്നതിയ്ക്കു സ്നേഹം ഏതുവിധം ഉതകുന്നു? ജീവിതമൂല്യങ്ങളുടെ വെളിച്ചത്തിൽ സ്നേഹത്തിൻെറ ഉള്ളറയിലേയ്ക്കു കടന്നുചെല്ലുന്ന ഒരു ദാർശനികചിന്തയ്ക്കു മാത്രമേ ഈ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നല്കാൻ സാധിക്കൂ.[1]

## മനുഷ്യൻ—സ്നേഹത്തിൻെറ സൃഷ്ടി

മനുഷ്യൻ അടിസ്ഥാനപരമായി ഒരു സത്വമാണ് (being); കുറച്ചുകൂടി തെളിച്ചുപറഞ്ഞാൽ, 'അസ്തിത്വത്തിൽ നിലകൊള്ളുന്ന ഒരു വസ്തു (res-thing). എന്നാൽ മനുഷ്യൻ വെറുമൊരു വസ്തുവല്ല; തന്നെത്തന്നെ അറിയാൻ കഴിയുന്ന അവൻ ഒരു വ്യക്തികൂടിയാണ് (Person). മാരിറെറൻ പറഞ്ഞതുപോലെ, സത്വത്തിനുനേരെ കണ്ണുതുറന്നതോടെ മനുഷ്യൻ തൻെറ വ്യക്തിത്വത്തെക്കൂടി അംഗീകരിച്ചുറപ്പിക്കുന്നു[2]. എന്താണ് വ്യക്തിത്വത്തിൻെറ കാതൽ? അറിയാനും സ്നേഹിക്കാനുമുള്ള അനന്തമായ കഴിവുകളോടെ, 'ദൈവത്തിൻെറ ഛായയിൽ' സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അവസ്ഥതന്നെ.

പക്ഷേ, മനുഷ്യൻ പരിമിതനാണ്. സത്താപരമായ നിലനില്പിലും (existence) വ്യക്തിഗതമായ പരിപൂർണ്ണതയിലും 'ഞാൻ ഞാൻ മാത്രമാണ്". എന്നാൽ പരിമിതമായ ഒരു സത്വത്തിനു (finite being) നിരാശ്രയമായി നിലകൊള്ളാൻ സാദ്ധ്യമല്ല. ബലഹീനമായ ഒരു മുല്ലവള്ളി താങ്ങുമരത്തോടു ചേരുന്നതിനുള്ള കാരണം നേരേ നില്ക്കാനുള്ള അതിൻെറ കഴിവു പരിമിതമാണെന്നതാണല്ലോ. താങ്ങുമരത്തിൻെറ ആലംബം വിടട്ടെ, മുല്ലവള്ളി വീഴും. ഏതാണ്ടിതുപോലെ അപരിമേയനായ ദൈവത്തിൻെറ അനന്തനന്മയെ അനുനിമിഷം ആശ്രയിച്ചുകൊണ്ടു നിലനില്ക്കുന്ന ഒരു 'പാവപ്പെട്ട' സൃഷ്ടിയാണു മനുഷ്യൻ. ദൈവം തൻെറ പരിപാലനാകരങ്ങൾ പിൻവലിക്കട്ടെ, തീർന്നു, മനുഷ്യൻെറ നിലനില്പും നേട്ടവുമെല്ലാം.

ഒന്നുകൂടി കടന്നു ചിന്തിക്കുക: പരിപൂർണ്ണനായ ദൈവത്തിനു മനുഷ്യനെക്കൊണ്ടെന്തു 'നേടാനുണ്ട്"? ഒന്നുമില്ല. എന്നിട്ടും അവിടുന്നു നമ്മെ നിലനിർത്തുന്നു! സർഗ്ഗാത്മകസ്നേഹത്തിൻെറ അനശ്വരസൃഷ്ടിയാണു മനുഷ്യൻ. ദൈവപിതാവിൻെറ സ്നേഹകരങ്ങളിൽ ചാഞ്ചാടുന്ന മനുഷ്യജീവിതം അനുനിമിഷം സ്നേഹത്താൽ തുടിക്കുന്നെങ്കിൽ അതിലത്ഭുതമില്ല.

---

1. "......by descending to the deepest level of myself to what constitutes me as I, to this irreducible core of of my personality, the shrine of what is most serious and authentic in me and the theatre of my eternal commitments." De Finance, "Being and subjectivity" *Cross Currents*, VI, P. 168.
2. J. Maritain, *Existence and the Existent*, (New York, Pantheon, 1948) P. 69.

www.malankaralibrary.com

# അല്മായരുടെ ദൗത്യം ഇന്ന്

II

ജോൺ ലൂക്ക് തുരുത്തിപ്പള്ളി

### ആരുടേയും കുത്തകയല്ല

അല്മായരേയും വൈദികരേയും തിരിച്ചുനിറുത്തുന്ന വേലിക്കെട്ട് അതിലോലമായിരുന്നു ആദിമസഭയിൽ. സുവിശേഷം പ്രചരിപ്പിക്കുന്നതും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതും ക്രിസ്ത്യൻസമൂഹത്തിൻെറ പൊതുകർത്തവ്യമായി അന്നെല്ലാവരും കരുതിപ്പോന്നു. സഭ വളർന്നുവളർന്നുവന്നതോടെ മാററം സംഭവിച്ചു, ഈ വിചാരഗതിക്ക്. ആധ്യാത്മികനേതൃത്വത്തോടൊത്ത് സുവിശേഷപ്രചാരണവും തങ്ങളുടെമാത്രം കർത്തവ്യമായി വൈദികന്മാർ കരുതിത്തുടങ്ങി. കുടുംബകാര്യങ്ങളും ധനാർജ്ജനവുമാണു തങ്ങൾക്കു പ്രധാനമെന്ന് തോന്നിത്തുടങ്ങി അല്മായർക്ക്. കാലം പോകുന്തോറും ഈ വിഭിന്നചിന്തകൾക്ക് ആക്കം കൂടിക്കൂടിവന്നു. ഒപ്പം കൂട്ടിക്കൂടി അല്മായരേയും വൈദികന്മാരേയും തിരിച്ചുനിർത്തുന്ന വേലിക്കെട്ടിന്. ലേഖകനാദ്യം സൂചിപ്പിച്ച പരിവർത്തനത്തിൻെറ കാലത്ത് ഇതു കൂടുതൽ രൂക്ഷമായി. ഇന്നാകട്ടെ അതു ഭയങ്കരവും നിർണ്ണായകവുമായ ഒരു ഘട്ടത്തിലെത്തിയിരിക്കുന്നു. വൈദികൻ ഒരുവഴിക്ക് അല്മായൻ മറെറാരുവഴിക്ക് എന്ന നിലപാടു മാറണമെന്നാണു ചിന്തിക്കുന്ന കത്തോലിക്കരുടെ ഇന്നത്തെ മുറവിളി. ഇത്തരം ഇരട്ടപോക്കു പോയാൽ എത്തുന്നലക്ഷ്യം ഭയാനകമായിരിക്കും. സുവിശേഷസത്യങ്ങൾ മനുഷ്യവർഗ്ഗത്തിന്റെ പൊതുപൈതൃകസ്വത്താണ്. അറിഞ്ഞിട്ടില്ലാത്തവരെ അതറിയിക്കുന്നചുമതല ആർക്കും കുത്തകയല്ല. ഓരോ ക്രിസ്ത്യാനിക്കും അതിനു കടമയുണ്ട്. മഹത്തായ ഈ ദൗത്യത്തെപ്പററി മനുഷ്യർ ബോധവാന്മാരല്ലെന്നതാണ് ഇന്നത്തെഏററവും വലിയ തകരാറ്.

### അല്മായരുടെ ലോകം

ഇന്നത്തെ ലോകത്തിൽ അല്മായരുടെ വലിയ പ്രവർത്തനസാധ്യതയാണ് ഇവിടെയുദ്ദേശിക്കുക. സുവിശേഷപ്രചാരണത്തിന്റെ കാര്യത്തിൽ വൈദികന്മാരെപ്പോലെയോ അതിലുപരിയോ അല്മായർക്കിന്നു പ്രവർത്തിക്കുവാൻ സാധിക്കും. എന്നല്ല, അല്മായർക്കുമാത്രം കടന്നുചെല്ലുവാനും വിജയകരമായി പ്രവർത്തിക്കുവാനും സാധിക്കുന്ന എത്രയോ മണ്ഡലങ്ങൾ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നു. "ഇത്തരമൊരു ലോകത്തിൽ എല്ലാസ്ഥലവും മിഷൻ രംഗങ്ങളാണ്; അതിനാൽ, എല്ലായിടത്തുമുണ്ടാവണം മിഷനറിമാർ" എന്നു അജാക്

---

### സ്നേഹം ജീവിതത്തിൽ

സ്നേഹം മനുഷ്യജീവിതത്തിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്നു നോക്കാം. പരിമിതനാണെങ്കിലും നിസ്സഹായനായ ഒരു 'യാചകനല്ല' മനുഷ്യൻ. സത്താപരമായും (ontologically) വ്യക്തിപരമായും (personal) കുറേയൊക്കെ പരിപൂർണ്ണതകൾ (perfections) ഏതൊരു മനുഷ്യനുമുണ്ട്. അവ വർദ്ധിപ്പിക്കാനാണ് അനേനിമിഷം അവൻ യത്നിക്കുന്നത്. മനുഷ്യൻ സ്വാഭാവികമായും ജീവിതാഭ്യുന്നതി കാംക്ഷിക്കുന്നുവെന്നു ചുരുക്കം. പരിപൂർണ്ണതയ്ക്കായുള്ള ഈ നൈസർഗ്ഗികാഭിലാഷം കണ്ടെത്തിയ തോമസ് അക്വിനാസ് സ്നേഹത്തെ "ചലനത്തിൻെറ ചൈതന്യം" എന്നു വിളിച്ചു.[3]

ഈ ചലനോന്മുഖതയ്ക്കു രണ്ടു ചാലുകളുണ്ട്: ഒന്നു സാഹ്യഗതവും മറേറത് അന്തർഗതവും (dimensions of exteriority and interiority).[4] തൻെറ നിലനില്പിനും ജീവിതാഭ്യുന്നതിയ്ക്കും വേണ്ട വകകൾ നേടിയെടുക്കാൻ ചുററുപാടും കൈനീട്ടാനുള്ള സാത്മീകരണപ്രേരകമായ (assimilative) ഒരു തിടുക്കമാണ് ആദ്യത്തേത്. ഇതിനെ സ്വസ്നേഹം (self-love) എന്നു വിളിക്കാം. തനിക്കുള്ള നേട്ടങ്ങളും കഴിവുകളും ഇതര മനുഷ്യരുടെ ഉന്നമനത്തിനുപയുക്തമാക്കാനുള്ള ആത്മദാനസന്നദ്ധമായ പരസ്നേഹമാണ് രണ്ടാമത്തേത് (direct-love). സ്വസ്നേഹത്തിൻെറ ലക്ഷ്യം സ്വകീയമായ അഭിവൃദ്ധിയാണെങ്കിൽ, പരസ്നേഹം ഉന്നംവയ്ക്കുന്നത് രണ്ടാമതൊരു വ്യക്തിയെയാണ്. (a thou) സ്വസ്നേഹം 'ദാരിദ്ര്യത്തിൻെറ വിളിയാണ്'[5], പരസ്നേഹം 'സമ്പത്തിൻെറ' പകുത്തുവയ്ക്കലും. രണ്ടും അധിഷ്ഠിതമായിരിക്കുന്നതു മനുഷ്യവ്യക്തിയിൽ. ജീവിതം സ്നേഹപ്രേരിതമായ ഒരു 'കൊടുക്കൽ വാങ്ങൽ' പരിപാടിയാണ് (a give-and-take process). (തുടരും)

---

3. S. T., I — II, 26, 1.
4. Robert Johann, *The Meaning of Love*, (Geoffrey Chapman, London, 1954), P. 69.
5. F. D. Wilhelmsen, *The Metaphysics of Love*, (New York, Sheed and Ward, 1962), P. 21.

പ്ലേയ് കൗൺസിലിൽ പറഞ്ഞതിൻെറ കാരണമിതാണ്.

അല്മായരെപ്പറ്റി കുറെയേറെക്കാര്യങ്ങൾ പറയാനുള്ളയാളാണ ഷിൻ ഗ്വിത്തോങ്. സഭയിൽ ഒരു സമൂഹത്തെ മറ്റൊന്നിനോടു ബന്ധപ്പെടുത്തി നിർവചിക്കുന്നതിനെ വിമർശിക്കുന്നു അദ്ദേഹം. വൈദികന്മാരല്ലാത്തവർ അല്മായർ എന്നത്രേ അല്മായരെപ്പററിപ്പറഞ്ഞുവന്നതു്. നിഷേധാത്മകമായൊരു നിർവചനമായിപ്പോയി ഇതു്. നമ്മൾ നിയതമായവിധത്തിൽ അല്മായരാകാൻ പോകുന്നു എന്നാണ് അല്മായലോകത്തോടായി ഗ്വിത്തോങ് പറയുന്നതു്. 'വിശ്വാസികളുടെ മിഷൻ' (Mission of the faithful) എന്നു പറയുന്നതാണ ഗ്വിത്തോങ് കൂടുതലിഷ്ടപ്പെടുക.

അഗ്നിസ്ഫുലിംഗങ്ങൾ അന്ധകാരത്തിലേക്കെന്നോണം അല്മായർ അന്ധകാരമയമായ ഇന്നത്തെ ലോകത്തിലേക്കുകടന്നുചെല്ലണം. നിരീശ്വരത്വവാദിയായിപ്പോകുന്നതിൽനിന്നു ആധുനികമനുഷ്യനെ രക്ഷിക്കുവാൻ അല്മായനേ സാധിക്കൂ. മനുഷ്യരുടെയിടയിൽ മനുഷ്യനായി ജീവിക്കുവാൻ അയാൾക്കാണ കൂടുതൽ സാധിക്കുക. ബഹുമുഖമാണ് ഇന്നത്തെ അല്മായൻെറ പ്രവർത്തനസാധ്യതകൾ. അല്മായർ രംഗത്തിറങ്ങിയില്ലെങ്കിൽ മുന്നോട്ടൊരുഗതിയില്ല, എന്നനില ഇന്നു സംജാതമായിരിക്കുന്നു. സഭയെപ്പററിയുള്ള ഡിക്രിയുടെ നാലാമധ്യായം മുഴുവൻ അല്മായരെപ്പററിയുള്ള കാര്യവിചാരത്തിനു മാററിവെച്ചിരിക്കുന്നതിൽ നിന്നും ഒരുകാര്യം വ്യക്തം: സഭയുടെ ജീവിതത്തിലും മിഷൻ പ്രവർത്തനങ്ങളിലുമെല്ലാം അല്മായർക്കുള്ള അവകാശങ്ങളെപ്പറ്റി തികച്ചും ബോധവാന്മാരായിരുന്നു, കൗൺസിൽ പിതാക്കന്മാർ. മുൻപു പേരുപറഞ്ഞ അല്മായരിരുവരും ഇക്കാര്യത്തിൽ വലിയ സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കുകയുണ്ടായി.

## അവരുടെ ദൗത്യം

ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയെന്നതാണ ക്രിസ്ത്യാനിയുടെ പരമമായ ദൗത്യം. ഈ ദൗത്യനിർവഹണത്തിൻെറ വിധത്തിൽ മാററം വരാമെന്നിരിക്കിലും, കാലദേശ പരിഗണനകൾക്കതീതമായ സനാതനമായൊരു ദൗത്യമാണിതു്. ഇതുതന്നെ ഇന്നത്തെ അല്മായന്റേയും ദൗത്യം. പേഗനിസത്തിനു പ്രാബല്യമുണ്ടായിരുന്ന പഴയകാലത്തു ക്രിസ്ത്യാനികൾ ചെയ്തതിതാണ്— ക്രിസ്തുവിനു സാക്ഷ്യം വഹിച്ചുജീവിക്കുക. പുതിയൊരു പേഗനിസം പ്രചരിച്ചുവരുന്ന ഇക്കാലത്തും ചെയ്യേണ്ടതിതുതന്നെ. സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് ക്രിസ്തുനാഥൻ ശിഷ്യന്മാരോടു പറഞ്ഞു: "പരിശുദ്ധാത്മാവു നിങ്ങളിൽ ആഗതനാകുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ഓർശ്ലേത്തും യൂദാ മുഴുവനിലും സമറിയായിലും ഭൂമിയുടെ സീമകളിൽപ്പോലും നിങ്ങളെനിക്കു സാക്ഷികളാകും". തിമോത്തിക്കുള്ള രണ്ടാം ലേഖനത്തിൻെറ നാലാം അധ്യായാരംഭത്തിൽ വി. പൗലോസ് ശ്ലീഹാ ഇതേ ആശയംതന്നെ പേർത്തുപേർത്തു പറഞ്ഞു വെച്ചിട്ടുണ്ടു്.

വ്യവസായരംഗത്തും വിജ്ഞാനരംഗത്തും കഴിഞ്ഞ ഒന്നുരണ്ടു നൂറ്റാണ്ടുകാലത്തു വിപ്ലവകരമായ പരിവർത്തനങ്ങളുണ്ടായപ്പോൾ അല്മായർ ക്രിസ്തുവിനു സാക്ഷ്യം വഹിച്ചുജീവിച്ചിരുന്നുവെങ്കിൽ ഭൂമിയുടെ മുഖം ഇന്നത്തെപ്പോലെ ബീഭത്സമാകുമായിരുന്നില്ല. ക്രിസ്തുവിനു സാക്ഷ്യം വഹിക്കേണ്ടവർ അന്നവിടുത്തെ നിക്ഷേധിച്ചുകൊണ്ടിരുന്നുവെന്നതാണ പരമാർത്ഥം. ജീവിതത്തിലേ ഒന്നോ രണ്ടോ കർമ്മാനുഷ്ഠാനങ്ങൾമാത്രം ക്രിസ്തുവിന്നായി വെച്ചിട്ട് ബാക്കി ജീവിതത്തിൽ നിന്നവിടുത്തെ നിഷ്ക്കാസനം ചെയ്തു, അവർ. ഇതിന്റെ ഉത്തരവാദിത്വം വഹിക്കേണ്ടതാർ. അല്മായരോ വൈദികന്മാരോ? കൂടുതലുത്തരവാദിത്വം വൈദികന്മാർക്കെന്നു വിശ്വസിക്കുന്നവനാണീലേഖകൻ. ഓരോ ജീവിതമണ്ഡലത്തിലും ക്രിസ്തുവിനു സാക്ഷ്യം വഹിച്ചു ജീവിക്കുവാൻ അല്മായനെ ഒരുക്കേണ്ടവനാണ വൈദികൻ. പക്ഷേ, കഴിഞ്ഞകാലങ്ങളിൽ സംഭവിച്ചതെന്താണ്? അല്മായൻ സ്വീകരിച്ചവിധമൊരു പരാങ്മുഖമനഃസ്ഥിതി അല്മായനെപ്പററി വൈദികനും കൈക്കൊണ്ടു. അതേസമയം വൈജ്ഞാനികമുന്നേററത്തിന്റേയും വ്യവസായവിപ്ലവത്തിന്റേയും ഫലമായി നൂറുകണക്കിനു പുതിയ പുതിയ ജീവിതമുഖങ്ങൾ രൂപം കൊണ്ടുവരുന്നുണ്ടായിരുന്നു. അവിടെങ്ങും ക്രിസ്തുവിൻെറ സാന്നിധ്യമുണ്ടായിരുന്നില്ല. ക്രിസ്ത്യാനികളുണ്ടായിരുന്നിട്ടും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാൻ ആളില്ലാതെപോയി. ഇരുപതാംശതകമായപ്പോഴേക്കും പകൽ പോലൊരു യാഥാർത്ഥ്യമായി ഇതു്. വൈദികലോകമപ്പോൾ കുറച്ചൊന്നു കണ്ണുതുറന്നു. എന്നിട്ടുചെയ്തതെന്താണ്? ക്രിസ്തുസംവാഹകരാക്കി അല്മായരെ രംഗത്തിറക്കാൻ ശ്രമിക്കുന്നതിനുപകരം വൈദികന്മാർതന്നെ നേരിട്ടങ്ങിടപെടാമെന്നു വെച്ചു. ഫ്രാൻസിൽ പരീക്ഷിച്ചു പരാജയപ്പെട്ട തൊഴിലാളി വൈദികപ്രസ്ഥാനത്തിൻെറ ഉത്ഭവമിവിടെയാണ്. പ്രസ്ഥാനം പുനരാരംഭിക്കുന്നുവെന്നു കേൾക്കുന്നതിൽനിന്ന് ഒരുന്നു ഊഹിക്കേണ്ടു, അവിടത്തെ അല്മായലോകം ഇന്നും ക്രിസ്തുവിൽനിന്നകലത്താണ്.

(തുടരും)

www.malankaralibrary.com

# സെ. വിൻസെൻറ് ഡി പോൾ സഖ്യം
# ഇടവകയ്ക്കു് ഒരനുഗ്രഹം

ക്രിസ്തുനാഥൻ രോഗികളേയും അവശരേയും അന്വേഷിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും എഴുപത്തിരണ്ടു ശിഷ്യന്മാരെ നിയോഗിച്ചു. പിന്നീടു ശ്ലീഹന്മാരും ഈദൃശകാര്യങ്ങൾക്കു പ്രത്യേകം ശിഷ്യന്മാരെ ഏർപ്പെടുത്തി. പില്ക്കാലത്തു്, പാവങ്ങളേയും രോഗികളേയും അന്വേഷിക്കുന്നതിനും മററും ഇടവകവൈദികർക്കു തുണയായി ഡീക്കന്മാരെ നിയമിച്ചിരുന്നു. ഇടവകവികാരിമാർക്കു് അന്നത്തെപ്പോലെ ഇന്നുമുണ്ടു പാവങ്ങൾ. അവരെ സഹായിക്കേണ്ടതുമാണു്. പക്ഷെ ഇക്കാലത്തു ഇതിനു വ്യവസ്ഥാപിതമായ ഏർപ്പാടുകളൊന്നുമില്ല; ശിഷ്യന്മാരും ഡീക്കന്മാരും ഇല്ല. ചില രാജ്യങ്ങളിൽ ഈവിധകാര്യങ്ങൾ സെ. വിൻസെൻറു് ഡി പോൾ സഖ്യം കോൺഫ്രൻസുകൾ നിർവഹിച്ചുവരുന്നു. ഇതു തികച്ചും ആദരണീയമാണു്. ഇടവകവൈദികർ ഇടവകകളിൽ കോൺഫ്രൻസുകളേർപ്പെടുത്തി ഈവിധം ഉപയോഗപ്പെടുത്തുന്നതു യോഗ്യവും ഇടവകകൾക്കു ഒരനുഗ്രഹവുമായിരിക്കും.

സാമൂഹ്യസേവനത്തിൻെറ പേരിൽ പൊതുസംഘടനകളും ഗവണ്മെൻറും ഒട്ടേറെ പരസ്യങ്ങളും പ്രചാരണവും "ഒച്ചപ്പാടു"കളും നടത്തുന്ന ഇക്കാലത്തു കത്തോലിക്കരും കാലോചിതമായി ഉണർന്നുപ്രവർത്തിക്കുന്നില്ലെങ്കിൽ അവർ അവഗണിക്കപ്പെട്ടു പരാജിതരാകും. ഇക്കാലത്തു ഓരോ ഇടവകയിലും സാമൂഹ്യസേവനം എത്രയും കാര്യക്ഷമമായി നടത്തേണ്ടതാണു്. പക്ഷെ ഇടവകവൈദികർക്കു ഇതിനുവേണ്ട സഹായമോ സൗകര്യമോ ഉണ്ടാകയില്ല. എന്നാൽ സെ. വിൻസെൻറു് ഡി പോൾ സഖ്യം കോൺഫ്രൻസുകൾവഴി ഈവിധ കാര്യങ്ങൾ സ്തുത്യർഹമായി നിർവഹിക്കുന്നതിനും അങ്ങനെ ഈ കുറവു പരിഹരിക്കുന്നതിനും സാധിക്കും. സെ. വിൻസെൻറു ഡി പോൾ സഖ്യമാകട്ടെ യഥാർത്ഥ സാമൂഹ്യസേവനത്തിനു വേണ്ടി നിലകൊള്ളുന്നു. "സാമൂഹ്യസേവനം എന്തെന്നും എങ്ങിനെ സാധിക്കണമെന്നും പാവങ്ങളുടെ വസതികളിൽപോയി അവരുടെ ജീവിതവും ആവശ്യങ്ങളും മനസ്സിലാക്കി പഠിക്കണം" എന്നു ഈ സഖ്യം സ്ഥാപകനായ ഫ്രെഡറിക്കു ഓസ്സാനം സമർത്ഥിച്ചിട്ടുണ്ടു്. സാമൂഹ്യസേവനം ഫലപ്രദമാകണമെങ്കിൽ സേവനം ശാരീരികവും ആത്മീയവുമായിരിക്കണം. ശരീരത്തോടും ആത്മാവോടുംകൂടിയ മനുഷ്യനു ശരീരപോഷണത്തിനുപരിയായി ആത്മപോഷണം ആവശ്യമാണു്. തന്മൂലം സെ. വി. ഡി പോൾ സഖ്യം ശരീരപൂജയെപ്പോലെ ആത്മപൂജയെയും ലാക്കാക്കിക്കൊണ്ടും യഥാർത്ഥമായ സാമൂഹ്യസേവനം നിർവഹിക്കുന്നു. ജീവകാരുണ്യപരമായ ശാരീരിക സേവനംകൊണ്ടുമാത്രം സെ. വി. ഡി പോൾ സഖ്യത്തിൻെറ സേവനം പൂർത്തിയാകുന്നില്ല; അനശ്വരമായ ആത്മാവിനുവേണ്ടിയുള്ള ആത്മീയസേവനംകൊണ്ടെ അതു പൂർത്തിയാകുന്നുള്ളൂ; ഇതുകൊണ്ടേ ഒരു ആത്മാർത്ഥ വിൻസെൻഷ്യൻ സംതൃപ്തനാകയുള്ളൂ. ഈവിധം പ്രവർത്തിക്കുന്ന ഒരു സെ. വി. ഡി പോൾ സഖ്യം കോൺഫ്രൻസു ഏതൊരിടവകക്കും സർവഥാ അനുഗ്രഹമായിരിക്കും.

"സെ. വിൻസെൻറു ഡി പോൾ സഖ്യം ഒരിടവകയിൽ ഒരനുഗ്രഹമായിരിക്കും. ഈ സഖ്യം എല്ലാ ഇടവകകളിലും സ്ഥാപിച്ചു പ്രവർത്തിക്കുന്നു എന്നറിയുന്നതു നമുക്കു അത്യധികം ആനന്ദകരമായിരിക്കും". (11-ാം പീയൂസ് മാർപ്പാപ്പാ).

**ഡേവിഡ് മഹാപിള്ള**

### ആദ്ധ്യാത്മികസംഘടന

സെ. വിൻസെൻറു് ഡി പോൾ സഖ്യം കേവലം ജീവകാരുണ്യപരമായ ഒരു പരസഹായസംഘടനയല്ല, തികച്ചും ആദ്ധ്യാത്മികസംഘടനയാണു്. ആദ്ധ്യാത്മികം എന്നതിനു ഭക്തിപ്രകടനങ്ങളെന്നോ, ഭക്തിക്കടുത്ത ആചാരാനുഷ്ഠാനങ്ങളെന്നോ അർത്ഥമില്ല. ആത്മാവിനെ ബന്ധിക്കുന്ന, അഥവാ ആത്മവിശുദ്ധീകരണത്തിനു സഹായകമായിട്ടുള്ള ഏതും ആത്മീയമാണു്.

ഇന്നു മനുഷ്യരധികവും ഏതൊന്നും ലൗകികദൃഷ്ട്യാ വീക്ഷിക്കുകയും സാമ്പത്തികതോതുകൊണ്ടു അളക്കുകയുമാണല്ലോ ചെയ്യുന്നതു്. സെ. വിൻസെൻറു് ഡി പോൾ സഖ്യത്തേയും ഏതൽപ്രവർത്തനങ്ങളെയും അനേകരും അളക്കുന്നതു ഈ തോതുകൊണ്ടുതന്നെയാണു്. തന്മൂലം ഈ സഖ്യത്തേയും പ്രവർത്തനങ്ങളെയും നേരായി അറിയുന്നതിനോ ആദരിക്കുന്നതിനോ അനേകർക്കും കഴിയുന്നില്ല. പലരും വെറും പരസഹായസംഘമെന്നു തെററിദ്ധരിക്കുകയും ചെയ്യുന്നു. ഈ സഖ്യത്തേയും

www.malankaralibrary.com

പ്രവൎത്തനങ്ങളേയും ശരിയായി ഗ്രഹിക്കുന്നതിനും വിലമതിക്കുന്നതിനും വിശ്വാസത്തിന്റെ വെളിച്ചത്തിൽക്കൂടി വീക്ഷിക്കുകയും വിശ്വാസത്തിന്റെ തോതുകൊണ്ടു അളക്കുകയും വേണം. ഇങ്ങനെ നോക്കുമ്പോൾ ഈ സഖ്യത്തിലെ എത്ര നിസ്സാരമായ പ്രവൎത്തനങ്ങളും വിലയേറിയ ആത്മീയസമ്പത്തു നേടുന്നതിനുപകരിക്കുന്നതാണെന്നു പ്രസ്പഷ്ടമാണ്.

## സഖ്യത്തിന്റെ ഉൽഭവം

പ്രസംഗങ്ങളും ലേഖനങ്ങളുംവഴി കത്തോലിക്കാവിശ്വാസം പുനരുദ്ധരിക്കുവാൻ പ്രയത്നിച്ച ഭഗ്നാശയരായ ഏതാനും യുവാക്കന്മാരാണു ഈ സഖ്യം സ്ഥാപിച്ചതു്. അവർ കത്തോലിക്കാമതതത്വങ്ങളെയും ശ്രേഷ്ഠമായ പാരമ്പര്യങ്ങളെയും പ്രകീൎത്തിച്ചു പ്രസംഗിക്കവെ മതവിരോധികളിൽ ഒരാൾ ചോദിച്ചു: "കത്തോലിക്കൎക്കു് ഉൽകൃഷ്ട തത്വസംഹിതകളും ശ്രേഷ്ഠമായ പാരമ്പര്യങ്ങളും ഉള്ളതുകൊണ്ടെന്തുവിശേഷം, അതനുസരിച്ചാണോ കത്തോലിക്കർ ജീവിക്കുന്നതു്? കഷ്ടപ്പെടുന്ന പാവങ്ങൾക്കുവേണ്ടി കത്തോലിക്കർ എന്തുചെയ്യുന്നു?" എന്നു്. ഈ ചോദ്യങ്ങൾക്കുത്തരം കൊടുക്കുവാൻ കഴിയാതെ ഓസ്സാനാമും കൂട്ടുകാരും പിന്തിരിഞ്ഞു; പ്രസംഗങ്ങളും വാദപ്രതിവാദങ്ങളും അവസാനിപ്പിച്ചു് പരസ്നേഹംവഴി വിശ്വാസം പ്രാവൎത്തികമാക്കാൻ അവർ നിശ്ചയിച്ചു, ഒരു തികഞ്ഞ മതതീക്ഷ്ണനായിരുന്ന പ്രൊഫസ്സർ ബെയിലിയുടെ നേതൃത്വത്തിൽ ആ യുവാക്കന്മാർ 1833 മേയ്മാസത്തിൽ—(തീയതിയും ദിവസവും അറിയാൻ രേഖകളൊന്നുമില്ല)— ഈ സഖ്യം സമാരംഭിച്ചു. "അംഗങ്ങളിൽ കത്തോലിക്കാ അരൂപി ഉത്തേജിപ്പിച്ചു അതു അവരിൽ സജീവമാക്കുകയും അന്യരിലേക്കു പകൎന്നു അവരിലും അതിനെ സജീവമാക്കുകയും ചെയ്യുക" എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം.

പ്രവൎത്തനപരിപാടികൾക്കും മററുമായി, അദ്ധ്യക്ഷൻ ബെയിലിയുടെ നിൎദ്ദേശപ്രകാരം, അവർ ക്രിസ്തുനാഥന്റെ മാതൃകയിലേക്കും ഉപദേശങ്ങളിലേക്കും — സുവിശേഷപ്രബോധനങ്ങളിലേക്കു്—തിരിഞ്ഞു. "നിങ്ങളുടെ വിശുദ്ധീകരണം, ഇതത്രെ ദൈവഹിതം" എന്ന സുവിശേഷവാക്യം അവർ ലക്ഷ്യമായി സ്വീകരിച്ചു. ഈ ലക്ഷ്യപ്രാപ്തിക്കു സഹായകവും എതിരാളികളുടെ മുൻപറഞ്ഞ രണ്ടു ചോദ്യങ്ങൾക്കും മറുപടിയുമാകത്തക്ക പ്രവൎത്തനപരിപാടിയെപ്പററി അവർ ചിന്തിച്ചു. ബെയിലി മാതൃകയായി നിൎദ്ദേശിച്ചു, യാക്കോബ് ശ്ലീഹായുടെ 1–ാം അദ്ധ്യായം 27–ാം വാക്യം:– "അനാഥരെയും വിധവകളെയും അവരുടെ ഞെരുക്കങ്ങളിൽ സന്ദൎശിച്ചാശ്വസിപ്പിക്കുകയും തന്നെത്തന്നെ കളങ്കമില്ലാതെ കാത്തുകൊള്ളുകയും ചെയ്യുകയാകുന്നു പിതാവായ ദൈവത്തിനു ഏററം ഇഷ്ടമായിട്ടുള്ള നിൎമ്മലമായജീവിതം". ഇതു ഈ സഖ്യത്തിന്റെ പ്രവൎത്തനമാതൃകയായി സ്വീകരിച്ചു. തദനുസരണം കഷ്ടതയനുഭവിക്കുന്ന പാവങ്ങളെ ദത്തെടുത്തു അവരുടെ വസതികളിൽപ്പോയി സന്ദൎശിച്ചു ശാരീരികമായും ആദ്ധ്യാത്മികമായും സഹായിച്ചാശ്വസിപ്പിക്കുവാൻ നിശ്ചയിച്ചു.

## പ്രവൎത്തനങ്ങൾ

ക്രിസ്തുനാഥൻ ഏററം വിലമതിക്കുന്നതും മനുഷ്യരെ വിധിക്കുന്നതിനു അവിടുന്നു മാനദണ്ഡമാക്കുന്നതുമായ, "വിശക്കുന്നവൎക്കു ഭക്ഷിക്കുവാനും, കുടിക്കാനില്ലാത്തവൎക്കു കുടിക്കുവാനും, ഉടുക്കാനില്ലാത്തവൎക്കു ഉടുക്കാനും, കിടക്കാനില്ലാത്തവൎക്കു കിടക്കാനും" ഉണ്ടാക്കികൊടുക്കുകയാണു ഈ സഖ്യത്തിലെ സാധാരണപ്രവൎത്തനങ്ങൾ. ഈവിധ ശാരീരിക സഹായങ്ങൾവഴി പാവങ്ങളുടെ സ്നേഹവും വിശ്വാസവും നേടിയശേഷം അവൎക്കു വേ

WITH THE BEST COMPLIMENTS

THE

ROYAL

STUDIO

ERNAKULAM

www.malankaralibrary.com

# ലീജിയന്റെ മദ്ധ്യസ്ഥരിൽ ഒരാളായ വിശുദ്ധ പൗലോസ്

സി. ഏലിക്കുട്ടി ചൂളക്കൽ, ബി. എ., എൽ. റ്റി.

കേരളത്തിൽ "ലീജിയൻ ഓഫ് മേരി"യുടെ പ്രവർത്തനമാരംഭിച്ചതിന്റെ രജതജൂബിലി ആഘോഷിച്ചുകഴിഞ്ഞ ഈ അവസരത്തിൽ ലീജിയന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥരിലൊരാളായ വി. പൗലോസിനെ സ്മരിക്കുന്നതും, വിശുദ്ധന്റെ പ്രേഷിതവേലയെക്കുറിച്ച് പഠിക്കുന്നതും, താദൃശ്യ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ലീജിയനറിമാർക്ക് ഉത്തേജനം നല്കാതിരിക്കയില്ല.

ക്രിസ്തുശതകത്തിന്റെ ആദ്യഘട്ടത്തിൽ വി. പൗലോസ് നടത്തിയ അപ്പസ്തോലികപ്രവർത്തനവും ഇരുപതാംനൂററാണ്ടിൽ "മരിയസൈന്യം" നടത്തുന്ന പ്രേഷിതപ്രവർത്തനവും തമ്മിൽ വളരെയധികം സാമ്യമുണ്ട്.

വി. പൗലോസ് ഭവനം തോറും സന്ദർശനം നടത്തിയതായി അപ്പസ്തോലനടപടികളും ലേഖനങ്ങളും പ്രഖ്യാപിക്കുന്നു. വിശുദ്ധന്റെ പ്രയത്നങ്ങൾ എല്ലാംതന്നെ പൊതുരംഗപ്രസംഗങ്ങളും, പൗരപ്രമാണികളുമായിച്ചെയ്ത വാദപ്രതിവാദങ്ങളുമാണെന്ന് പലർക്കും ഒരു ധാരണയുണ്ട്. എന്നാൽ താഴെ വരുന്ന വാക്യങ്ങൾ ശ്രവിക്കുക: "നിങ്ങളോട് പ്രസംഗിക്കേണ്ടിവന്ന അവസരങ്ങളിൽ ഒരിക്കലും ഞാൻ നിങ്ങളെ നിരാശരാക്കിയിട്ടില്ല". ഭവനംതോറും നടന്ന് ഉപദേശിക്കുകയും തദ്വാരാ ജനങ്ങളെ സത്യമതത്തിൽ ഉറപ്പിക്കുകയും ചെയ്യുകയെന്നത് വിശുദ്ധന്റെ പരിപാടിക്രമമായിരുന്നു. വ്യക്തികളുമായി സമ്പർക്കം പുലർത്തി അവരുടെ ആദ്ധ്യാത്മികജീവിതത്തിന് പ്രചോദനംനല്കി ക്ലേശങ്ങളെ ദൂരീകരിക്കുവാൻ ശ്രമിക്കുക ലീജിയനറിമാരുടെ കർത്തവ്യമാണ്.

വിശുദ്ധ പൗലോസ് യാത്രചെയ്തതു സഹപ്രവർത്തകരുമായിട്ടത്രെ. ആദ്യം ബർണ്ണബാസിനേയും പിന്നീട് സീലാസിനേയും സഹസന്ദർശകരായി കൊണ്ടുപോയി. അപ്പസ്തോലന്റെ നടപടി അപ്രകാരമായിരുന്നുവെന്ന് വിശുദ്ധ ലൂക്കായുടെ പ്രസ്താവനകളും സൂചനനല്കുന്നു. ഈരണ്ടുപേരായി പോകുന്നതിന് ദിവ്യരക്ഷകന്റെ നിർദ്ദേശം ആധാരമായി വരുന്നുണ്ട്. അവിടുന്നു 72 ശിഷ്യന്മാരെ തെരഞ്ഞെടുത്തുകൊണ്ട് പറഞ്ഞതു ഇപ്രകാരമാണ്: " നിങ്ങൾ ഈരണ്ടുപേരായി നഗരങ്ങളിൽ... (ഉൾപ്പെടെ)

---

ണ്ട ആദ്ധ്യാത്മികസഹായങ്ങൾ ചെയ്യുക—ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും രക്ഷയുടെയും സന്ദേശങ്ങളെ അവരിലേക്കു പകർന്നുകൊടുക്കുക—ഇതത്രെ ഈ സഖ്യത്തിലെ പരമപ്രധാനമായ പ്രവർത്തനം. സാധുഗൃഹസന്ദർശനങ്ങളും ആത്മീയസഹായങ്ങളും ഇതിലെ പ്രവർത്തനങ്ങളുടെ പൂർത്തീകരണമാണ്. ഇതിലെ എല്ലാ പ്രവർത്തനപരിപാടികളും ആദർശങ്ങളും, "ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴൊക്കെയും എനിക്കുതന്നെ ആകുന്നു ചെയ്തതു", എന്നു സത്യമായി നിങ്ങളോടു ഞാൻ പറയുന്നു" എന്ന ക്രിസ്തുനാഥന്റെ വാഗ്ദാനത്തെ ആദരിച്ചും ആധാരമാക്കിയും നവീകരിച്ചിട്ടുള്ളതാണ്. ഈ സഖ്യം സ്ഥാപിച്ച യുവസഹോദരന്മാർ "See Christ in the poor & Serve Christ through the poor" – "സാധുക്കളിൽ ക്രിസ്തുവിനെ ദർശിച്ചു സാധുക്കളിൽക്കൂടി ക്രിസ്തുവിനെ സേവിക്കുക" എന്നതു അവരുടെ മുദ്രാവാക്യമായി സ്വീകരിച്ചു. ഈ മുദ്രാവാക്യം അവരുടെ വിചാരങ്ങളിലും വികാരങ്ങളിലും പ്രവർത്തികളിലും അവരെ നയിച്ചിരുന്നു എന്നു്, എല്ലാററിലും അവർക്ക് പ്രചോദനവും പ്രേരണയും ഉത്സാഹവും നൽകിയിരുന്നു എന്ന് ഓസ്സാനാം സാക്ഷിച്ചിട്ടുണ്ട്.

വിശ്വാസതീക്ഷ്ണരും വിശാലവീക്ഷകരുമായിരുന്ന ഏഴു യുവാക്കന്മാർകൂടി സമാരംഭിച്ച ഈ സഖ്യം അതിവേഗം വളർന്നു വികസിച്ചു വിശ്വവ്യാപകമായിത്തീർന്നു. ദേശകാലങ്ങളനവധി കടന്നെങ്കിലും, സ്ഥലകാലസ്ഥിതിഗതികൾക്കനുസരണമായി അന്നു സ്വീകരിച്ച പ്രവർത്തനാദർശങ്ങളും പരിപാടികളും ഇന്നും എല്ലായിടത്തും അനസ്യൂതം അനുവർത്തിച്ചുവരുന്നു. ഏവംവിധമുള്ള ഈ സഖ്യത്തിന്റെ ഒരു ശാഖ ഒരിടവകയിൽ പ്രവർത്തിക്കുന്നു എങ്കിൽ അതു തീർച്ചയായും ആ ഇടവകക്കു സർവവിധത്തിലും അനുഗ്രഹമായിരിക്കുമെന്ന് നിസ്സംശയം പറയാം. ഇതുകൊണ്ടാണു ഈ സഖ്യം എല്ലാ ഇടവകകളിലും സ്ഥാപിതമായിക്കാണുവാൻ പ. മാർപ്പാപ്പാമാർ അവരുടെ അഭിലാഷമറിയിച്ചിട്ടുള്ളതു്.

www.malankaralibrary.com

ങ്ങളിലും ദൂരസ്ഥലങ്ങളിലുംപോയി സുവിശേഷം പ്രസംഗിക്കുവിൻ''. വിശുദ്ധ പൗലോസിൻെറ സഹായത്തിനായി ഒടുവിൽ വിശുദ്ധ ലൂക്കായും ഉണ്ടായിരുന്നുവെന്നാണ് പാരമ്പര്യം തെളിയിക്കുന്നതു്.

പൗലോസ് മാനസാന്തരപ്പെട്ടവരെ വീണ്ടും സന്ദർശിച്ചുപോന്നുവെന്ന നടപടി XIV—21-ൽ രേഖപ്പെടുത്തിക്കാണുന്നു. ബർണ്ണബാസും സാവൂളും ലിസ്ത്രാ, അന്ത്യോക്യ, ഐക്കോണ്യം എന്നീ സ്ഥലങ്ങളിലേക്ക് മടങ്ങിച്ചെന്ന് ശിഷ്യരെ ക്രമജീവിതത്തിൽ സ്ഥിരപ്പെടുത്തുകയും വിശുദ്ധൻതന്നേയും മാനസാന്തരപ്പെട്ടവരെ വീണ്ടും സന്ദർശിക്കുകയുംചെയ്യുവെങ്കിൽ അതു് യാദൃശ്ചികമായി സംഭവിച്ചതല്ല. നേരെമറിച്ച് അതു് ഒരു നയപരിപാടിയായി വി. പൗലോസ് അവലംബിച്ച പദ്ധതിയാണ്. നടപടി XV—36-ൽ വി. പൗലോസ് ബർണ്ണബാസിനോട്ട് ഇപ്രകാരം പറഞ്ഞതായിക്കാണുന്നു. ''നമുക്കു തിരിച്ചുപോയി നാം ദൈവവചനം പ്രസംഗിച്ചിട്ടുള്ള എല്ലാ നഗരങ്ങളിലും നമ്മുടെ സഹോദരന്മാരെ സന്ദർശിച്ച് അവർ എങ്ങനെ ജീവിതം തുടരുന്നുവെന്ന് അന്വേഷിക്കാം'' – അവരുടെ കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചില്ലെങ്കിൽ അവർ വിശ്വാസത്തിൽ സ്ഥിരമായി നില്ക്കുകയില്ലായിരുന്നുവെന്ന പൗലോസിന് അറിയാമായിരുന്നതുകൊണ്ടാണ് അങ്ങനെ പ്രവത്തിച്ചതു്. മരിയസൈനികരും സഹായകാംഗങ്ങളേയും അനുഭാവികളേയും വീണ്ടും സന്ദർശിക്കേണ്ടതാണ്. അവക്ക് പ്രോത്സാഹനം നല്കുവാനായി ലീജിയൻ നമ്മുടെ നാട്ടിലെന്നപോലെ വിദേശങ്ങളിലും എന്തെല്ലാം പ്രവത്തനമാണ് നടത്തിപ്പോരുന്നതെന്ന് അവരെ ഗ്രഹിപ്പിക്കുന്നതു് നന്നായിരിക്കും. അങ്ങനെ ലീജിയൻ മഹാസൈന്യത്തിലെ ഒരംഗമാണെന്ന് അഭിമാനിക്കുവാൻ അവക്ക് ഇടയാകും.

നമ്മുടെ ദൃഷ്ടിയിൽ എല്ലായ്പ്പോഴും ഉണ്ടായിരിക്കേണ്ട മറെറാരു പ്രധാന സംഗതി നാം നിവ്വഹിക്കേണ്ട പ്രചാരവേലയാണ്–അപ്പോസ്തോല നടപടികളിലായാലും വി. പൗലോസിൻെറ ലേഖനങ്ങളിലായാലും അവയിൽ ഓരോന്നിലും നാം കാണുന്നതു് ദൈവരാജ്യം പ്രചരിപ്പിക്കുന്നതിനു് അപ്പസ്തോലനുണ്ടായിരുന്ന വ്യഗ്രതയാണ്. ദൈവരാജ്യത്തിൻെറ അതിത്തികൾ അദ്ദേഹം അനുസ്യൂതം വികസിപ്പിച്ചുകൊണ്ടിരുന്നു. വി. പൗലോസിൻെറ ഓരോ യാത്രയും ദൈവത്തിൻെറ രാജ്യം വിസ്തൃതമാക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. (മദ്ധ്യേമാഗ്ഗം ''ഡർബി''യിൽവച്ച് തിമോത്തിയൂസിനെ കണ്ടുമുട്ടി. അദ്ദേഹത്തെ സഹയാത്രികനായി വിശുദ്ധൻ സ്വീകരിച്ചു).

ലീജിയൻ ധീരതയ്ക്കു വി. പൗലോസ് ഉത്തമ മാതൃകനല്കുന്നു. കപ്പൽനാശം, ജയിൽവാസം, മദ്ദനം, കല്ലേറു് ഇവ എല്ലാററിനേയും അഭിമുഖീകരിച്ചുകൊണ്ട് വിശുദ്ധൻ പ്രേഷിതപ്രവത്തനത്തിൽ മുന്നേറി. ജറുസലേമിലേക്ക്ചെന്നാൽ അവിടെ ജയിൽവാസം അനുഭവിക്കേണ്ടിവരുമെന്ന പ്രവചനം അസന്നിഗ്ദ്ധമായ ഭാഷയിൽ അപ്പസ്തോലൻ മനസ്സിലാക്കി. ജറുസലേമിൽ സ്വാതന്ത്ര്യനഷ്ടവും ദണ്ഡനവും അനുഭവപ്പെടുമെന്ന് പരിശുദ്ധാത്മാവു് നിശിദമായി പറഞ്ഞു (നടപടി XX—23). അങ്ങോട്ടു പോകരുതെന്ന് തൻെറ മിത്രങ്ങൾ അഭ്യത്ഥിച്ചു. ഈ കാര്യത്തിൽ ദൈവനിശ്ചയം അറിയാമായിരുന്നതുകൊണ്ട് അദ്ദേഹം ജറുസലേമിലേക്കുപോയി. വിശുദ്ധ പൗലോസിനു് ഈ ധൈര്യം എവിടെനിന്നു് ലഭിച്ചുവെന്നു് ഓരോ ലീജിയനറിയും അറിയേണ്ടതു് അവശ്യാവശ്യകമാണ്. അതു പരിശുദ്ധാത്മാവിൽനിന്നത്രെ. നാം സ്വീകരിച്ച പരിശുദ്ധാരൂപി ദൈവസ്നേഹം നമ്മിലേക്കു പകരുന്നു (റോ. V, 5). അവർ പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടു (നടപടി XIV—4). എഫേസൂസിൽവച്ചു പൗലോസ് ചില ശിഷ്യന്മാരെ കണ്ടുമുട്ടിയപ്പോൾ ചോദിച്ച ഒന്നാമത്തെ ചോദ്യം നിങ്ങൾ സത്യവിശ്വാസം അംഗീകരിച്ചപ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുവോ എന്നായിരുന്നു. അവർ പരിശുദ്ധാത്മാവിനെപ്പററി കേട്ടിട്ടില്ലെന്നു് പറഞ്ഞപ്പോൾ ആ പോരായ്മ വി. പൗലോസ് പരിഹരിച്ചുകൊടുത്തു. ലീജിയനറിമാരും പൗലോസിനെ അനുകരിച്ച് പരിശുദ്ധാത്മാവിനു തങ്ങളെത്തന്നെ സമപ്പിക്കണം.

നാം ഏതൊരു ധീരാത്മാവിനെ മാതൃകയായി സ്വീകരിച്ചിരിക്കുന്നുവോ അദ്ദേഹത്തെപ്പോലെ ആയിത്തീരുവാൻ ശ്രമിക്കണം. ലീജിയൻെറ മദ്ധ്യസ്ഥനായ വി. പൗലോസിൻെറ ധീരത വലിയ കാര്യങ്ങൾ ചെയ്യാൻ നമ്മെ പ്രേരിപ്പിക്കട്ടെ!

www.malankaralibrary.com

# അല്മായ സെമ്മിനാരിയോടനുബന്ധിച്ച് ഒരു ബീഡാകോളേജ്

**ജെ. സി. ചിറമ്മൽ**
(മാനേജർ, സെ. ജോസഫ്സ് മോഡൽ ഹൈസ്കൂൾ, കുരിയച്ചിറ, തൃശ്ശൂർ.)

"അല്മായപ്രേഷിത"രുടെ ജനുവരി ലക്കത്തിൽ ശ്രീ തോമസ് മാത്യു "കേരളത്തിൽ അല്മായ സെമ്മിനാരി" എന്ന ശീർഷത്തിൽ എഴുതിയിരുന്ന ലേഖനം വായിച്ചു.

കേരളത്തിലെ അല്മായർക്കു ദൈവവിജ്ഞാനീയത്തിലും സഭാചരിത്രത്തിലും മറ്റും അവഗാഹം ഉണ്ടാകുന്നതിനും ഉത്തമ അല്മായപ്രേഷിതരെ വാർത്തെടുക്കുന്നതിനും അല്മായ സെമിനാരിയും അല്മായ സെന്ററും ഉപകരിക്കാതിരിക്കയില്ല. ആ ലേഖനം വായിച്ചപ്പോൾ ഒരു വയോജന സെമ്മിനാരിയുടെ കാര്യംകൂടി എന്റെ സ്മരണയിലുദിക്കയുണ്ടായി.

ഈയ്യിടെ നമ്മുടെ നാട്ടിൽനിന്നും റോമിൽ ചെന്ന ഒരു വൈദികൻ അവിടെക്കണ്ട ഒരു വൃദ്ധവൈദികനെ 'അച്ചാ' എന്നു് ആദരവോടെ ആഭിവാദ്യം ചെയ്തു. ആ എഴുപത്തിരണ്ടുകാരൻ ഉടനെ തിരിഞ്ഞുനിന്നുകൊണ്ടു് പറഞ്ഞു: "ഞാൻ അച്ചനൊന്നുമല്ല. ബീഡാകോളേജിലെ ഒരു വിദ്യാർത്ഥിയാണു്". വൈദികരാകാനാഗ്രഹിക്കുന്ന വൃദ്ധന്മാർക്കുവേണ്ടിയുള്ള ഒരു സെമ്മിനാരിയാണു് റോമ്മിലുള്ള "ബീഡാകോളേജ്". ഇംഗ്ലീഷ് സംസാരിക്കുന്ന ഇംഗ്ലണ്ട്, ഐർലണ്ട്, അമേരിക്ക, ക്യാനഡ, ആസ്ത്രേല്യ, തെക്കെആഫ്രിക്ക മുതലായ രാജ്യങ്ങളിൽനിന്നുവരുന്ന പെൻഷ്യൻകാരാണു് പ്രസ്തുതകോളേജിലെ വിദ്യാർത്ഥികൾ. പട്ടാളമേധാവികളും വലിയ ഉദ്യോഗസ്ഥന്മാരും, രാഷ്ട്രീയനേതാക്കന്മാരും, കോളേജ്പ്രൊഫസ്സർമാരും അവിടെ പഠിക്കാൻ ചെല്ലുന്നുണ്ടു്. അതിശയിക്കുന്ന ജീവിതപരിശുദ്ധിയുള്ളവരും ഉണ്ടു് അവരിൽ. വി. പൗലോസിനെപ്പോലെ തീക്ഷ്ണമതികളായ ചിലരേയും കാണാം.

ഇങ്ങനെ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ഉച്ചതിരിഞ്ഞു് നാലുമണിക്കുശേഷം പണിക്കെത്തുന്ന ഈ വേലക്കാരിൽ ഭൂരിപക്ഷവും ഭാര്യ ഇല്ലാത്തവരോ ഭാര്യ മരിച്ചവരോ ആയിരിക്കും. ഉള്ളവരാണെങ്കിൽ ആജീവനാന്തം പിരിഞ്ഞു് താമസിക്കുവാനുള്ള ഭാര്യയുടെ സമ്മതപത്രവും വാങ്ങിക്കൊണ്ടുവരണം. ലത്തീൻ പഠിക്കേണ്ട ആവശ്യമില്ല. ഇംഗ്ലീഷാണു് ബോധനഭാഷ. വിദ്യാർത്ഥികൾക്കു എഴുതാൻ കൈവിറയ്ക്കുന്നതുകൊണ്ടു് പരീക്ഷ വാഗ്രൂപേണയാണു്. അങ്ങനെ മൂന്നോ നാലോ കൊല്ലത്തെ അഭ്യസനത്തിനുശേഷം ലോകപരിചയത്തിന്റെ നിറകുടങ്ങളായ ഇവർ കർത്താവിന്റെ വൈദികരായി പട്ടമേററു് നാട്ടിലേക്കു സേവനത്തിന്നായി മടങ്ങിപ്പോകുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പു് പോസ്റ്റ്മാസ്റ്റർ ജനറൽ ആയിരുന്ന ഒരു തമിഴൻ ബീഡാകോളേജിൽപോയി പഠിച്ചു് വൈദികനായി മടങ്ങിവന്നിട്ടുണ്ടു്. ഈ നവവൈദികർ പട്ടം സ്വീകരിക്കുന്ന അവസരത്തിൽ അഭിഷേകകർമ്മത്തിൽ പങ്കുകൊള്ളാനായി എത്തുന്ന പുരോഹിതന്മാരിൽ ഇവരുടെ സ്വന്തം മക്കളും ഉണ്ടായേക്കാം. മക്കളുടെ കരങ്ങളിൽനിന്നുതന്നെ പട്ടം സ്വീകരിപ്പാൻ ഭാഗ്യമുണ്ടായ പിതാക്കന്മാരും ഇവരുടെ ഇടയിലുണ്ടു്.

കേരളത്തിലുംവേണം നമുക്കൊരു ബീഡാകോളേജ്. സെന്റ് ബീഡ് ഇംഗ്ലണ്ടിലെ ഒരു വിശുദ്ധനാണു്. പണ്ഡിതനുമായിരുന്നു. നമുക്കു് അങ്ങനെ പേരിടാൻ ഒരു പുണ്യവാനില്ല. നമ്മുടെ സ്ഥാപനത്തിന്റെ പേരു് സെന്റ് തോമ്മസ് കോളേജ് എന്നോ സവേരിയൻ കോളേജ് എന്നോ എന്തെങ്കിലുമാകാം. ഒരുകാര്യംതീർച്ചയാണു്. അതിൽ ചേരാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നമ്മുടെ രാജ്യത്തു് ധാരാളം ഉണ്ടാകും. അല്മായപ്രമുഖരായ ചില റിട്ടയർഡു് ഉദ്യോഗസ്ഥന്മാരും മററും നമ്മുടെ ചില അഭിവന്ദ്യതിരുമേനിമാരെ സമീപിച്ചു് ഈ ആഗ്രഹം വെളിപ്പെടുത്തിയതായി അറിയാം.

ജീവിതത്തിന്റെ സായങ്കാലം ഇങ്ങനെ ദൈവത്തിനായി സമർപ്പണം ചെയ്യാൻ മുതിരുന്നവർ മൂന്നുതരക്കാരാണു്. ചെറുപ്പത്തിൽതന്നെ വൈദികരാകാൻ കൊതിച്ചിരുന്നവരാണു് ആദ്യത്തെ കൂട്ടർ. സാഹചര്യങ്ങളുടെ സമർദ്ദംകൊണ്ടു് അന്നവർക്കതു് സാധിച്ചില്ല. മററുചിലർ വിവാഹം സ്വാഗതം ചെയ്തു് അതിൽ പ്രവേശിച്ചവരാണു്. എന്നാൽ അനേകവർഷത്തെ ഭക്തിപരമായ ജീവിതഫലമായി ഇന്നവർ ലോകകാര്യങ്ങളിൽ വിരക്തരും ദൈവകാര്യങ്ങളിൽ ആസക്തരുമായിത്തീർന്നിരിക്കുന്നു. വൈദികനായി നിർവ്വഹിക്കേണ്ട ധീരകൃത്യങ്ങളും പാവനജീവിതവും മനസ്സിൽ

www.malankaralibrary.com

സ്വരൂപീകരിച്ചുകൊണ്ടവർ കഴിഞ്ഞുകൂട്ടുകയാണ്.

സഹതാപമർഹിക്കുന്ന ഒരുവിധ പരിവർത്തനക്കാരാണു മൂന്നാമത്തെ സെററു്. അവരും സാത്വികരാണ്. സഭയോട്ട് ഭക്തിയും സമുദായത്തോട്ട് മമതയും കുടുംബത്തോട്ട് സ്നേഹവും അവർക്കുണ്ട്. ഇടവകയുടെ വലംകയ്യ് എന്നാണ് വികാരിയച്ചന്മാർ അവരെപ്പററി പറയുന്നതു്. നാടും വീടും വേണമെന്നുള്ളവരാണവർ. എന്നാൽ അപ്രതീക്ഷിതവും ദയനീയവുമായ ഒരു പരിണാമം അവരുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കയാണ്. മക്കളെല്ലാം വളന്നു് ഉയന്നു് നെടുംപുര കാര്യസ്ഥന്മാരായി കഴിഞ്ഞു. പണ്ട് എല്ലാം നാംതാൻആയിരുന്ന അപ്പൻ ഇപ്പോൾ മുക്കിൽ ചാരിവെച്ചിരിക്കുന്ന ഓട്ടപിടിച്ച ചെമ്പുപോലെ ഉപയോഗശൂന്യമായിരിക്കുന്നു. അമ്മയ്ക്കാണെങ്കിൽ നല്ലവാക്കുംപറഞ്ഞു് മക്കളുടെകൂടെക്കൂടാനും അവരുടെ പ്രതാപങ്ങളിൽ പങ്കുചേരാനും സാമർത്ഥ്യമുണ്ട്. അപ്പന്റെ നട്ടെല്ല് വളയുന്നില്ല. ഭക്തനായ പിതാവു് മറെറാന്നുചിന്തിക്കാൻ ഭാവിക്കയാണ്. തന്റെ നിലയ്ക്കും വിലയ്ക്കും ഒത്തരീതിയിൽ സഭയ്ക്കും സമുദായത്തിനും സേവനമനുഷ്ഠിച്ചുകൊണ്ട് മാനമായി ഈ ലോകത്തിൽനിന്നു കടന്നുപോകണം. റോമ്മയിലെപ്പോലെ കേരളത്തിൽ ഒരു ബീഡാകോളേജുണ്ടായിരുന്നെങ്കിൽ, തനിക്കും ഒരുപക്ഷേ ഒരു വൈദികനായി തന്റെ ജീവിത സാഫല്യം നേടുന്നതിനും സഭയേയും സമുദായത്തേയും സേവിക്കുന്നതിനും കഴിയുമായിരുന്നു. ഇങ്ങനെ ചിന്തിക്കുന്നവരാണ് മൂന്നാമത്തേ കൂട്ടർ.

ശ്രീ തോമസ് മാത്യു വിഭാവനംചെയ്ത അല്മായസെമ്മിനാരിയും അല്മായസെന്ററും നടപ്പിൽവരുത്താമെങ്കിൽ, ബീഡാകോളേജും അതിനോടനുബന്ധിച്ചുതന്നെ നടത്താൻ സാധിക്കും. ഇംഗ്ലീഷ് മാതൃഭാഷയായിട്ടുള്ളവർക്കുവേണ്ടി നടത്തുന്ന ബീഡാകോളേജിലെ അദ്ധ്യയനഭാഷ ഇംഗ്ലീഷാണെങ്കിൽ കേരളാ ബീഡാകോളേജിന്റെ അദ്ധ്യയനഭാഷ മലയാളമായിരിക്കണം. ഇംഗ്ലീഷ്ഭാഷയല്ലെ, അഭ്യസ്തവിദ്യർക്കെല്ലാം അതു കരസ്ഥമല്ലെ എന്നൊരു പ്രലോഭനം പലർക്കുമുണ്ടാകാം. മലയാളത്തിൽ പാഠ്യപുസ്തകങ്ങൾ എവിടെനിന്നു കിട്ടും എന്നു പലരും ആവലാധിപറഞ്ഞേക്കാം. മലയാളത്തിൽ പഠിപ്പിക്കുവാൻ പ്രൊഫസ്സർമാരെ കിട്ടുമോ എന്നു് മറെറാരു വൈഷമ്യം.

ഇതൊന്നും ഒരു പ്രശ്നമല്ല. നമ്മുടെ വൈദികർ ലത്തീനിലും ഇംഗ്ലീഷിലും പഠിച്ചിരുന്ന വേദവിജ്ഞാനശകലങ്ങൾ മാതൃഭാഷയിൽ മററുള്ളവർക്കു പറഞ്ഞുകൊടുക്കുവാൻ അവർക്കു വിഷമമുണ്ടാകുമെന്നു് തോന്നുന്നില്ല. മറുഭാഷയിലുള്ള പാഠ്യപുസ്തകങ്ങളും എഴുതിക്കൂട്ടിയ നോട്ടുപുസ്തകങ്ങളും ഇന്നു് പാററയുടെ തീററയായും ചിതലിന്റെ മുതലായും പൊയ്ക്കൊണ്ടിരിക്കുന്നു. നമ്മൾ പഠിച്ചറിഞ്ഞ വേദകാര്യങ്ങൾ നമ്മുടെ സഹോദരരായ ഹൈന്ദവരോട്ട് അവർ അറിയുന്ന ഭാഷയിൽ പറഞ്ഞുകൊടുക്കുവാനുള്ള സാധ്യത നമുക്കുണ്ടാകണം. അവർ അവരുടെ മതകാര്യങ്ങൾ നമ്മോട്ട് ഭംഗിയായ മലയാളത്തിൽ സംസാരിക്കുമ്പോൾ നാം അങ്ങോട്ടു "അതൊക്കെ മലയാളത്തിൽ എക്സ്പ്രസ് ചെയ്‌വാൻ എനിക്ക് വളരെ ഡിഫിക്കൽട്ടാണ്" എന്നു പറഞ്ഞു ഒഴിഞ്ഞാൽ മതിയോ. നമ്മൾ ഇംഗ്ലണ്ടിലോ റോമിലോ സിറിയായിലോ ജീവിക്കുന്നവരും ജീവിക്കേണ്ടവരും അല്ല. ഈ ദേശീയാടിസ്ഥാനത്തെ മുൻനിറുത്തിക്കൊണ്ടുതന്നെയാണു ഭാഗ്യസ്മരണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പ നമുക്കു നല്കുന്ന ഉൽബോധനവും. "Thy Sons, O India, are Thy Salvation" "ഓ ഭാരതമേ നിന്റെ മക്കൾ തന്നെയാണ് നിന്നിൽ രക്ഷണീയ ദൗത്യം നിർവ്വഹിക്കേണ്ടവർ"

സ്ഥാപനങ്ങളുടെ രാജ്യമായ കേരളത്തിൽ ഇങ്ങനൊരു വയോജനകലാലയം ചമയ്ക്കുവാൻ യാതൊരു അസ്വാധീനതയും ഇല്ല. സഭയുടെ എല്ലാ ആദ്ധ്യാത്മികമണ്ഡലങ്ങളിലേക്കും ഉൽഗമിക്കുവാൻ സഭ അല്മായർക്കു എല്ലാ തരത്തിലുമുള്ള പ്രചോദനങ്ങൾ നല്കുന്ന ഒരു കാലമാണിതു്. പതിനൊന്നാംപീയൂസ് മാർപ്പാപ്പയുടെ ആ പ്രഖ്യാത പ്രസ്താവനയ്ക്കുശേഷം അല്മായരെ സംബന്ധിച്ചുള്ള സഭയുടെ വീക്ഷണകോണുതന്നെ വിശാലവും വികസിതവുമായിട്ടുണ്ട്. അദ്ദേഹം ദൃഢസ്വരത്തിൽ അന്നു പറഞ്ഞു, അല്മായർ തിരുസ്സഭയിൽ ഉൾപ്പെട്ടവരല്ലയെന്നു്. ചുററും നിന്നിരുന്ന കർദ്ദിനാളന്മാർ അതുകേട്ട് പരിഭ്രാന്തചിത്തരായി. അദ്ദേഹം വീണ്ടും പറഞ്ഞു "അതേ അല്മായർ തിരുസ്സഭയിൽ ഉൾപ്പെട്ടവരല്ല. പിന്നയോ അവരാണ് തിരുസ്സഭ"–Lay men do not belong to the Church, but they are the Church.

കേരളത്തിൽ ഒരു അല്മായസെമ്മിനാരിയും, അല്മായസെന്ററും ബീഡാകോളേജുമെല്ലാം അടുത്തകാലത്തുതന്നെ ഉദയംചെയ്യുമെന്നു പ്രത്യാശിക്കുന്നു. ഒരു കാര്യംമാത്രം ശ്രദ്ധിച്ചുകൊണ്ടാൽ മതി. അപശബ്ദങ്ങൾ ഒന്നും ഉണ്ടാക്കാതിരിക്കണം. റീത്തിന്റെ അട്ടഹാസങ്ങളും ജാതിയുടെ കൂക്കുവിളിയും അതിനെ അലങ്കോലപ്പെടുത്താതിരിക്കട്ടെ. ഇന്നു പാഴായിപൊയ്ക്കൊണ്ടിരിക്കുന്ന, പക്വമതികളും അനുഭവസമ്പന്നരുമായ അനേകരുടെ നിഷ്കാമസേവനം കേരളസഭാമാതാവിനു വലിയ ഒരു മുതൽക്കൂട്ടായിഭവിക്കയുംചെയ്യും.

www.malankaralibrary.com

# ആരാധനക്രമത്തിൽ അല്മായൻെറ കർമ്മോത്സുകഭാഗഭാഗിത്വം

II

ഡോ. ജേക്കബ് വെള്ളിയാൻ

## ഇടവകകുടുംബത്തിൻെറ ആരാധന

'ഐക്യത്തിൻെറ കൂദാശ'യാണല്ലോ സഭ. അതിനെ പ്രതിബിംബിപ്പിക്കുന്ന ഓരോ ആരാധനാസമൂഹവും ഓരോ കുടുംബമാണ്. ദിവ്യബലിയെന്നു പറയുന്നതു് ദൈവത്തിൻെറ ജനത്തിന്റെ കുടുംബാരാധനയാണ്. ക്രൈസ്തവസമൂഹത്തിന്റെ കുടുംബവിരുന്നാണ് ദിവ്യബലി. പ്രേക്ഷകരെക്കൊണ്ടു നിറഞ്ഞ ഒരു തീയേറ്ററല്ല ഇടവകപ്പള്ളി. കുടുംബാംഗങ്ങൾ സമ്മേളിക്കുന്ന ഭവനമാണതു്. ഇടവകാരാധനയിൽ പ്രമുഖഭാഗം വഹിക്കുന്ന വൈദികർ പിതാവായ ദൈവത്തെ "അരൂപിയിലും സത്യത്തിലും" (in Spiritu et veritate) ആരാധിക്കുവാൻ സമ്മേളിച്ചിരിക്കുന്ന ഈ സമൂഹത്തിൽ ആദ്ധ്യക്ഷംവഹിക്കുന്ന ക്രിസ്തുവിൽ അവരുടെ ഐക്യം കാണിക്കുമാറു്, വൈദികൻെറ നിയന്ത്രണത്തിലും ക്ഷണത്തിലും അവർ ഗാനമാലപിക്കയും, ഉത്തരം പറയുകയും, ശ്രവിക്കുകയും, ധ്യാനിക്കുകയും, ഭോജനം കഴിക്കുകയും ചെയ്യുന്നു. ഈ സമ്മേളനത്തിൽ ഇടവകവികാരി മെത്രാന്റെ സ്ഥാനമാണു വഹിക്കുന്നതു്, എന്നു വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതിൽനിന്നു് (Art. 41, 42) ഇടവകയുടെ സാമൂഹ്യാരാധനാപ്രകൃതി വ്യക്തമാണല്ലോ.

## ദിവ്യബലിയിൽ വിവിധ ചുമതലകൾ

ക്രിസ്തുവിൻെറ മൗതികശരീരം മുഴുവനും ചേന്നാണ് ദിവ്യബലി അപ്പിക്കുന്നതു്. അതു വൈദികൻെറ വ്യക്തിപരമോ രഹസ്യമോ ആയ ഒരു ചടങ്ങല്ല. ഇടവകപ്പള്ളിയുടെ ആരാധനക്രമം, ഒരു സാമൂഹ്യചടങ്ങാണെന്നും, അതിൽ ഓരോ ഇടവകക്കാരനും ഉത്തരവാദിത്വവും ഭാഗഭാഗിത്വവുമുണ്ടെന്നുമുള്ള മൗലികതത്വങ്ങളെപ്പററി അവബോധമുണ്ടായെങ്കിലേ ആരാധന നവോത്ഥാനസംരംഭങ്ങളുടെ അർത്ഥം മുഴുവനായി നമുക്കു മനസ്സിലാകൂ. "തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുന്ന ഓരോരുത്തരും — പുരോഹിതനോ, അല്മായനോ ആരായാലും—ആരാധനക്രമത്തിൻെറ നിബന്ധനകൾക്കും, റീത്തിൻെറ സ്വഭാവത്തിനും അനുയോജ്യമായി അവരവരുടെ ഭാഗം പൂർണ്ണമായി നിവ്വഹിക്കണം. അപ്രകാരം കടപ്പെട്ട ഭാഗങ്ങൾ മാത്രമെ അനുഭവിക്കാവൂ (Art. 28).

ദിവ്യബലിയിൽ ക്രിസ്തുവും, വൈദികനും, വിശ്വാസികളും അപ്പകരാണ്. വിശുദ്ധ കുബ്ബാനയിലെ പ്രധാന കാമ്മികനായ ക്രിസ്തു തൻെറ സഭയോടുകൂടി നിത്യപിതാവിനു സ്തുതിയും, കൃതജ്ഞതയും, ബഹുമാനവും നൽകുന്നു. അതോടൊന്നിച്ചു അവിടുന്നു തന്നെത്തന്നെയും തൻെറ സഭയെയും (പരമപിതാവിനു്) ഒരു ബലിയായി അപ്പിക്കുന്നു ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ നിസ്തുലമായ ഓഹരിമൂലം. ദിവ്യകാരുണ്യപ്രാർത്ഥനയുടെ കാമ്മികനാണ് വൈദികൻ. അദ്ദേഹം ഒരു നിശ്ചിതസ്ഥലത്തുകൂടിയിരിക്കുന്ന സഭയുടെ മേൽ നേതൃത്വം വഹിക്കുന്നു; സാർവത്രികസഭയുടെ നാമത്തിൽ പ്രാർത്ഥിക്കുന്നു. വേദപുസ്തകത്തിലെയും, വി. കുബ്ബാനയിലെയും, ദൈവവചനമായ ജീവൻെറ അപ്പം വിഭജിച്ചു അദ്ദേഹം തൻെറ കുടുംബാംഗങ്ങളായ വിശ്വാസികൾക്കു നൽകുന്നു.

വിശ്വാസികൾ തങ്ങളുടെ ആദ്ധ്യാത്മികത്വം സമ്പാദിക്കേണ്ടതു്, പ്രധാനമായും ആരാധനക്രമത്തിലൂടെയാണ്. പ്രത്യേകിച്ചും രണ്ടുതരത്തിലുള്ള പരിത്രാണകമ്മഫലങ്ങൾ, അതായതു്, ദൈവമഹത്വവും നമ്മുടെ വിശുദ്ധീകരണവും, സാധിക്കുന്നതു് വി. കുർബ്ബാനയിലൂടെയാണ്. അതുകയാൽ വിശ്വാസികൾ ഇതിൽ സന്നിഹിതരാകുകയും, സജീവമായി ഭാഗഭാക്കുകളാകുകയും ചെയ്യണമെന്നു സിദ്ധിക്കുന്നു.

## കർമ്മോൽസുക ഭാഗഭാഗിത്വത്തിനുള്ള മാഗ്ഗങ്ങൾ

ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ ആരാധനക്രമം അനുഷ്ഠിക്കപ്പെടണമെന്നതാണ് കൗൺസിലിൻെറ പൊതുവായ താല്പര്യം. ബോധാത്മകമായ ഭാഗഭാഗിത്വത്തിനു ഇതാവശ്യമാണ്. തിരുക്കർമ്മാനുഷ്ഠാനങ്ങളിൽ വിശ്വാസികൾ ബാഹ്യമായും, ആന്തരികമായും പങ്കെടുക്കണം;

കാരണം, അതിന് അനുയോജ്യമായവിധത്തിൽ ആത്മശരീരങ്ങളോടെയാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. പ്രാർത്ഥനകളുടെയും, കർമ്മാനുഷ്ഠാനവിധികളുടെയും അന്തരാർത്ഥം മനസ്സിലാക്കി ബോധാത്മകമായ രീതിയിലാണ് അവർ ആരാധനക്രമത്തിൽ ഭാഗഭാക്കുകളാകേണ്ടത്.

ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ട ദൈവപുത്രന്മാരുടെ സമൂഹത്തിലാണ് തിരുകർമ്മസമയത്ത് നില്ക്കുന്നത് എന്ന അവബോധം ഓരോ വിശ്വാസിക്കും ഉണ്ടാകണം. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയിരിക്കുന്നുവോ, അവിടെ അവരുടെ മദ്ധ്യേ ഞാനുണ്ട്" (മത്താ. 18–20) എന്ന വാഗ്ദാനംചെയ്ത ക്രിസ്തുവിന്റെ നാമത്തിൽ അവിടെ സമ്മേളിച്ചിരിക്കുന്നവരാണ് അവരെല്ലാം. ക്രിസ്തുവിന്റെ പ്രത്യേകതരത്തിലുള്ള ഈ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ചിന്ത ആരാധനക്രമാനുഷ്ഠാനങ്ങളിൽ ഒരുവനെ ക്രിസ്തുവുമായും ക്രിസ്തുവഴി സഹോദരനുമായും ബന്ധിക്കുന്നു. ഈ ബന്ധനങ്ങൾ അതുല്യമായവിധം സ്ഥാപിക്കുവാൻ ഉപകരിക്കുന്ന ദിവ്യകാരുണ്യസ്വീകരണം കഴിവതും കൂടുതലായി നടത്തുവാൻ ഓരോ വിശ്വാസിയും ശ്രമിക്കണം. "പുരോഹിതന്റെ വിശുദ്ധ കുർബ്ബാനസ്വീകരണത്തിനുശേഷം, അതേ ബലിയിൽ വിശ്വാസികളും വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്ന പതിവ് അത്യധികം പ്രോത്സാഹിപ്പിക്കേണ്ടതാണ്. വി. ബലിയിൽ സജീവമായി പങ്കെടുക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗമാണിത്" (Art. 55). ഞായറാഴ്ചക്കുർബാനയെസ്സംബന്ധിച്ചിടത്തോളം ഇതു കൂടുതൽ വാസ്തവമായിത്തീരണം. ഞായറാഴ്ചക്കുർബാനയുടെ പ്രാധാന്യം മനസ്സിൽ കണ്ടുകൊണ്ട് വി. ക്രിസോസ്തം പഠിപ്പിക്കുകയാണ്, "കർത്താവിൽ എന്നതുപോലെ എല്ലാവരും പങ്കെടുക്കുന്നതിനാൽ ഈ ഭോജനം (ദിവ്യകാരുണ്യം) സഹോദരൈക്യത്തിന്റേതാണ്. ഈ ഭോജനത്തിൽനിന്ന് മാറിനില്ക്കുകയെന്നത്, കർത്താവിൽനിന്നു അകന്നുനില്ക്കുകയാണ്. സഹോദരങ്ങളോടുകൂടി പങ്കിട്ടുകഴിക്കുന്നതാണ് ഞായറാഴ്ചത്തെ ഭോജനവും" (Pg. 61, 227). ഓരോ വിശ്വാസിയും ആരാധനക്രമാനുഷ്ഠാനത്തിലുള്ള വിശ്വാസം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നതോടൊപ്പം വൈദികനോടുചേർന്ന്, തങ്ങൾക്കു മാമ്മോദീസായിൽ സിദ്ധിച്ചിട്ടുള്ള അവകാശത്തിനനുസൃതമാംവിധം ദിവ്യബലി അർപ്പിക്കുവാനുള്ള നിയോഗംവയ്ക്കുകയും ചെയ്യണം. വൈദികന്റെ പ്രാർത്ഥനകൾക്കു അർത്ഥമറിഞ്ഞു ഉത്തരംപറയുകയും വിശ്വാസികൾക്കുള്ള ഗാനങ്ങളും മറ്റും ഭക്തിപുരസ്സരം ആലപിക്കുകയും ചെയ്യണം. വിശ്വാസികൾ വൈദികന്റെ പ്രാർത്ഥനകളെ കേവലം ശ്രദ്ധിക്കുക മാത്രമല്ല. തങ്ങളുടെ മറുപടിവഴി ദൃഢീകരിക്കുകയും ചെയ്യുന്നു. അതിനു മകുടോദാഹരണമാണ് പല പ്രാവശ്യം ജനങ്ങൾ ആവർത്തിക്കുന്ന "ആമ്മേൻ". വി. അഗസ്റ്റീനോസിന്റെ വാക്കുകളിൽ വൈദികന്റെ പ്രാർത്ഥനകൾക്ക് വിശ്വാസികൾ നൽകുന്ന അംഗീകരണത്തിന്റേയും സ്ഥിരീകരണത്തിന്റേയും അടയാളമാണത്.

ആരാധനക്രമത്തിന്റെ വിവിധഭാഗങ്ങളിൽ ജനങ്ങൾ സ്വീകരിക്കേണ്ട ശരീരഭാവങ്ങൾ (നില്ക്കുക, ഇരിക്കുക, മുട്ടുകുത്തുക, സാഷ്ടാംഗപ്രണാമം ചെയ്യുക). അവരുടെ ആരാധനാത്മകമായ മനോഭാവത്തെ ഉത്തേജിപ്പിക്കുന്നതിനും ദ്യോതിപ്പിക്കുന്നതിനും ഉതകുന്നവയായിരിക്കണം. നമ്മുടെ ബാഹ്യചേഷ്ടകളും, ക്രൈസ്തവസഹജീവികളോടുചേർന്നുള്ള ഗാനാലാപങ്ങളും പ്രാർത്ഥനയിൽ ഐക്യപ്പെട്ടിരിക്കുന്ന സമൂഹത്തോടു നമ്മെ അനുരൂപരാക്കുന്നു.

സഹോദരരുടെ ദൈവസ്തുതിധ്വനിയോടുകൂടി നമ്മുടെ ഗാനവും അലിഞ്ഞുചേർന്നു സ്വർഗ്ഗത്തിലേക്കുയരുമ്പോൾ പുതിയ നിയമത്തിലെ സമൂഹാരാധനയുടെ പ്രകൃതിയും, വിശ്വാസികളുടെ ഐക്യവും നമുക്കു കൂടുതലായി മനസ്സിലാകും. അപ്പോൾ പരസ്പരസ്നേഹത്തിനു വിരോധമായുള്ള "എല്ലാ അശുദ്ധിയിൽനിന്നും, ദുഷ്ടതയിൽനിന്നും അസൂയയിൽനിന്നും, വഞ്ചനയിൽനിന്നും ക്രൂരതയിൽനിന്നും വിമുക്തരാക്കി, … … തമ്മിൽത്തമ്മിലും, എല്ലാവരോടും സ്നേഹവും ഐക്യവും നിന്റെ കരുണയാലും അനുഗ്രഹത്താലും ഞങ്ങളിൽ ഉളവാക്കുകയുംചെയ്യേണമെ". എന്നു ഉള്ളുരുകി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ ഏവരും പ്രേരിതരാകും. ഈ പ്രാർത്ഥനയ്ക്കനുരൂപമായി ജീവിക്കുവാനുള്ള പ്രേരണയും അനുഗ്രഹവും സ്നേഹനാഥനിൽനിന്നു സിദ്ധിക്കുകയുംചെയ്യും.

---

"അല്മായർവഴി മാത്രമേ സഭയ്ക്ക് ചില സ്ഥലങ്ങളിലും സാഹചര്യങ്ങളിലും ഭൂമിയുടെ ഉപ്പായിത്തീരുവാൻ സാധിക്കയുള്ളൂ. ഈ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അവളെ സജീവമായി പ്രതിനിധീകരിക്കുവാൻ അല്മായർ പ്രത്യേകമാംവിധം വിളിക്കപ്പെട്ടിരിക്കുന്നു".

(തിരുസ്സഭയെക്കുറിച്ചുള്ള ഡിക്രി No. 33)

www.malankaralibrary.com

# ബസ്സിൽ സീററില്ല.....

## ശ്രീ തോമസ് മാത്യു

"നിറുത്തണേ" ഒരു എഴുപതുകാരൻ പാഞ്ഞു വന്ന ബസ്സിൻെറനേരെ കുടനീട്ടി. ബസ്സ് അല്പം അകലെമാറിനിന്നു.

കണ്ടക്ടർ: എവിടെ പോകാനാ കാരണോരേ.

വൃദ്ധൻ: മകളെ കെട്ടിച്ചിരിക്കുന്ന വീട്ടി പോകാനാ. ആ ബേങ്കുകവലേവ് ഇറങ്ങിയാമതി.

കണ്ട: ഏതു ബാങ്കുകവലയാ.

വൃ: ആ ബേങ്കുകവലയേ. അറിയാമ്മേലെ.

കണ്ട: ഏതുമാകട്ടെ. വേഗംകേറിക്കോ, പിറകേ വേറെ ബസ്സുവരുന്നു.

വൃ: എനിക്കു നില്ക്കാൻമേല മക്കളെ. തലച്ചുററും ഇരിക്കാൻ ഒരു സീററുതരാമെങ്കിൽ പോരാം.

ആ അഭ്യർത്ഥന ഏററുവാങ്ങിക്കൊണ്ടെന്നപോലെ കണ്ടക്ടർ പിൻസീററുകളിലിരുന്നവരുടെനേരെ ഒന്നു കണ്ണോടിച്ചു. ബാലന്മാർ, കോളേജുകുമാരന്മാർ, യുവാക്കൾ, മധ്യവയസ്കർ. അങ്ങനെ ചോരയും നീരുമുള്ള ഭാഗ്യവാന്മാർ പലർ ബസ്സിൽ സ്ഥലംപിടിച്ചിട്ടുണ്ട്. സീററില്ലാഞ്ഞിട്ട് നാലഞ്ചുപേർ നില്ക്കുന്നുമുണ്ട്. ആരുമാരും ശബ്ദിക്കുന്നില്ല. കണ്ടക്ടർ അവരുടെ മൗനമറുപടി ഏററുവാങ്ങിക്കൊണ്ടെന്നപോലെ:

"കാരണോരെ സീററില്ലല്ലോ"

വൃ: "ഈ മക്കളുവല്ലോരും ഒരു സീററു ഒഴിഞ്ഞുതരത്തില്ലേ. എൻെറ മോക്ക് ദീനം കൂടുതലാണെന്നാ കേട്ടെ". ആ അഭ്യർത്ഥനയ്ക്ക് ഒരു കോളേജുകുമാരനാണ് അകത്തുനിന്ന് പതിഞ്ഞ സ്വരത്തിൽ മറുപടി കൊടുത്തത്. "വയസ്സന്മാരൊക്കെ വീട്ടിലിരിക്കത്തില്ലേ. ബസ്സു വിട്ടുപോകുന്നുണ്ടോ?"

കണ്ട: "കാരണോരു് അടുത്ത ബസ്സിൽപോരെ". ബെല്ലിലടിച്ചു. ബസ്സ് അതിശീഘ്രം പാഞ്ഞുനീങ്ങി. നിരാശനായി, നിർന്നിമേഷനായി വൃദ്ധൻ അതു നോക്കിക്കൊണ്ട് അല്പനേരം നിന്നുപോയി. "അടുത്ത ബസ്സിൽ എങ്ങനെയെങ്കിലും കയറിപ്പററണം" അയാൾ ഉള്ളിൽക്കണ്ടു.

അതാ വരുന്നു ചുവപ്പൻ പാവാടയുടുത്തൊരു ആനബസ്സ്. പതിവുപോലെ കുടനീട്ടി. "നിറുത്തണേ" എന്നയാൾ ഉറക്കെ അലറി. കാണാത്തമട്ട്, കേൾക്കാത്തമട്ട് ബസ്സ് പാഞ്ഞുപോയി. ആ വഴിയേവന്ന ഒരു മാന്യൻ വൃദ്ധനെ ഗുണദോഷിച്ചു: "കാരണോരു് ആ ബസ്സ്റ്റോപ്പിൽ പോയി നില്ക്ക്. അവിടയേ സക്കാരുബസ്സു നിറുത്തു".

മൂക്കിൻെറ അററത്ത് എത്തിപ്പിടിച്ചുനിന്നിരുന്ന കണ്ണാടി അല്പം ഉയർത്തി വൃദ്ധൻ അങ്ങ് വിദൂരതയിലേക്ക് നോക്കി. അകലെ ഉയർന്നുനില്പുണ്ട് ഒരു ചുവന്ന ബോർഡ്. വടിയൂന്നി അയാൾ അങ്ങോട്ടുനീങ്ങി. ഇതിനിടയിൽ മറെറാരുബസ്സും കടന്നുപോയി. അയാൾ ബസ്സ്റ്റോപ്പിലെത്തി. "ഇനി വരുന്ന ബസ്സിൽ കയറുകതന്നെ. ഇനി നില്ക്കാൻമേലന്നോ സീററുകിട്ടിയാലേ പോരുകയുള്ളു എന്നോ ഒന്നും പറയേണ്ട. കയറുകതന്നെ. തൂങ്ങിനിന്നെങ്കിലും സ്ഥലത്തെത്തണം. എൻെറ മോക്കടെ ദീനം. അതു കൂടുതലാണെന്നല്ലേ ആ കമ്പനീപോണെ ചെക്കൻവഴി അവൾ പറഞ്ഞയച്ചതു്. ദൈവമേ! നിത്യസഹായമാതാവേ! എൻെറ മോക്ക് ആപത്തൊന്നും വരുത്തല്ലേ".

അതാ വരുന്നു ഒരു പ്രൈവററുബസ്സ്. വൃദ്ധൻ കുടനീട്ടി. വണ്ടിനിന്നു. മണലിട്ടാൽ താഴാത്തവണ്ണം ആളുണ്ടതിൽ. ചവിട്ടുപടിയിന്മേൽ വിരലൂന്നി വവ്വാലിൻെറ മട്ട് തൂങ്ങിക്കിടക്കുന്നവരുമുണ്ട് നാലഞ്ചുപേർ.

കണ്ടക്ടർ: ആരെങ്കിലും ഇറങ്ങാനുണ്ടോ. ആരുമില്ല? കാരണോരെ ബസ്സിൽ സ്ഥലമില്ലല്ലോ. ആരും ഇറങ്ങാനുമില്ല. അടുത്ത ബസ്സിൽപോരെ.

വൃദ്ധൻ: അയ്യോ മക്കളെ നാലു ബസ്സുകടന്നുപോയി. മോക്കു സുഖക്കേടു കൂടുതലാ. ഒന്നു കൊണ്ടുപോണേ.

ആ പരാതിയൊന്നും കേട്ടുനില്ക്കാതെ കണ്ടക്ടർ ബെല്ലിലൂതി. ബസ്സ് ഓടിയകന്നു.

"ദൈവമേ, മാതാവേ, ആ ആദ്യത്തെ ബസ്സിൽ കയറിയാ മതിയാരുന്നു. എങ്ങിനെയെങ്കിലും മോക്കടെ വീട്ടിലെത്തിയേനെ. പഠിപ്പും മററുമുള്ള പിള്ളേരു് ഈ വയസ്സന് ഒരു സീററുതരുമെന്നോർത്താ ചോദിച്ചെ. ഇപ്പോഴത്തെ പിള്ളേരുണ്ടോ അങ്ങനെയൊക്കെ ചെയ്യാൻപോണു". വൃദ്ധൻ ആത്മഗതംചെയ്തു.

അതാ മറെറാരു ബസ്സ്. കുടനീട്ടി. ബസ്സുനിന്നു. ആളുകൾ കുറവാണ്. എങ്കിലും ഇരിക്കാൻ

www.malankaralibrary.com

സീററില്ല, അഞ്ചാറുപേർ കമ്പിയിൽ തൂങ്ങിനില്പുണ്ടു്. വൃദ്ധൻ കയറി.

കണ്ടക്ടർ: "ആ കമ്പിയിൽ പിടിച്ചോ".

ഒരു കയ്യിൽ കുടയും വടിയും മുറുക്കാൻപൊതിയും ഉടുതുണിയുടെ ഒരഗ്രവും ഒതുക്കിപ്പിടിച്ചും മറുകൈകൊണ്ടു് കമ്പിയിന്മേൽ ആഞ്ഞുതൂങ്ങിയും വൃദ്ധൻ യാത്രയാരംഭിച്ചു.

കണ്ട: "എങ്ങോട്ടാ കാന്നോരെ"

വൃ: ആ ബേങ്കുകവലേലിറങ്ങണം".

കണ്ട: "ദാ ചീട്ടുപിടിച്ചോ. 40 പൈസ".

വയസ്സൻ കൈനീട്ടി. ഉടുതുണിത്തുമ്പു് താഴെ വീണു. എങ്കിലും ടിക്കററു കൈക്കലാക്കി.

വൃ: "കാശു മുറുക്കാൻപൊതിയിലാ മോനേ. ഇറങ്ങാൻനേരത്തു തരാം".

വണ്ടി ഇളകിയും ചരിഞ്ഞും സൈഡുകൊടുത്തും മുന്നോട്ടു നീങ്ങി. ഇടക്കിടയ്ക്കു്, സീററിലിരിക്കുന്നവർപോലും തെറിച്ചുപോകത്തക്ക സഡൻബ്രേക്കും. ഒരു വളവു തിരിയുന്നതിനിടയ്ക്കു് വൃദ്ധൻ വീഴാൻ ഭാവിച്ചു. അടുത്തു നിന്നിരുന്ന യാത്രക്കാരൻ താങ്ങി "ഇങ്ങനെ എത്രനേരം നില്ക്കും. കാലു വിറയ്ക്കുന്നു. ആ പഴയ അഭ്യർത്ഥന ആവർത്തിച്ചാലോ, പണ്ടത്തേ അനുഭവംവച്ചുനോക്കുമ്പോൾ മിണ്ടാതിരിക്കയാണു് മിടുക്കു്. തല കറങ്ങി വീണാലും വേണ്ടില്ല. ഇനി സീററു ചോദിച്ചു് നാണിക്കയില്ല, ഈ വയസനു് സീററുമാറിത്തരാൻ ആരുമുണ്ടാവില്ല." അയാൾ വിചാരിച്ചു.

ഏതാനും മൈലുകൾകൂടി വണ്ടി മുമ്പോട്ടുനീങ്ങി. നില്ക്കാൻ തീരെ സാദ്ധ്യമല്ല എന്ന പതനത്തിലെത്തി വയസ്സൻ. രണ്ടും കല്പിച്ചു് ചോദിക്കതന്നെ. അയാൾ ഉറച്ചു.

വൃദ്ധൻ: മക്കളെ ഒരു സീററു തരാമോ. നില്ക്കാൻമേല. തല ചുററുന്നു.

യാചനാ ഭാവത്തിൽ ആ വൃദ്ധനയനങ്ങൾ സീററിലിരിക്കുന്നവരുടെ നേരേയ്ക്കു തിരിഞ്ഞു. പല കണ്ണുകളുമായി അതിടഞ്ഞു. ഒരു പുച്ഛഭാവം, ഒരു നീരസം, ഒരവജ്ഞ, ഒരവഗണന. പലരുടേയും കണ്ണുകളിൽ അങ്ങനെ പല ഭാവങ്ങൾ നിഴലിച്ചുനിന്നു.

യുവാക്കൾ, മദ്ധ്യവയസ്കർ, മാന്യന്മാർ അവരാരും ചുക്കിച്ചുളിഞ്ഞ ആ വൃദ്ധസ്നേഹിതനു് ഒന്നിരിക്കാൻ കൊടുത്തില്ല. എന്തൊരുലോകം. എന്തൊരു മരിയാദ. കേരളമക്കളെ നിങ്ങളെന്നിനി കാരുണ്യത്തിൻെറ ബാലപാഠങ്ങൾ പഠിക്കും. യൂറോപ്യൻ രാജ്യങ്ങളിൽ വൃദ്ധർക്കും അംഗവിഹീനർക്കും കൈക്കുഞ്ഞുങ്ങളുമായി വണ്ടിയിൽ കയറുന്നവർക്കുമെല്ലാം ഏതൊരു മാന്യനും എഴുന്നേററു സീററുകൊടുക്കുമെന്നു് അന്നാട്ടുകൾ സന്ദർശിച്ചവർ പറഞ്ഞുകേട്ടിട്ടുണ്ടു്. സംസ്കാരത്തിൻെറ നിറകുടമായ ഭാരതമക്കൾ, അഹിംസയും അക്രമരാഹിത്യവും കുടുംബസ്വത്തായുള്ള ആർഷഭാരതസന്താനങ്ങൾ മരിയാദയുടെ, ആര്യചരിതത്വത്തിന്റെ പ്രാഥമികപാഠങ്ങൾ അഭ്യസിച്ചിട്ടില്ലെന്നോ.

ഉണ്ടു്. നല്ലയാളുകളും ലോകത്തിലുണ്ടു്. അങ്ങു് മുമ്പിലത്തെ സീററിൽ ഇരുന്നിരുന്ന ഒരു 45 കാരൻ പിറകോട്ടുനോക്കി. അഭ്യർത്ഥനയുയർത്തിയ പടുവൃദ്ധനെ പെട്ടന്നു് ഒന്നു നോക്കിക്കണ്ടു. "അപ്പൂപ്പാ സീററു ഞാൻ തരാമല്ലോ" അയാൾ പറഞ്ഞു.

ആ മദ്ധ്യവയസ്കൻ എഴുന്നേററു് വൃദ്ധൻെറ പക്കലേക്കു നീങ്ങി. അയാളെ കൈയ്ക്കുപിടിച്ചു് സീററിലിരുത്തി. ചുററുമിരുന്ന ചെറുപ്പക്കാർ എന്തോ പ്രഹരമേററതുപോലെ മഞ്ഞളിച്ചിരുന്നു.

"ആ പടുകിളവനെന്തിനു വലിഞ്ഞുകേറി. എഴുന്നേററുനില്ക്കാൻ ജീവനില്ലാത്ത ഇവററകൾ യാത്രക്കിറങ്ങിയിരിക്കുന്നു! അല്ല എന്തിനു് അയാളെ പഴിക്കുന്നു. സീററു് ഒഴിഞ്ഞുകൊടുത്തിരുന്നെങ്കിൽ മാന്യമായിരുന്നേനെ. ആ മദ്ധ്യവയസ്കൻ ചെയ്തതു ശരിയാണു്. അങ്ങനെയായിരുന്നു ഞാനും ചെയ്യേണ്ടിയിരുന്നതു്. ഇനിയൊരു ചാൻസു വന്നാൽ ഇങ്ങനെ ചെയ്യണം......ഇങ്ങനെ കരുണയോടെ പെരുമാറാൻ ആളുകളില്ലെങ്കിൽ വയസ്സന്മാരും അവശന്മാരുമൊക്കെ എങ്ങനെ ജീവിക്കും......"എന്നിങ്ങനെ പല ആശയങ്ങളും ആ മാന്യൻെറ പ്രവൃത്തിയെ അനുകൂലിച്ചും പ്രതികൂലിച്ചും ആ യുവാക്കളുടെ മനസ്സിൽക്കൂടി കടന്നുപോയി.

ബസ്സിൻെറ ഇരമ്പലിൽ ഒരാളുടെ ശബ്ദംമാത്രം വീണ്ടുമുയന്നു. വൃദ്ധൻ തൻെറ ഉപകാരിയോടു് പറഞ്ഞു: "മോനേ, എന്നെ ആ ബേങ്കുകവലേലു് ഇറക്കാൻ പറയണേ".

മദ്ധ്യവയസ്കൻ: "ഞാനും അവിടെയാണപ്പൂപ്പാ ഇറങ്ങുന്നതു്. അപ്പൂപ്പനു് എവിടെ പോകാനാ",

വൃദ്ധൻ: "എൻെറ മോളു് അന്നക്കുട്ടിനെ കെട്ടിച്ചിരിക്കുന്ന വീട്ടി പോകാനാ. അവൾക്കു ഛർദ്ദിലും വയററിളക്കവുമാണെന്നു് കമ്പനിപ്പോണെ ഒരു ചെക്കൻവഴി പറഞ്ഞയച്ചു. കൺട്രോളുകിട്ടണെ പച്ചരി തിന്നിട്ടു് ഇന്നാളവൾക്കു് ഇങ്ങനെയൊരുദീനം വന്നതാ. ഞാൻ പിന്നെ ഗർമ്മേൻറു് ആശുപത്രിചെന്നു് ഇത്തിരി മരുന്നുമേടിച്ചോണ്ടു കൊടുത്തു് ആ ദീനം പൊറുത്തു".

www.malankaralibrary.com

ഏതാനും മിനിട്ടുകൾ കഴിഞ്ഞു. വണ്ടി ബാങ്കുകവലയിൽ ചെന്നുനിന്നു.

മധ്യവയസ്കൻ: "അപ്പൂപ്പാ ദാ ഇതാണു ബാങ്കു കവല ഇറങ്ങിക്കോ".

അയാൾ ആ വൃദ്ധനെ കൈയ്ക്കുപിടിച്ച് ബസ്സിൽനിന്നിറങ്ങാൻ സഹായിച്ചു. കണ്ടക്ടർ ബില്ലടിച്ചു. വണ്ടിനീങ്ങി. മൂകതയെ ഭേദിച്ചുകൊണ്ട് ഒരു യുവാവ് കണ്ടക്ടറോടു ചോദിച്ചു:

"അതാരാണാ മാന്യൻ".

കണ്ടക്ടർ: "അതാ വക്കീൽസാറല്ലേ, എം. സി. ചെറിയാൻ".

ഒരു യാത്രക്കാരൻ: "ഇങ്ങനെ ചെലവില്ലാത്ത ഒരു സഹായമെങ്കിലും ചെയ്യാൻ മനുഷ്യേരരുക്കമില്ലെങ്കിൽ പിന്നെ വയസ്സന്മാരും, സുഖക്കേടുകാരുമൊക്കെ എങ്ങനെ ജീവിക്കും".

വൃദ്ധൻ മകളുടെ വീട്ടിലേക്കു വടിയൂന്നി നടന്നു.

ചെറിയാൻ: "മകളുടെ വീട്ട് എത്ര ദൂരത്തിലാണപ്പൂപ്പാ".

വൃദ്ധൻ: "ആ ചന്തയുടെ തൊട്ടു പിറകിലാണു മോനെ".

ചെറി: "ഞാനും ആ വഴിക്കാ പോകുന്നേ. അപ്പൂപ്പനെ ചന്തവരെ കൊണ്ടുവന്നാക്കാം".

വൃ: മോന്റെ വീടെവിടെയാ മോനേ.

ചെറി: എന്റെ വീട് ഒത്തിരി ദൂരെയാണപ്പൂപ്പാ. ഞാനീ ടൗണിലാ ജോലി ചെയ്യുന്നതു്".

വൃ: രാവിലേ വീട്ടീന്നു ഇറങ്ങിയതാ മോനേ. നാലഞ്ചു ബസ്സ് കടന്നുപോയി. ആദ്യബസ്സിൽ സ്ഥലമൊണ്ടാരുന്നു. ഒരു സീററുതരാമോന്നു് ചോദിച്ചിട്ട് ആരുംതന്നില്ല. ഇരുന്നില്ലെങ്കിൽ തല ചുററും. പിന്നെ, എങ്ങനെയെങ്കിലും മകക്കടെ വീട്ടിലെത്തിയാമതീന്നോത്തു ഈ വണ്ടിയേക്കേറീതാ. എന്റെ മോനു്, എനിക്കു സീററുതരാൻ എങ്ങനെ തോന്നി. ഇപ്പഴത്തെ ചെറുപ്പക്കാരൊന്നും അങ്ങനെ ചെയ്യൂല്ലല്ലോ.

ചെറി: "അപ്പൂപ്പാ, ഞാൻ സെ. വിൻസെൻറ് ഡിപോൾ സംഘത്തിലേ ഒരു പ്രവത്തകനാണു്".

വൃ: ഞങ്ങടെ എടവകേലും ഒണ്ടു മോനേ അങ്ങനെ ഒരു സങ്കം.

ചെറി: പാവപ്പെട്ടവക്കും വൃദ്ധന്മാക്കും, ആരും പോരുമില്ലാത്തവക്കും കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുകയെന്നതാണ് ഞങ്ങളുടെ പ്രധാന പ്രവത്തനം. ഇങ്ങനെയൊക്കെ ചെയ്യെങ്കിലേ നമുക്കു സ്വഗ്ഗത്തിൽ സീറ്റൊള്ളു അപ്പൂപ്പാ. അവിടെ സീററുകിട്ടാൻവേണ്ടിയല്ലേ അപ്പൂപ്പനു് ബസ്സിൽ സീററ് തന്നതു്.

വൃ: വളരെ ഉപകാരം മോനേ. ദാ ആ കാണുന്നതാ എന്റെ മോക്കടെ വീട്ട്. ഞാനിനി തനിച്ചു പൊയ്ക്കോള്ളാം.

വൃദ്ധൻ മകളുടെ വീട്ടുപടിക്കലെത്തിയപ്പോഴേക്കും ആരോ പറഞ്ഞു: മകൾ അരമണിക്കൂർമുമ്പ് മരിച്ചുപോയെന്നു...

വിറച്ചും പിടഞ്ഞും വൃദ്ധൻ വീട്ടിലെത്തി. കുഞ്ഞുമക്കളും ബന്ധുജനങ്ങളും വിങ്ങിപ്പൊട്ടിക്കരയുന്നു. അപ്പൂപ്പനെ കണ്ടപ്പോഴേക്കും അവർ കൂട്ടക്കരച്ചിലായി.

വൃദ്ധൻ നിറഞ്ഞ കണ്ണുകളോടെ മകളെ സൂക്ഷിച്ചുനോക്കി. ആ കണ്ണുകൾ അടഞ്ഞിരുന്നു. ചുണ്ടുകൾ നിശ്ചലമായിരുന്നു. ആ വത്സലപിതാവ് ഓമനമകളെ കെട്ടിപ്പുണന്നു കരഞ്ഞു: "എന്റെ മോളെ ...... അപ്പനോട്ട് എന്ത്യേ മിണ്ടാത്തെ... അപ്പനോട്ട് പിണക്കമാണോ......എന്റെ അന്നക്കുട്ടീ......നിന്നെ ജീവനോടെ കാണാൻ നിന്റെ അപ്പനു്......പററീല്ലല്ലോടി......എനിക്കു നേരത്തേ വണ്ടികിട്ടീല്ല മോളേ.....സീററു കിട്ടീല്ല..."

ആ സംഗീതവും നിലച്ചു. ആ വീണക്കമ്പിയും പൊട്ടി. വൃദ്ധൻ മോഹാലസ്യപ്പെട്ടു നിലംപതിച്ചു.

## എന്തുകൊണ്ടു സെ. വിൻസെൻറ് ഡി പോൾ സഖ്യത്തിൽ അംഗമാകണം?

1) ഈ സഖ്യത്തിൽ പാവങ്ങളെ ശാരീരികമായും ആത്മീയമായും സഹായിച്ചാശ്വസിപ്പിക്കുന്നതുവഴി ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു. ("എന്റെ ഈ എളിയ സഹോദരന്മാരിൽ ഒരുവനു ചെയ്യപ്പോഴൊക്കെയും എനിക്കുതന്നെ ചെയ്തു" എന്നു ക്രിസ്തുനാഥൻ പറഞ്ഞിരിക്കുന്നു). ഇതു പ്രായോഗികമാക്കുന്നതിനുവേണ്ട ഉത്തേജനവും പ്രേരണയും പ്രോത്സാഹനങ്ങളും ഈ സഖ്യത്തിൽനിന്നു സിദ്ധിക്കുന്നു.

2) വിശ്വാസം സജീവവും പ്രാവത്തികവുമാക്കാൻ സഹായിക്കുന്നു. ഈ സഖ്യം വിശ്വാസത്തിന്റെ—സാക്ഷാൽ ക്രിസ്തീയജീവിതത്തിന്റെ—പരിശീലനക്കളരിയാണ്.

3) ഈ സഖ്യം ഒരു ക്രിസ്ത്യാനിയുടെ അനുപേക്ഷണീയകടമയായ ഉപവിപ്രവത്തനങ്ങൾക്കുവേണ്ടി സമപ്പിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കടമ നിർവഹിക്കുവാൻ സഖ്യം അംഗങ്ങളെ സഹായിക്കുന്നു.

4) കഷ്ടതയനുഭവിക്കുന്നവരെ സന്ദശിച്ചു സഹായിക്കുന്നതുമൂലം സ്വന്തം ദുഃഖങ്ങളിൽ ആശ്വാസവും ശാന്തിയും ലഭിക്കും.

5) ഇതിലെ പ്രവത്തനങ്ങളെല്ലാം പ്രത്യേകമായ ദൈവാനുഗ്രഹങ്ങളും വിലയേറിയ ആത്മീയസമ്പത്തും നേടിത്തരുന്നവയാണ്.

അല്മായപ്രേഷിതർ

www.malankaralibrary.com

# വത്തിക്കാൻ കൗൺസിൽ ഡിക്രികൾ

**"Lumen Gentium"** എന്ന പേരിൽ 1964 നവംബർ 21–ാം തീയതി ഔദ്യോഗികമായി വിളംബരം ചെയ്യപ്പെട്ട "സഭാഘടന"യെക്കുറിച്ചുള്ള ഡിക്രിയുടെ നാലാം അധ്യായം. 9 ഖണ്ഡികകളുള്ള ഈ അധ്യായം അല്മായക്ക് സഭയിലുള്ള സ്ഥാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. 5 എതിരെ 2151 വോട്ടുകളോടുകൂടി ഈ ഡിക്രി പാസ്സാക്കപ്പെട്ടു. *

## അദ്ധ്യായം നാല്

## അല്മായർ

### 32. ദൈവജനത്തിലേ അംഗങ്ങൾ എന്ന നിലയിൽ അല്മായരുടെ സ്ഥാനൗന്നത്യം

ദൈവസ്ഥാപനത്താൽത്തന്നെ തിരുസ്സഭ വിസ്മയനീയമായ വിവിധത്വത്തിൽ ക്രമീകൃതമായിരിക്കുകയും ഭരിക്കപ്പെട്ടുകയും ചെയ്യുന്നു. "ശരീരത്തിനു് അവയവങ്ങൾ പലതുണ്ടെങ്കിലും അവയെല്ലാം കർത്തവ്യം ഒന്നല്ലാത്തതുപോലെ, നാം പലരെങ്കിലും മിശിഹായിൽ ഏകശരീരവും ഓരോരുത്തരും അന്യോന്യം അവയവങ്ങളുമാകുന്നു" (റോമ. 12, 4-5).

ആകയാൽ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനം ഒന്നാകുന്നു. "കർത്താവു് ഒരുവനാകുന്നു, വിശ്വാസവും ഒന്നു്, മാമ്മോദീസായും ഒന്നു്" (എഫേ. 4. 5). ക്രിസ്തുവിലുള്ള തങ്ങളുടെ പുനർജനനംവഴി എല്ലാ അംഗങ്ങൾക്കും ഒരേ മാഹാത്മ്യവും, ഒരേ പുത്രസ്ഥാനവും വിശുദ്ധിയിലേക്കുള്ള ഒരേ ആഹ്വാനവുമാണുള്ളതു്. ഒരേ നിത്യരക്ഷയിലും ഒരേ ശരണത്തിലും അവിഭാജ്യമായ ഒരേ ഉപവിയിലും എല്ലാവരും ഭാഗഭാക്കുകളുമാണു്. ജാതിയോ വംശമോ സാമൂഹികസ്ഥിതിയോ സ്ത്രീപുരുഷഭേദമോ അടിസ്ഥാനമാക്കി ക്രിസ്തുവിലോ ക്രിസ്തുവിൻെറ സഭയിലോ യാതൊരസമത്വത്തിനും സ്ഥാനമില്ല. എന്തുകൊണ്ടെന്നാൽ, "യൂദനെന്നോ യവനനെന്നോ വ്യത്യാസമില്ല; സ്വതന്ത്രനെന്നോ അടിമയെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വകഭേദവുമില്ല. കാരണം നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ഒന്നാണു്" (ഗാലേ. 3, 28).

സഭയിൽ എല്ലാവരും ഒരേ പാതയിലൂടെയല്ല വ്യാപരിക്കുന്നതെങ്കിലും സകലരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുകയും ദൈവത്തിൻെറ നീതിയിൽ തുല്യമായ വിശ്വാസദാനം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു (2 പത്രോ. 1, 1). ചിലർ ക്രിസ്തുവിൻെറ അഭീഷ്ടത്താൽ പ്രബോധകന്മാരും ദിവ്യരഹസ്യങ്ങളുടെ പരികർത്താക്കളും മറ്റുള്ളവരുടെ ഇടയന്മാരുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നെങ്കിലും സ്ഥാനമാഹാത്മ്യത്തിലും ക്രിസ്തുശരീരത്തിന്റെ പോഷണത്തിനുവേണ്ടിയുള്ള പൊതുപ്രവർത്തനത്തിൻെറ കാര്യത്തിലും എല്ലാവരും യഥാർത്ഥത്തിൽ തുല്യരാണു്. വൈദികശുശ്രൂഷികളും ദൈവജനത്തിലേ ഇതരാംഗങ്ങളും തമ്മിൽ കർത്താവുതന്നെ ഏർപ്പെടുത്തിയ വ്യത്യാസമുണ്ടു്. എന്നാൽ ഈ വ്യത്യാസം ഐക്യമാണു സൂചിപ്പിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഇടയന്മാരും ആടുകളും പരസ്പരം ബന്ധിതരാണല്ലോ. തിരുസ്സഭയിലേ അജപാലകന്മാർ ക്രിസ്തുവിൻെറ മാതൃകയനുസരണം പരസ്പരം എന്നപോലെതന്നെ മററു വിശ്വാസികൾക്കും സേവനം അനുഷ്ഠിക്കണം. വിശ്വാസികളാകട്ടെ, തങ്ങളുടെ ഇടയന്മാരും ഗുരുഭൂതന്മാരുമായ ഇവരോടു് ആത്മാർത്ഥമായി സഹകരിക്കണം. അങ്ങനെ ക്രിസ്തുവിൻെറ ശരീരത്തിലുള്ള തങ്ങളുടെ വിസ്മയനീയമായ ഏകത്വത്തിനു് എല്ലാവരും തങ്ങളുടെ വൈവിധ്യംവഴി സാക്ഷ്യംവഹിക്കുന്നു. ദാനങ്ങളിലും ശുശ്രൂഷകളിലും പ്രവർത്തനങ്ങളിലുമുള്ള ഈ വൈവിധ്യംതന്നെ ദൈവമക്കളെ ഒന്നാക്കിത്തീർക്കുന്നു. എന്തെന്നാൽ "ഇവയെല്ലാം ഒരേ ആത്മാവിൻെറ പ്രവൃത്തികളാകുന്നു." (1 കൊറി. 12. 11).

സകലത്തിൻേറയും നാഥനായിരുന്നിട്ടും ശുശ്രൂഷിക്കപ്പെടുവാനല്ല, പ്രത്യുത ശുശ്രൂഷിക്കുവാൻ വന്ന ക്രിസ്തുവിനെ ദൈവാഭീഷ്ടത്താൽ സഹോദരനായി ലഭിച്ചിരിക്കുന്നതുപോലെ (മത്തായി. 20, 28) അല്മായക്കു് വൈദികശുശ്രൂഷികളേയും സഹോദരന്മാരായി ലഭിക്കുന്നു. ഈ വൈദികശുശ്രൂഷികൾ സ്നേഹത്തിൻെറ പ്രമാണം സകലരാലും നിവൃത്തിയാക്കപ്പെടത്തക്കവിധം ക്രിസ്തുവിൻെറ അധികാരത്താൽ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ഭരിക്കുകയും ചെയ്തുകൊണ്ടു് ദൈവ

* For an English translation of the Decree Cfr. "Clergy Monthly," April, May, 1965.

www.malankaralibrary.com

ത്തിന്റെ ഭവനത്തെ ഇടയന്മാർക്കുട്ടത്തവിധം പരിപാലിക്കുന്നു. വി. ആഗുസ്തീനോസ് ഏറ്റം മനോഹരമായി ഇതേപ്പറ്റി പ്രസ്താവിക്കുന്നു: "നിങ്ങൾക്കുവേണ്ടി ഞാൻ ആരായിരിക്കുന്നുവെന്നതു് എന്നെ ഭയവിഹ്വലനാക്കുമ്പോൾ നിങ്ങളോട്ടുകൂടെ ഞാൻ ആരായിരിക്കുന്നുവെന്നതു് എനിക്കാശ്വാസം പകരുന്നു. നിങ്ങൾക്കുവേണ്ടി ഞാൻ മെത്രാനാണു്; നിങ്ങളോട്ടുകൂടെയോ ഒരു ക്രിസ്ത്യാനി. ആദ്യത്തേതു് ഒരു കത്തവ്യമാണു്; അപകടത്തിൻെറ ധ്വനി അതിൽ കേൾക്കാം. രണ്ടാമത്തേതു് അനുഗ്രഹവും രക്ഷയുടെ നിദാനവും". (St. Augstin. Serm. 340. 1. PL. 38, 1483)

### 33. അല്മായരും അപ്പസ്തോലിക ജീവിതവും

ഏകതലവൻെറ കീഴിൽ ഒരേ ക്രിസ്തുശരീരത്തിൽ ദൈവജനത്തോടു സംയോജിപ്പിക്കപ്പെട്ടിരിക്കുന്ന അല്മായർ, ആരുതന്നെ ആയിരുന്നാലും സജീവാവയവങ്ങളെപ്പോലെ സഭയുടെ വളർച്ചക്കും നിരന്തരമായ വിശുദ്ധീകരണത്തിനുംവേണ്ടി സ്രഷ്ടാവിൻെറ ദാനവും രക്ഷകൻ്റെ കൃപയുംവഴി തങ്ങൾ സ്വീകരിച്ചിരിക്കുന്ന ശക്തി മുഴുവൻ വിനിയോഗിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണു്.

സഭയുടെ രക്ഷാകരദൗത്യത്തിലുള്ള ഭാഗഭാഗിത്വമാണു് അല്മായപ്രേഷിതത്വം. ജ്ഞാനസ്നാനവും സ്ഥൈര്യലേപനവുംവഴി കത്താവുതന്നെ ഇതിനായി സകലരേയും നിയോഗിച്ചിരിക്കുന്നു. പ്രേഷിതത്വം മുഴുവൻേറയും ആന്തരികസത്ത ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹമത്രെ. കൂദാശകൾ, പ്രത്യേകിച്ചു് വി. കുർബാന, ഈ സ്നേഹം പ്രദാനം ചെയ്യുകയും പരിപുഷ്ടമാക്കുകയും ചെയ്യുന്നു. അല്മായരിലൂടെമാത്രമേ സഭയ്ക്കു് ചില സ്ഥലങ്ങളിലും സാഹചര്യങ്ങളിലും ഭൂമിയുടെ ഉപ്പായിത്തീരുവാൻ സാധിക്കയുള്ളു. ഈ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അവളുടെ സാന്നിധ്യം ക്രിയാത്മകമാക്കിത്തീർക്കുവാൻ അല്മായർ പ്രത്യേകവിധം വിളിക്കപ്പെട്ടിരിക്കുന്നു. തനിക്കു ലഭിച്ചിരിക്കുന്ന ദാനങ്ങൾ നിമിത്തം ഓരോ അല്മായനും "ക്രിസ്തുവിൽനിന്നു സ്വീകരിച്ച കൃപയുടെ അളവിനനുസരണമായി" (എഫേ. 4, 7) സഭയുടെദൗത്യനിർവ്വഹണത്തിനു സാക്ഷിയും സജീവോപകരണവുമാകുന്നു.


എല്ലാവരുടേയും കടമയായിരിക്കുന്ന ഈ പ്രേഷിതത്വത്തിനു പുറമേ, ഹയരാർക്കിയുടെ പ്രേഷിതത്വത്തിൽ കൂടുതൽ അടുത്തു സഹകരിക്കുന്നതിനു് അല്മായർ പല പ്രകാരത്തിൽ വിളിക്കപ്പെട്ടാവുന്നതാണു്. സുവിശേഷപ്രസംഗത്തിൽ വി. പൗലോസ് അപ്പസ്തോലനെ സഹായിക്കുകയും കത്താവിൽ തീക്ഷ്ണമായി അദ്ധ്വാനിക്കുകയും ചെയ്ത സ്ത്രീപുരുഷന്മാർ ഇപ്രകാരം അടുത്തു സഹകരിക്കുകയാണല്ലോ ചെയ്തതു്. കൂടാതെ, ആത്മീയമായ പ്രയോജനത്തെ മുൻനിറുത്തി സഭാസംബന്ധമായ ചില ധമ്മങ്ങൾ നിർവഹിക്കുന്നതിനു് അല്മായരെ ഹയരാർക്കിക്കു് നിയോഗിക്കാവുന്നതാണു്.

ആകയാൽ. ഏതുകാലത്തും ഏതു സ്ഥലത്തുമുള്ള സകല മനുഷ്യരേയും നിത്യരക്ഷയുടെ ദൈവികപരിപാടി കൂടുതൽ പൂണ്ണമായി അറിയിക്കുകയെന്ന ഉന്നതമായ ഉത്തരവാദിത്വം ഓരോ അല്മായനിലും നിക്ഷിപ്തമാണു്. തങ്ങളുടെ കഴിവും കാലത്തിൻെറ ആവശ്യവും അനുസരിച്ചു് സഭയുടെ രക്ഷാകരകൃത്യങ്ങളിൽ തീക്ഷ്ണമായി പങ്കെടുക്കുന്നതിനു് എല്ലാവിധ സൗകര്യങ്ങളും അവക്കു ചെയ്തുകൊടുക്കേണ്ടതാണു്.

(തുടരും)

---

**FOR FAVOURS RECEIVED**



Mr. D. M.

www.malankaralibrary.com



# കേരളസഭ നാളെ

നാളെ പ്രത്യക്ഷീഭവിക്കുവാനിരിക്കുന്ന മെച്ചപ്പെട്ട ഒരു കേരളസഭയെ സ്വപ്നം കണ്ടുകൊണ്ട് ഇവിടത്തെ യഥാർത്ഥസ്ഥിതിഗതികൾ പഠിച്ച്, ആവശ്യങ്ങൾ ഗ്രഹിച്ച്, പുരോഗതിയിലേക്ക് നയിക്കുന്ന പാതചൂണ്ടിക്കാണിക്കാനുള്ള ആത്മാർത്ഥമായ ഒരു ശ്രമമാണ് നിരൂപണവിഷയമായിരിക്കുന്ന ഗ്രന്ഥം. കേരളത്തിൽനിന്ന് അകലെ ജീവിക്കുന്നവരെങ്കിലും കേരളസഭയിൽനിന്ന് അകന്നുചിന്തിക്കാത്ത ഏതാനും വൈദികവിദ്യാർത്ഥികൾ (പൂനാ പേപ്പൽസെമ്മിനാരിയിലെ കേരളമക്കൾ) തങ്ങളുടെ മലയാളസമാജത്തിന്റെ ആഭിമുഖ്യത്തിൽ ശേഖരിച്ച എട്ടു പ്രബന്ധങ്ങളാണ് ഇതിന്റെ ഉള്ളടക്കം. ഇടവക, അല്മായർ വൈദികസംഘം, ആരാധനക്രമം, മതബോധനം, വളരേണ്ട ദൈവശാസ്ത്രം, പ്രേഷിതവൃത്തി, സാഹിത്യം ഇങ്ങനെ ഗൗരവമുള്ള വിഷയങ്ങളത്രേ പ്രതിവാദ്യം. പത്രമാസികകളിലൂടെ കേരളീയക്കു സുപരിചിതരായ പലരും പ്രബന്ധങ്ങൾ തയ്യാറാക്കിയവരുടെ കൂട്ടത്തിലുണ്ട്.

വിഷയം സംബന്ധിച്ച് പൊതുവിൽ ദൈവശാസ്ത്രപരമായ വിശകലനം; തുടർന്ന് കേരളസഭയുടെ ആവശ്യങ്ങളുടെ വെളിച്ചത്തിൽ പ്രായോഗികവിചിന്തനം—ഈ ക്രമത്തിലാണ പ്രബന്ധങ്ങൾ വിരചിതമായിരിക്കുന്നതു്. വിലപ്പെട്ട പല ആശയങ്ങളും പ്രായോഗികനിർദ്ദേശങ്ങളും ലേഖനകർത്താക്കൾ അനുവാചകരുടെമുമ്പിൽ നിരത്തിവയ്ക്കുന്നുണ്ട്. ഉദാഹരണത്തിന്: "വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇടവകയിലൂടെയാണ് സഭ യാഥാർത്ഥ്യമാകുന്നതു്. ക്രിസ്റ്റീയജീവിതത്തിന്റെ പ്രഥമവും പ്രധാനവുമായ സമൂഹമാണ് ഇടവക......... ഇടവകാംഗങ്ങളെ ഒരു സമൂഹമായി രൂപീകരിച്ചെടുക്കുകയാണ് ലോകത്തെവിടെയുമെന്നപോലെ കേരളത്തിലേയും ആവശ്യം" (P. 13, 21). അല്മായർ സഭയിൽ എന്നലേഖനത്തിൽനിന്നു്: "അരൂപിയിൽ പ്രബുദ്ധനായ അല്മായൻ ലോകത്തിന്റെ ദീപമാണ്. സഭ 'രാഷ്ട്രങ്ങളുടെ ഇടയിലുയർത്തപ്പെട്ട അടയാള'മാകുന്നതിന് അല്മായരുടെ ജീവിതസാക്ഷ്യം കൂടിയേതീരൂ........ അല്മായരുടെ സുവിശേഷദൗത്യം അവക്കായിവിടണം. അവരുടെ ന്യായമായ പ്രവർത്തനസരണികളും അവകാശങ്ങളും വൈദികരേറെറടുക്കുന്നതാണ് പലപ്പോഴും വൈദികവിദ്വേഷത്തിന് വഴിതെളിക്കുന്നതു് (P. 34, 35). ഇങ്ങനെ വളരെയുണ്ട് ഉദ്ധരിക്കാവുന്നവയായിട്ട്. "മതബോധനത്തിന്റെ വെല്ലുവിളി" എന്ന ലേഖനം വളരെ ശ്രദ്ധേയമാണ്. മതബോധനരംഗത്തു കേരളസഭ അടിയന്തിരമായി ശ്രദ്ധപതിക്കേണ്ട പലതും ലേഖനകർത്താവു സൂചിപ്പിക്കുന്നുണ്ട്.

വൈദികസംഘത്തെപ്പററിയുള്ള ലേഖനം ഇപ്പുസ്തകത്തിന്റെ ഗൗരവത്തിന് ഇടിവുവരുത്തുന്നെന്നും ആരാധനക്രമം സംബന്ധിച്ചുള്ളതു കുറേക്കൂടെ ലളിതമാക്കാമായിരുന്നെന്നും ചിലരെങ്കിലും അഭിപ്രായപ്പെട്ടേക്കാം.

അവസാനം ചേർത്തിരിക്കുന്ന സാങ്കേതിക പദസൂചിക വളരെ പ്രയോജനകരമാണ്. ഇന്നു സർവ്വസാധാരണമായി ഉപയോഗിച്ചുപോരുന്ന Dialogue, encounter തുടങ്ങി ഇരുപതോളം സാങ്കേതികപദങ്ങളെ ദീർഘമായി വിശദീകരിക്കുന്നുണ്ട്. മലയാളത്തിൽ സ്വീകരിച്ചിരിക്കുന്ന ചില പദങ്ങളെപ്പററി അഭിപ്രായവ്യത്യാസമുണ്ടാകാമെങ്കിലും, ഓരോ സാങ്കേതിക പദത്തിന്റേയും വിവക്ഷിതം വായനക്കാർക്ക് വെളിവാക്കികൊടുക്കാൻ ലേഖകനു കഴിഞ്ഞിട്ടുണ്ട്.

ഭാഷാപരമായ ചില നിസ്സാരതെററുകളും അഭംഗികളും ചിലിടത്തെല്ലാം പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും പൊതുവിൽ ഈ ഗ്രന്ഥം ഒരു വിജയമാണ്. ലേഖനകർത്താക്കൾക്കും സമ്പാദകന്മാർക്കും അഭിനന്ദനങ്ങൾ. ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുന്നതോടൊപ്പം പേപ്പൽസെമ്മിനാരിയിലെ മാർത്തോമ്മാ മലയാള സമാജം ഇനിയും ഇതുപോലുള്ള ഈടുററ കാഴ്ചകൾ കൈരളിക്കു കാഴ്ച വെയ്ക്കുമെന്നു പ്രതീക്ഷിക്കുന്നു.

**ജെ. എൻ. കെ.**

കൈപ്പററി

# ഫാ. വില്യം

സമ്പാദകൻ: ഫാ. ഔറേലിയസ്സ്, സി. എം. ഐ.
ഗ്രന്ഥകർത്താ: മുട്ടത്തുവർക്കി
പ്രസാധകർ: ദീപിക പബ്ലിക്കേഷൻസ് കോട്ടയം.
പേജ് 152. വില രൂപ 2.

x x x x

ജോസും ജോണിയും ഒന്നാംക്ലാസ്സിലെ സഹപാഠികൾ. ഒരിക്കൽ അവർ വഴക്കടിച്ചു. വഴക്കു മൂത്തപ്പോൾ.

ജോസ്: നീ അധികം കളിക്കണ്ട. നിന്നെ ഞാൻ എന്തു ചെയ്യുമെന്നറിയാമോ.

ജോണി: എന്തുചെയ്യും?

ജോസ്: നിന്നെ ഞാൻ എയർ കണ്ടീഷനാക്കും. മനസ്സിലാക്കിക്കോ.

www.malankaralibrary.com

# അല്മായലോകം

## അമേരിക്കൻ ഹൈറാർക്കിയും അല്മായരും

സഭയിൽ അല്മായക്കുള്ള ദൗത്യത്തേയും ഈ ദൗത്യനിർവഹണത്തിനുതകുന്ന മാർഗ്ഗങ്ങളേയും മറ്റും പററി പഠനം നടത്തുവാനായി അമേരിക്കൻ ഐക്യനാട്ടുകളിലെ മെത്രാന്മാർ 1963–ൽ നിയോഗിച്ച കമ്മററി തങ്ങളുടെ റിപ്പോർട്ടിൻെറ നക്കൽ രൂപം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അല്മായരും വൈദികന്മാരും സഭയോടൊത്ത് ഏക സമൂഹമായി ചിന്തിക്കുകയും പരസ്പരം അടുത്തറിയുകയും വിശ്വസിക്കുകയും ചെയ്യണമെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. റിപ്പോർട്ടിൻെറ ഒരു ഭാഗം ഇങ്ങനെ തുടരുന്നു: "എല്ലാ രൂപതകളിലുമുണ്ട് സഭാകാര്യങ്ങളിലും സഭാസേവനത്തിലും അതീവ താല്പര്യമുള്ള സമർത്ഥരായ അല്മായർ. ഇവരെ സഭാപ്രവർത്തനങ്ങൾക്കായി "ഉപയോഗപ്പെടുത്തുകയല്ല" വേണ്ടതു്. സഭയുടെ പ്രവർത്തനങ്ങളിൽ പങ്കുകാരും സഹപ്രവർത്തകരുമായി ഇവരെ കണക്കാക്കണം. അല്മായരുടെ പ്രവർത്തനമണ്ഡലത്തിൽപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് അവരോടാലോചിക്കണം. തങ്ങളുടെ സേവനം സുപ്രധാനമാണെന്ന ബോധം അവരിൽ ഉണ്ടാക്കണം..."

## അല്മായർ ലിററർജി കമ്മീഷനിൽ

ഇംഗ്ലണ്ടിലെ ഹൈരാക്കി പുതിയ ലിററർജി അനുസരിച്ചുള്ള സംഗീതം രചിക്കുന്നതിനായി നിയമിച്ചിട്ടുള്ള കമ്മീഷനിലെ 27 അംഗങ്ങളിൽ 15 പേരും അല്മായരാണ്.

## അല്മായരും സംഘാതഭരണവും

സൂനഹദോസിൻെറ നേട്ടങ്ങളെപ്പററി കർദ്ദിനാൾ ഹീനാൻ ഒരു പ്രസ്സ്കോൺഫ്രൻസിൽവച്ച് ഇങ്ങനെ പ്രസ്താവിച്ചു. "സാർവത്രികസഭയുടെ ഭരണത്തിൽ മാർപ്പാപ്പായ്ക്കും കർദ്ദിനാളന്മാർക്കും മാത്രമല്ല തങ്ങൾക്കും പങ്കുവേണമെന്നു മെത്രാന്മാർ വാദിച്ചു. അവരതു നേടുകയുംചെയ്തു. ഇങ്ങനെ മെത്രാന്മാർ തങ്ങളുടെ അവകാശം പറഞ്ഞു പററിയപ്പോൾ തങ്ങളുടെ രൂപതാഭരണത്തിലും ഇതേ തത്വം പരോക്ഷമായി അവർ അംഗീകരിക്കുകയായിരുന്നു. അതനുസരിച്ച് രൂപതാഭരണത്തിലും, ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ ഭാഗഭാക്കുകളെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള അല്മായർക്കും അവരർഹിക്കുന്ന പങ്ക് ഉണ്ടെന്നുവരുന്നു". അദ്ദേഹം തുടന്നു: "അല്മായരും വൈദികരുടെ പ്രവർത്തനങ്ങളിൽ സഹായിച്ചുകൊണ്ട് അവരുടെ ജോലിയുടെ ഭാരത്തിൽനിന്നു മോചിപ്പിക്കുന്നതിന് സന്നദ്ധരാകണം. അങ്ങനെ ഇപ്പോൾ കൂടുതൽ വൈദികർ ജോലി ചെയ്യുന്നിടത്ത് കുറച്ചുപേർ മതിയാകും. വൈദികരില്ലാത്ത സ്ഥലങ്ങളിലേക്ക് അവരെ അയയ്ക്കുന്നതിന് ഇതുകൊണ്ട് സാധിക്കുകയും ചെയ്യും."

## അല്മായർ പള്ളിയിൽ പ്രസംഗിക്കുന്നു

തെക്കേ അമേരിക്കയിലെ പെറു രാജ്യത്ത് അല്മായർ പള്ളിയിൽ പ്രസംഗിച്ചുവരുന്നു. ക്രിസ്തീയകുടുംബം. മാതാപിതാക്കന്മാരും മക്കളും മുതലായ വിഷയങ്ങളെ ആസ്പദമാക്കിയാണ് അവർ പ്രസംഗിക്കുന്നതു്. 'അരേക്വിപ്പാ' ഇടവക വികാരിയായ ഒരു മേരിനോൾ വൈദികനാണ് ആദ്യമായി അല്മായരെ പള്ളിയിൽ പ്രസംഗിക്കുവാൻ അനുവദിച്ചതു്. ഇവരുടെ പ്രസംഗം മററു വിശ്വാസികൾ താല്പര്യപൂർവ്വം ശ്രവിക്കുകയും മതകാര്യങ്ങളിൽ അല്മേനികളുടെ ഇടയിൽ പൊതുവേ കൂടുതൽ ഉണർവ്വ് ദൃശ്യമാവുകയും ചെയ്യുന്നുണ്ട്.

## അല്മായപ്രേഷിതരുടെ ദേശീയസമിതി

ഭോപ്പാൽ ആർച്ചുബിഷപ്പ് യൂജിൻഡിസൂസാ ഇൻഡ്യയിലെ അല്മായപ്രേഷിതരുടെ ഒരു സമ്മേളനം മദ്ധ്യപ്രദേശത്തുള്ള Pachmari എന്ന സ്ഥലത്തു വിളിച്ചുകൂട്ടുകയുണ്ടായി. ഭാരതത്തിൽ അല്മായപ്രേഷിത പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സെൻറ് വിൻസെൻ്റ് ഡി പോൾ സഖ്യം, ലീജിയൻ ഓഫ് മേരി, സോഡാലിററി, യുവജനക്രൈസ്തവതൊഴിലാളിപ്രസ്ഥാനം, അഖിലേന്ത്യാ കാത്തലിക് യൂണിവേഴ്സിററി ഫെഡറേഷൻ, കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യാ, ന്യൂമാൻ അസോസിയേഷൻ, കത്തോലിക്കാ വനി

www.malankaralibrary.com

# സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം ഇൻഡ്യയിൽ

## ബോംബേ സുപ്പീരിയർ കൗൺസിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന 1964—ലെ സ്ഥിതിവിവരക്കണക്കുകൾ

| | | |
|---|---|---|
| 1. | സെൻട്രൽ കൗൺസിലുകൾ | 11 |
| 2. | പർട്ടിക്കുലർ കൗൺസിലുകൾ | 12 |
| 3. | സു. കൗൺസിലിൻെറ കീഴിലുള്ള കോൺഫ്രൻസുകൾ | 498 |
| 4. | സംയോജിപ്പിക്കപ്പെട്ട കോൺഫ്രൻസുകൾ | 311 |
| 5. | റിപ്പോർട്ടിങ്ങ് കോൺഫ്രൻസുകൾ | 397 |
| 6. | പ്രവർത്തകാംഗങ്ങൾ | 4020 |
| 7. | സഹായകാംഗങ്ങൾ | 1950 |
| 8. | ഗുണകാംക്ഷികൾ | 23,922 |
| 9. | നടത്തിയ പ്രതിവാരയോഗങ്ങൾ | 18,789 |
| 10. | ആവറേജ് ഹാജർ | 3023 |
| 11. | പ്രതിവാരസഹായങ്ങൾ ലഭിക്കുന്ന ദത്തുകുടുംബങ്ങൾ | 6381 |
| 12. | സഹായിക്കപ്പെട്ട വ്യക്തികൾ | 22,432 |
| 13. | ദത്തുകുടുംബസന്ദർശനം | 4,07,224 |
| 14. | ആശുപത്രി സന്ദർശനം | 1,36,770 |
| 15. | ഭവനങ്ങളിൽ രോഗീസന്ദർശനം | 74,005 |
| 16. | ജയിൽ സന്ദർശനം | 498 |
| 17. | സഹായിക്കപ്പെട്ട മററു വ്യക്തികൾ | 2250 |
| 18. | സഹായിക്കപ്പെട്ട അക്രൈസ്തവർ | 1324 |
| 19. | തൊഴിൽ നല്കി സഹായം | 481 |
| 20. | വൈദ്യസഹായം ലഭിച്ചവർ | 5454 |
| 21. | വിവാഹബന്ധങ്ങൾ ക്രമപ്പെടുത്തിയതു് | 229 |
| 22. | കുടുംബകലഹങ്ങൾ പറഞ്ഞുതീർത്തതു് | 766 |
| 23. | മാനസാന്തരങ്ങൾനടത്തിയതു് | 130 |
| 24. | രഹസ്യപ്പിരിവു് | Rs. 38,311-65 P. |
| 25. | സഹായാംഗങ്ങളുടെ സംഭാവന | Rs. 10,558-21 P. |
| 26. | കോൺഫ്രൻസുകളുടെ ആകെ വരുമാനം | Rs. 5,99,487·42 P. |
| 27. | കോൺഫ്രൻസുകളുടെ ആകെ ചെലവു് | Rs. 5,83,440-41 P. |
| 28. | താല്ക്കാലികസഹായം | Rs. 9890-89 P. |

താസമാജം എന്നീ സംഘടനകളുടെ പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു.

ഇൻഡ്യയിലെ അല്മായപ്രേഷിത പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനും ഇവയെ ഭാരതത്തിലെ മതേതര (Secular) രംഗങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനും പര്യാപ്തമായ മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുകയായിരുന്നു സമ്മേളനത്തിൻെറ ഉദ്ദേശം.

ഇൻഡ്യയിലെ സാമൂഹികപ്രശ്നങ്ങൾ പരിഹരിക്കുവാൻ അല്മായപ്രേഷിതസംഘടനകൾ യോജിച്ചുപ്രവർത്തിക്കണമെന്നു യോഗം അഭിപ്രായപ്പെട്ടു. അല്മായപ്രേഷിതപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കാൻ സ്ഥിരമായ ഒരു ദേശീയസമിതി രൂപീകരിക്കണമെന്നും ഏറെത്താമസിയാതെ ഇതിൻെറ ഭരണഘടന തയ്യാറാക്കി വൈദികമേലദ്ധ്യക്ഷന്മാരുടെ അംഗീകാരം നേടണമെന്നും സമ്മേളനം തീരുമാനിച്ചു.

## പരിശുദ്ധ പിതാവിൽനിന്നു ബഹുമതിമുദ്ര

എറണാകുളം അതിരൂപതയിൽപ്പെട്ട കൊററമം സെൻറ് ജോസഫ്സ് ചർച്ച് ഇടവക കുന്നത്തോട്ടിൽ ശ്രീ ജോസഫ് കുഞ്ഞാവിരായ്ക്കു് പ. സിംഹാസനത്തിൽനിന്നും പ്രോ എക്ലേസിയാ എത്ത് പൊന്തിഫിച്ചേ എന്ന ബഹുമതി നൽകിയിരിക്കുന്നു.

www.malankaralibrary.com

# സെന്റ് വിൻസെന്റ് ഡി പോൾ സഖ്യം വാർത്തകൾ



## ഇൻഡോനേഷ്യ

ജാവായിലെ വികാരിയായ ഫാ. ബൊണെക്കാമ്പ് C. M.-ൻെറ പരിശ്രമഫലമായി ജാവാ, കെദിരി പ്രദേശങ്ങളിൽ വിൻസെൻറ് ഡിപോൾ സഖ്യാംഗങ്ങൾ ഊർജ്ജിതമായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോൺഫ്രൻസിൽ ആകെ 6 പ്രവർത്തകാംഗങ്ങൾ മാത്രമേയുള്ളവെങ്കിലും, 40 കുടുംബങ്ങളെ അവർ ദത്തെടുത്തു സഹായിച്ചുവരുന്നു. ഈ കുടുംബങ്ങളിൽ പലതും അക്രൈസ്തവരുടേതാണ്. ആസ്ത്രേലിയൻ സുപ്പീരിയർ കൗൺസിൽ അയച്ചുകൊടുത്ത വസ്ത്രങ്ങൾ ഈ സാധുകുടുംബങ്ങൾക്ക് അവർ വിതരണം ചെയ്തു.

കൂടാതെ നഗാൻഡ്യൂക്ക് ഇടവകയിൽ ഒരു ജൂണിയർ കോൺഫ്രൻസും ഫാ. ബൊണേക്കാമ്പ് C. M. ആരംഭിച്ചിട്ടുണ്ട്. രണ്ട് അദ്ധ്യാപകരുടെ നേതൃത്വത്തിൽ 22 വിദ്യാർത്ഥികൾ പ്രവർത്തകാംഗങ്ങളായി സേവനമനുഷ്ഠിക്കുന്നു. 72 കുടുംബങ്ങളെ ഈ ജൂണിയർ കോൺഫ്രൻസ് ദത്തെടുത്ത് സഹായിച്ചുകൊണ്ടിരിക്കുന്നു.

## സംസ്ഥാന സംയുക്തസമ്മേളനം ആസ്ത്രേലിയായിൽ

ആസ്ത്രേലിയായിലെ മിക്ക സംസ്ഥാനങ്ങളിലേയും സഖ്യാംഗങ്ങൾചേന്ന് മൂന്നുവർഷത്തിലൊരിക്കൽ സംയുക്തസമ്മേളനങ്ങൾ (Interstate Congresses) നടത്തിവരുന്നു. ഓരോ സംസ്ഥാനങ്ങളുടേയും തലസ്ഥാനങ്ങളിൽവെച്ചാണ് ഈ സമ്മേളനങ്ങൾ നടത്തുന്നത്. മറ്റു വിവിധ സംസ്ഥാനങ്ങളിൽനിന്നുമുള്ള സഖ്യാംഗങ്ങളുമായി പരിചയപ്പെടുന്നതിനും അവരുടെ പ്രവർത്തനരീതിയെപ്പററി പഠിക്കുന്നതിനും സഖ്യത്തിൻെറ സംഘടിതവും പരസ്നേഹസമ്പൂർണ്ണവുമായ പ്രവർത്തനങ്ങളേക്കുറിച്ച് പൊതുജനങ്ങളുടെയിടയിൽ മതിപ്പുവർദ്ധിക്കുന്നതിനും മററും ഇങ്ങനെയുള്ള സംയുക്തസമ്മേളനങ്ങൾ വളരെ ഉപകരിക്കുന്നുണ്ട്.

കഴിഞ്ഞ നവംബർ 19 മുതൽ 21 വരെ ആസ്ത്രേലിയായിലെ വിക്ടോറിയാ, ക്വീൻസ് ലാൻഡ് എന്നീ സംസ്ഥാനങ്ങളിലെ സഖ്യാംഗങ്ങളുടെ സംയുക്തസമ്മേളനങ്ങൾ നടക്കുകയുണ്ടായി. "കോൺഫ്രൻസ് പ്രവർത്തനങ്ങൾ തീക്ഷ്ണതരമാക്കുക" എന്നതായിരുന്നു സമ്മേളനത്തിൻെറ മുദ്രാവാക്യം.

## ഇൻഡ്യയിലെ ആദ്യത്തെ സെമ്മിനാരി കോൺഫ്രൻസ്

സെ. വിൻസെൻറ് ഡി പോൾ സൊസൈററിയുടെ ഒരു കോൺഫ്രൻസ് 1965 ജൂലൈ 4-ാം തിയതി ഹൈദ്രബാദിലേ സെ. ജോൺ റീജിയണൽ സെമ്മിനാരിയിൽ സ്ഥാപിതമായിരിക്കുന്നു. 10 സെമ്മിനാരിക്കാർ ഇതിൽ അംഗങ്ങളായുണ്ട്. ഇവർ സെമ്മിനാരിയുടെ പരിസരങ്ങളിൽ താമസിക്കുന്ന ദരിദ്രരുടെ ഭവനങ്ങൾ സന്ദർശിച്ച് സഹായങ്ങൾ നല്കിവരുന്നു. ഇവർ ആസ്ത്രേലിയായിലെ സെ. പാട്രിക്ക് മേജർ സെമ്മിനാരി കോൺഫ്രൻസുമായി യുഗ്മപദ്ധതിയനുസരിച്ച് (Twinning) എഴുത്തുകുത്തുകൾ നടത്തുന്നുണ്ട്. സെമ്മിനാരിയിലേ പ്രൊഫസറന്മാർ ഈ കോൺഫ്രൻസിൻെറ പ്രവർത്തനത്തിൽ അതീവ തല്പരരായി വർത്തിക്കുന്നു.

## തൃശ്ശൂർ

തൃശ്ശൂർ രൂപത സെൻറ് വിൻസെന്റ് ഡി പോൾ കേന്ദ്രകൗൺസിലിൻെറ ഒരു യോഗം 2-1-1966 ഞായറാഴ്ച ഉച്ചതിരിഞ്ഞ് തോപ്പ് സെമ്മിനാരിയിൽവച്ച് പ്രസിഡണ്ട് ശ്രീ സി. എൽ. ഇഗ്നേഷ്യസിൻെറ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. സെക്രട്ടറി ജോസ് മേനാച്ചേരി റിപ്പോർട്ട് വായിച്ചു. കഴിഞ്ഞകൊല്ലത്തെ വരവുചെലവു കണക്കുകൾ ട്രഷറർ ശ്രീ സി. കെ. ഔസേഫ് യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. തൃശ്ശൂർ രൂപതയിലെ വിവിധ കോൺഫ്രൻസുകളിൽനിന്നായി ഏകദേശം നൂറോളം പ്രവർത്തകാംഗങ്ങൾ യോഗത്തിൽ ഹാജരുണ്ടായിരുന്നു. സാധുക്കൾക്ക് പുരവച്ചുവാനായി 550 രൂപയും, വിവാഹാവശ്യത്തിലേക്ക് 50 രൂപയും നല്കുവാൻ തീരുമാനിച്ചു. കൂടാതെ നിലവിൽ ഉള്ളതായ കോൺഫ്രൻസുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻവേണ്ടി കേന്ദ്ര കൗൺസിൽ ഭാരവാഹികൾ എല്ലാ കോൺഫ്രൻസുകളും സന്ദർശിക്കുന്നതാണെന്ന് വെളിപ്പെടുത്തി. വിൻസെന്റ്

www.malankaralibrary.com

ഡി പോൾ സംഘടനയുടെ ശാഖകൾ ഇല്ലാത്ത ഇടവകകളിൽ കഴിയുന്നതും വേഗത്തിൽ ശാഖകൾ സ്ഥാപിക്കുവാൻ വേണ്ട എല്ലാ നടപടികളും യോഗത്തിൽ ചർച്ചചെയ്യുകയുണ്ടായി. യോഗാനന്തരം സഹോദരന്മാർക്ക് ധ്യാനമുണ്ടായിരുന്നു. ധ്യാനപ്രസംഗം നിർവ്വഹിച്ചത് റവ. ഫാ. ആന്റണി അന്തിക്കാടാണ്.

### അങ്കമാലി

ഇവിടേയും സമീപപ്രദേശങ്ങളിലുമുള്ള സെ. വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ 17 കോൺഫ്രൻസുകൾ ഏകോപിച്ച് ഒരു പർട്ടിക്കലർ കൗൺസിൽ രൂപീകരിച്ചിരിക്കുന്നു. അങ്കമാലി സെന്റ് ജോർജ്ജസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ കൂടിയ യോഗത്തിൽവച്ച് എറണാകുളം സെ. കൗ. പ്രസി. ശ്രീ പി. എ. കുരുവിളയാണ് ഈ പർട്ടിക്കുലർ കൗൺസിലിന്റെ ഉൽഘാടനം നിർവഹിച്ചത്.

### കൊഴുവനാൽ

പാലാ സെൻട്രൽ കൗൺസിലിൽപ്പെട്ട കൊഴുവനാൽ കോൺഫ്രൻസിന്റെ മേൽനോട്ടത്തിൽ 50 പേർക്കു താമസിക്കാവുന്ന ഒരു വൃദ്ധമന്ദിരം സ്ഥാപിച്ചു നടത്തിവരുന്നു. പ്രസ്തുത കെട്ടിടത്തിന്നു 15000-ൽപ്പരം രൂപാ ചെലവുണ്ട്. ഈ തുക കോൺഫ്രൻസ് സ്ഥലത്തെ പൊതുജനങ്ങളിൽനിന്നു പിരിച്ചെടുത്തിട്ടുള്ളതാണ്. ഈ സ്ഥാപനത്തിലെ അംഗങ്ങളുടെ അനുദിന ചെലവുകൾ നിർവഹിക്കുന്നകാര്യത്തിൽ സഖ്യാംഗങ്ങൾ വളരെ ക്ലേശിക്കുന്നുണ്ട്.

### നാഗപ്പുഴ

നാഗപ്പുഴയിലും പരിസരങ്ങളിലുമുള്ള സെ. വിൻസെന്റ് ഡി പോൾസംഖ്യം ശാഖകളുടെ ഒരു പൊതുയോഗം നാഗപ്പുഴ കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 12-ാം തീയതി സമ്മേളിക്കയുണ്ടായി. ഏഴു കോൺഫ്രൻസിനു 50 ഓളം അംഗങ്ങൾ ഇതിൽ സംബന്ധിച്ചു. ഡോ. ഏ. ഡി. മററം, സ്റ്റഡിക്ലാസ്സ് നടത്തി. പ്രസംഗമദ്ധ്യേ. വത്തിക്കാൻ സൂനഹദോസ് ഡിക്രികൾ പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, ക്രൈസ്തവസഭൈക്യത്തെക്കുറിച്ചും, കത്തോലിക്കർ ബൈബിൾ വായിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാണിക്കേണ്ട ഔത്സുക്യത്തെക്കുറിച്ചും മറ്റും അദ്ദേഹം ചൂണ്ടിക്കാണിക്കയുണ്ടായി.

ഉച്ചകഴിഞ്ഞുകൂടിയ സമ്മേളനത്തിൽ റവ. ഫാ. ലൂക്ക് ഞരളക്കാട്ട് സഖ്യാംഗങ്ങൾക്ക് ഉപദേശരൂപത്തിൽ വേണ്ട നിർദ്ദേശങ്ങൾ നല്കി.

ഇവിടത്തെ കോൺഫ്രൻസിന്റെ മേൽനോട്ടത്തിൽ ചുരുങ്ങിയവിലയ്ക്കു ബൈബിൾ വിതരണം ചെയ്തുവരുന്നു.

# അഖില കേരള സെ. വിൻസെന്റ് ഡി പോൾ സഖ്യം കൺവെൻഷൻ

ചങ്ങനാശ്ശേരി പർട്ടിക്കുലർ കൗൺസിലിന്റെ 1966-ാം ആണ്ടത്തെ ഒന്നാമത്തെ സാധാരണ യോഗത്തിൽ പാസ്സാക്കിയ പ്രമേയം താഴെ ചേർക്കുന്നു.

"അഖിലകേരളാടിസ്ഥാനത്തിൽ ഒരു വിൻസെൻഷ്യൻ കൺവെൻഷൻ വിളിച്ചുകൂട്ടുന്നതിന് സെൻട്രൽ കൗൺസിലിനോട്ട് അഭ്യർത്ഥിക്കുന്നു. ഇപ്രകാരം ഒരു കൺവെൻഷൻ നടത്തുന്നത് വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ കൂടുതൽ ചൈതന്യപൂർണ്ണമാക്കുന്നതിനും മററും ഉപകരിക്കുമെന്നു ഈ യോഗം വിശ്വസിക്കുന്നു. ഈ മദ്ധ്യവേനൽ അവധിക്കാലത്തുതന്നെ കൺവെൻഷൻ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നു സെൻട്രൽ കൗൺസിലിനോട്ട് അഭ്യർത്ഥിക്കുന്നു."

ഈ പ്രമേയത്തിലെ ആശയത്തോട്ട് സെൻട്രൽ കൗൺസിൽ യോജിക്കുന്നു. കേരളത്തിലെ ഇതര സെൻട്രൽ കൗൺസിലുകളുടെ അഭിപ്രായം അറിഞ്ഞതിനുശേഷമേ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സാദ്ധ്യമാകയുള്ളല്ലോ. ഈ കാര്യം സംബന്ധിച്ച് സെൻട്രൽ കൗൺസിലുകളുടെ അഭിപ്രായം മാർച്ച് ലക്കം അല്മായപ്രേഷിതർവഴി പ്രകാശിപ്പിക്കുവാൻ സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഭൂരിപക്ഷം കൗൺസിലുകളും കൺവെൻഷനു് അനുകൂലമാണെങ്കിൽ ഒരു മദ്ധ്യസ്ഥാനമായ എറണാകുളത്തുവച്ചോ, അല്ലെങ്കിൽ തൃശ്ശൂർ, ചങ്ങനാശ്ശേരി, പാലാ എന്നിങ്ങനെ ഏതെങ്കിലുംസ്ഥലത്തുവച്ചോ വരുന്ന മേയ്മാസത്തിൽ അതു് നടത്താവുന്നതാണ്. കൺവെൻഷൻ നടത്തിപ്പിനെപ്പററിയുള്ള വിശദാംശങ്ങൾ പിന്നീട്ട് തീർച്ചപ്പെടുത്താവുന്നതാണ്.

പി. ജെ. സെബാസ്റ്റ്യൻ,
മെമ്പർ. സുപ്പീരിയർ കൗൺസിൽ.

www.malankaralibrary.com

# ലീജിയൻ വാർത്തകൾ

## ഡബ്ലിൻ

ലീജിയൻ കേന്ദ്രകൺസീലിയത്തിന്റെ 482-ാം സമ്മേളനം, ഡബ്ലിൻ നഗരത്തിൽ സ്ഥിതിചെയ്യുന്ന ലീജിയൻ ഹെഡ് ക്വാർട്ടേഴ്സിൽവച്ച് നടത്തപ്പെടുകയുണ്ടായി. ലീജിയൻ എൻവോയ് എന്ന നിലയിൽ ദീർഘകാലം ആഫ്രിക്കയിൽ സേവനമനുഷ്ഠിച്ച സി. എഡൽ ക്വിന്നിനെക്കുറിച്ച് വെ. റവ. ഫാ. മൊനിഹാൻ ഒ. പി. എഴുതിയിട്ടുള്ള ജീവചരിത്രം എല്ലാ സെനാത്തൂസുകളും കൂരിയാകളും പ്രസീദിയങ്ങളും വാങ്ങിക്കണമെന്നും പ്രചരിപ്പിക്കണമെന്നും അങ്ങനെ എഡൽ ക്വിന്നിന്റെ നാമകരണ നടപടികൾക്ക് പ്രോത്സാഹനവും പിന്തുണയും നല്കണമെന്നും കൺസീലിയം തദവസരത്തിൽ പ്രത്യേകം ശുപാർശ ചെയ്യുകയുണ്ടായി.

ലീജിയൻ ഹാൻഡ്ബുക്കിന്റെ പുതിയ ഇംഗ്ലീഷ് പതിപ്പ് ഡബ്ലിൻ കേന്ദ്രസമിതി തയ്യാറാക്കിയിരിക്കുന്ന വിവരവും കൺസീലിയം വെളിപ്പെടുത്തി. 1965 നവംബർ 11-ാം തീയതിയായിരുന്നു കൺസീലിയം സമ്മേളനം.

## കൊളംബോ മെത്രാൻ ലീജിയൻ കേന്ദ്ര ഓഫീസിൽ

കൊളംബോ സഹായമെത്രാൻ ഡോക്ടർ മാർക്കസ് ഫെർണാഡോ ലീജിയൻ ഹെഡ് ക്വാർട്ടേഴ്സ് സന്ദർശിച്ചിരുന്നു. ഹൃദ്യമായ ഒരു സ്വീകരണമാണ് തിരുമേനിക്കു നല്കപ്പെട്ടത്. അദ്ദേഹം തന്റെ പ്രസംഗത്തിൽ അയർലണ്ടും ലീജിയൻ തലസ്ഥാനവും സന്ദർശിക്കുവാൻ അത്യധികം ആഗ്രഹിച്ചിരുന്നുവെന്നും, ലീജിയൻ സ്ഥാപകനായ ബ്ര. ഫ്രാങ്ക് ഡഫിനെ റോമിൽവച്ചുകണ്ടപ്പോൾ ഇക്കാര്യം താൻ സൂചിപ്പിക്കയുണ്ടായെന്നും പറഞ്ഞു.

അയർലണ്ടിൽനിന്നുള്ള മിഷ്യനറിമാർ സിലോണിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും ചെയ്തുവരുന്ന നിസ്തുലസേവനങ്ങളെ തിരുമേനി പ്രകീർത്തിച്ചു. അയർലണ്ടിൽ ഉത്ഭവിച്ച ഒരു അല്മായപ്രേഷിത സംഘടനയായ ലീജിയൻ സിലോണിലും ഇതര ഏഷ്യൻ രാജ്യങ്ങളിലും അത്ഭുതാവഹമായ ആത്മീയഫലങ്ങൾ ഉളവാക്കുമാറ് ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു. വലിയ ആഫീസുകളോ മന്ദിരങ്ങളോ സെക്രട്ടറിയേറ്റുകളോ കൂടാതെ തന്നെ ലീജിയൻപ്രവർത്തകർക്ക് കത്തോലിക്കാസഭയുടെ വളർച്ചയിലും പുരോഗതിയിലും വളരെയേറെ സ്വാധീനംചെലുത്തുവാൻ സാധിച്ചിട്ടുണ്ടെന്നും തിരുമേനി ചൂണ്ടിക്കാണിച്ചു. എത്ര അധികംചെയ്തു എന്നതിനേക്കാൾ എത്ര ഭംഗിയായും കാര്യക്ഷമമായും അതു നിർവ്വഹിച്ചു എന്ന കാര്യത്തിൽ ലീജിയൻ നിലനിറുത്തിപ്പോരുന്ന മാനദണ്ഡം തുടർന്നും പാലിക്കപ്പെടണമെന്നും, പരിശുദ്ധാരൂപിയുടെ അനുഗ്രഹാശിസ്സുകൾ ലീജിയൻ പ്രവർത്തകർ എല്ലാവരുടേയുംമേൽ ധാരാളം ഉണ്ടാകട്ടെയെന്നും അദ്ദേഹം ആശംസിക്കയുംചെയ്തു.

## വത്തിക്കാൻ സൂനഹദോസിനുശേഷം ലീജിയൻ എങ്ങനെ പ്രവർത്തിക്കണം

ഡബ്ലിൻ കേന്ദ്രകൺസീലിയം സമ്മേളനത്തിൽ, വത്തിക്കാൻ സൂനഹദോസിനുശേഷം ലീജിയൻ എങ്ങനെ പ്രവർത്തിക്കണമെന്ന കാര്യവും പരാമർശിക്കയുണ്ടായി:

സഭ സാരാംശത്തിൽ ഇന്നും നാളെയും ഒന്നുതന്നെ. എന്നാൽ ആധുനികലോകത്തിന്റെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് തിരുസ്സഭ തയ്യാറാവണം. അതിന് ആവശ്യകമായവ എന്തെല്ലാമെന്ന് സൂനഹദോസ് തീരുമാനിക്കുകയാണ്. അങ്ങനെ നവീകരിക്കപ്പെടേണ്ട ഒരു സഭയിലാണ് ലീജിയന് പ്രവർത്തിക്കാനുള്ളത്. സൂനഹദോസിന്റെ തീരുമാനങ്ങൾ മനസ്സിലാക്കി അവയ്ക്കനുസരണം ഓരോ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും പ്രവർത്തിക്കുവാനുള്ള ചുമതലയാണ് ഓരോ ലീജിയനറിയുടെമേലും വന്നുഭവിച്ചിരിക്കുന്നത്.

ലീജിയന്റെ പല തത്വങ്ങളും പ്രവർത്തനരീതികളും സഭയുടെ പഠനങ്ങൾക്ക് അനുയോജ്യമല്ല എന്ന് ആദ്യകാലത്ത് ചിലർ പറഞ്ഞിരുന്നു. എന്നാൽ, വത്തിക്കാൻ സൂനഹദോസിലെ പല ഡിക്രികളും തീരുമാനങ്ങളും ലീജിയൻ അംഗീകരിച്ച പല പ്രവർത്തനപദ്ധതികളുടേയും തത്വങ്ങളുടേയും അംഗീകരണമാണെന്നതിൽ നമുക്കഭിമാനിക്കാം.

## മി. കോസ് ഗ്രേവ് നിര്യാതനായി

ലീജിയന്റെ ഒരു ലൗറേറ്റ് അംഗമായിരുന്ന മി. കോസ് ഗ്രേവ് നിര്യാതനായിരിക്കുന്നു. ലീജിയന്റെ ആരംഭംമുതൽ ഈ സംഘടനയുടെ വളർച്ചയ്ക്കും പ്രചാരണത്തിനുംവേണ്ടി നിസ്തുലസേവനങ്ങൾ ചെയ്തിട്ടുള്ള ഒരാളാണ് മി. കോസ്ഗ്രേവ്.

അല്മായപ്രേഷിതർ

www.malankaralibrary.com

## ഗോവ

ഗോവയിൽ ഇപ്പോൾ 9 ക്കുരിയാകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. ബോംബേ സെനാത്തുസിൻെറ കീഴിലാണ് ഈ ക്കുരിയാകൾ പ്രവർത്തിക്കുന്നതു്. സെനാത്തുസിലേ 10 അംഗങ്ങൾ കഴിഞ്ഞമാസത്തിൽ ലീജിയൻ പ്രചാരണത്തിനായി ഗോവയിലെത്തുകയുണ്ടായി. ലീജിയൻെറ ആഭിമുഖ്യത്തിൽ കഴിഞ്ഞ നവംബർ 22 മുതൽ 26 വരെ അകത്തോലിക്കരെ ഉദ്ദേശിച്ചു് ഒരു പ്രസംഗപരമ്പര നടത്തപ്പെട്ടു.

## ഞാറയ്ക്കൽ

ഞാറയ്ക്കൽ ക്കുരിയായുടെ കീഴിലുള്ള ലീജിയൻ പ്രസീദിയങ്ങളുടെ പൊതു വാർഷികസമ്മേളനം 1966 ജനു. 16-ാം തീയതി ഞാറയ്ക്കൽ സെ. മേരീസ് പള്ളിവക ഹാളിൽവച്ചു നടത്തപ്പെട്ടു. ഞാറയ്ക്കൽ, നായരമ്പലം, കുഴുപ്പിള്ളി, നെട്ടൂർ മുതലായ സ്ഥലങ്ങളിൽനിന്നു് ലീജിയനംഗങ്ങളും ഒട്ടേറെ ലീജിയൻ അനുഭാവികളും ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു.

എറണാകുളം അതിരൂപതാ കമ്മീസിയത്തിൻെറ വൈസ് പ്രസിഡൻ്റ് സി. ഏലിക്കുട്ടി ചൂളയ്ക്കൽ യോഗത്തിൽ അദ്ധ്യക്ഷംവഹിച്ചു. സി. മറിയക്കുട്ടി വാളൂരാൻ സദസ്യർക്കു സ്വാഗതമരുളി. തുടർന്നു ജൂണിയറും സീനിയറുമായ ലീജിയനംഗങ്ങളുടെ പ്രസംഗങ്ങളും കലാപരിപാടികളുമുണ്ടായിരുന്നു.

അദ്ധ്യക്ഷപ്രസംഗത്തിൽ സി. ബ്രിജിറ്റ് പോൾ മാമ്പിള്ളിയുടെ ആറുകൊല്ലത്തെ നേതൃത്വത്തിൽ ഞാറയ്ക്കൽ ക്കുരിയായ്ക്കു കൈവന്ന പുരോഗതിയെപ്പററി പ്രത്യേകം പരാമർശിക്കപ്പെട്ടു. വത്തിക്കാൻ കൗൺസിലിൻ്റെ വെളിച്ചത്തിൽ നവചൈതന്യം പേറിക്കൊണ്ടു് ലീജിയനംഗങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ചു് അദ്ധ്യക്ഷ ഊന്നിപ്പറഞ്ഞു. ലീജിയൻ്റെ ആദ്ധ്യാത്മിക നിയന്താവു് ബ. തളിയത്ത് ജോസഫ് അച്ചൻ എല്ലാവർക്കും ആശീർവ്വാദം നല്കി. അദ്ദേഹത്തിൻെറ വകയായി കലാപരിപാടികൾ അവതരിപ്പിച്ച കുഞ്ഞുബാലികാബാലന്മാർക്കു് സമ്മാനദാനവുമുണ്ടായിരുന്നു.

## അതിരമ്പുഴ

അതിരമ്പുഴ ക്കുരിയായുടെ കീഴിലുള്ള പ്രസീദിയങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ 1966 ജനുവരി 14-ാം തീയതി റവ. ഫാ. തോമസ് കറുകക്കളം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. ക്കുരിയാ പ്രസിഡൻ്റ് എൻ. ററി. സെബാസ്റ്റ്യൻ ഏവർക്കും സ്വാഗതംപറഞ്ഞു. സെനാത്തുസ് സെക്രട്ടറി ബ്ര. എം. ഒ. ജോസഫ് പ്രസംഗിച്ചു. "അല്മായപ്രേഷിതർ" മാസികയുടെ ആവിർഭാവം ലീജ്യനറിമാർക്കു് നവജീവൻ നല്കുവാൻ ഉപകരിക്കുമെന്നും, എല്ലാവരും അതു് പ്രചരിപ്പിക്കണമെന്നും പ്രസംഗകൻ പ്രസ്താവിച്ചു. യോഗത്തോടനുബന്ധിച്ചു് ഏകാങ്കവും, അതിനുശേഷം ചായസല്ക്കാരവും ഉണ്ടായിരുന്നു.

## ശ്രീ അല്മായനും ശ്രീമതിയും

**— ജററു് —**

ശ്രീ: എൻെറ ശ്രീമതി, ഇന്നു് എൻെറ ദേഹത്തു് കണ്ണായഭാഗത്തു് ഭയങ്കരവേദന തോന്നുന്നു.

ശ്രീമതി: അയ്യോ, എന്തുപററി. എവിടെയാവേദന. ചങ്കിലാണോ, കരളിലാണോ നിങ്ങളൊന്നും പറയുല്ലല്ലൊ. നിങ്ങൾക്കു് വല്ല സ്തംഭനോം വന്നാപ്പിന്നെ ഞങ്ങക്കാരാ.

ശ്രീ. എൻെറ ശ്രീമതി, പേടിക്കേണ്ട. എൻെറ ദേഹത്തു് കണ്ണായഭാഗത്താണെന്നേ വേദന.

ശ്രീമതി: എവിടെയാണെന്നേ പറയൂ. ഒരു ഡോക്ടറെ കൊണ്ടുവരട്ടെ. അവിടെ കേറികെടക്കു്.

ശ്രീ: എൻെറ ശ്രീമതി, നീ ഇത്ര മണ്ടിയാണോ ശരീരത്തിൻെറ കണ്ണായഭാഗം ഏതാ.

ശ്രീമതി: ഏതാ, നിങ്ങളുപറ

ശ്രീ: കണ്ണു്, എൻെറ കണ്ണിൽ ഒരു ഈച്ചപോയെന്നു് കേട്ടോ. വേദന ഉണ്ടാകാതിരിക്കുമോ.

ശ്രീമതി: നിങ്ങളു് ചുമ്മാ എന്നെ പേടിപ്പിക്കാൻ. നേരെ അങ്ങു് കാര്യം പറഞ്ഞാൽ മതിയായിരുന്നല്ലോ. നിങ്ങൾക്കു് വല്ല സ്തംഭനോം ആണെന്നോർത്തു് എനിക്കപ്പോൾ ഒരു സ്തംഭനം തോന്നി.

ശ്രീ: അയ്യോ, എന്തു് എൻെറ ശ്രീമതിക്കു് ഹൃദയസ്തംഭനമോ, ദൈവമേ നിത്യസഹായമാതാവേ ചതിച്ചോ, ഹൃദയസ്തംഭനക്കാര് അനങ്ങരുതു്. വേഗം കയറിക്കിടക്കു്. ഞാൻ ഡോക്ടറെ വിളിക്കാം.

ശ്രീമതി: അമ്പേ, നിങ്ങളിത്രമണ്ടനാണോ. സ്തംഭനം എന്നുവെച്ചാൽ എന്താ.

ശ്രീ: എന്താ നീ തന്നെ പറ.

ശ്രീമതി: ഹൃദയസ്തംഭനമെന്നൊന്നും ഞാൻ പറഞ്ഞില്ലല്ലോ. സ്തംഭിച്ചുപോയെന്നുപറഞ്ഞാൽ മരവിച്ചു പോയെന്നോ, നിങ്ങളുടെ സുഖക്കേടുവാർത്തകേട്ടു് ഞെട്ടി അനങ്ങാൻ മേലാതായിപ്പോയെന്നോ ഒക്കെയേ ഞാൻ അർത്ഥമാക്കിയൊള്ളു.

ശ്രീ: എൻ്റെ ശ്രീമതി എനിക്കൊത്ത പെമ്പിളതന്നെ.

www.malankaralibrary.com

ALMAYA PRESHITHAR, ERNAKULAM-2, S. INDIA

Reg. No. February 1966 Phone 3654

**With the Best Compliments of**

# R. RAMALINGAIER

## PAPER - BOARDS

**BROADWAY, ERNAKULAM (KERALA)**

Phone: Office: 111 - 111 A Grams: CADALAS

Residence: 1062 Post Box No. 25

PHONE: 3352

# ARUJA & CO.

ELECTROPLATERS

PACHALAM - ERNAKULAM-2

## വിൻസെൻഷ്യൻ ബ്യൂറോ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| 1. | Syro-Malabar Clergy | (T. Puthiakunnel) | 10 – 00 |
| 2. | വിൻസെൻഷ്യൻ ചൈതന്യം | (റവ്. പുതിയകുന്നേൽ) | 1 – 75 |
| 3. | സിറോ മലബാർ റീത്തും പുനരുദ്ധരിക്കപ്പെട്ട കർബാനയും | (ഡോ. ഏ. ഡി. മററം) | 2 – 00 |
| 4. | മരിയശാസ്ത്രം | (റവ് പുതിയകുന്നേൽ) | 2 – 00 |
| 5. | ശാന്തിനികേതനത്തിലേക്ക് അഥവാ 19 നല്ല കഥകൾ | (ഡോ. ഏ. ഡി. മററം) | 1 – 75 |
| 6. | വി. ഇഗ്നേഷ്യസിന്റെ ധ്യാനക്രമം | (ജി. കണ്ടത്തിൽ എസ് ജെ.) | 1 – 75 |
| 7. | പൂനിലാവ്—സി. അൽഫോൻസാ | (പള്ളിപ്പാടൻ) | 0 – 50 |
| 8. | പ്രഭാതജപവും രാത്രിജപവും | (ഡോ. ഏ. ഡി. മററം) | 0 – 30 |
| 9. | ഹൃദയത്തുടിപ്പുകൾ | (ജെ. പിച്ചനാട്ട്) | 0 – 30 |
| 10. | ആരാധകൻ | (ഫാ. പവ്വത്തിൽ) | 0 – 25 |
| 11. | അജ്ഞാതപുഷ്പം—സി. എവുപ്രാസിയ | (ഫാ. തുരുത്തിക്കാട്ട്) | 0 – 80 |

ആവശ്യപ്പെടുക:— വിൻസെൻഷ്യൻ ബ്യൂറോ
എറണാകുളം-2

Printed and Published by Rev. Bro. Joseph Naduvileparambil at the De Paul Press, for the Director, Vincentian Publishing Bureau, Ernakulam-2.
Managing Editor: Dr. Thomas Puthiakunnel.